# UNIVERSITY OF KERALA

**FIRST DEGREE PROGRAMME IN MALAYALAM**

**Under the Choice Based Credit and Semester (CBCS) System**
**for the Academic Year**

## 2018 Admission onwards

**പ്രോഗ്രാം – മലയാളം: ഭാഷയും സംസ്കാരവും സാഹിത്യവും**

**(Programme – Malayalam: Language, Culture and Literature)**

**സിലബസ് തയ്യാറാക്കിയ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ**

ഡോ. ആർ. എസ്. രാജീവ് (ചെയർമാൻ)

ഡോ. ജി. പദ്മറാവു

ഡോ. ബി. വി. ശശികുമാർ

ഡോ. പി. പത്മകുമാർ

ഡോ. എം. എസ്. സുചിത്ര

ഡോ.എൽ. അലക്സ്

ഡോ. എസ്. രാജേശ്വരി അമ്മ

ഡോ. ജോസ്. കെ. മാനുവൽ

ഡോ. ആർ. ബി. ശ്രീകല

# First Degree Programme in Malayalam under the Choice Based Credit and Semester (CBCS) System

## പ്രോഗ്രാം: മലയാളം : ഭാഷയും സംസ്കാരവും സാഹിത്യവും

## (Programme - Malayalam: Language, Culture and Literature)

## Course Structure for First Degree Programme in Malayalam

| Semester No. | Course Code | Course Title | Instructional hours/weeks | | | Credit/ Course | Page No |
|---|---|---|---|---|---|---|---|
| | | | L | T | P | C | |
| I | EN 1111 | Language Course I (English I) | 5 | - | - | 4 | |
| | ML 1111.1 | Lang. Course II (Addl. Lang. I) - മലയാളകവിത (കാവ്യമാലിക) | 4 | - | - | 3 | 8 |
| | EN 1121 | Foundation Course - 1 | 4 | - | - | 2 | |
| | ML 1141 | Core Course-1 - നോവൽ: ചരിത്രവും പാഠവും | 6 | - | - | 4 | 10 |
| | ML 1131.1 | Compl. Course 1 - കേരളസംസ്കാരം ഭാഗം - 1 | 3 | - | - | 2 | 13 |
| | SK 1131.2 | Compl. Course - II - സംസ്കൃതം - 1 | 3 | - | - | 2 | |
| | | ആകെ | 25 | | | 17 | |
| II | EN 1211 | Lang. Course-III (English II) | 5 | - | - | 4 | |
| | EN 1212 | Lang. Course IV (English III) | 4 | - | - | 3 | |
| | ML 1211.1 | Lang. Course V (Addl. lang. II) - ഗദ്യസാഹിത്യം (ഗദ്യമാലിക) | 4 | - | - | 3 | 16 |
| | ML 1241 | Core Course II - നാടകം: ചരിത്രം, പാഠം, പ്രയോഗം | 6 | - | - | 4 | 18 |
| | ML 1231.1 | Compl. Course III - കേരളസംസ്കാരം ഭാഗം - 2 | 3 | - | - | 3 | 22 |
| | SK 1231.2 | Compl. Course IV - സംസ്കൃതം - 2 | 3 | - | - | 3 | |
| | | ആകെ | 25 | | | 20 | |
| III | EN 1311 | Lang. Course VI (English IV) | 5 | - | - | 4 | |
| | ML 1311.1 | Lang. Course VII (Addl. Lang. III) - ദൃശ്യകലാസാഹിത്യം (ദൃശ്യഭാരതി) | 5 | - | - | 4 | 24 |
| | ML 1321 | Foundation Course - II (Informatics)- ആധുനിക സാങ്കേതികവിദ്യയും മലയാളഭാഷാപഠനവും | 4 | - | - | 3 | 25 |
| | ML 1341 | Core Course III - സാഹിത്യ സിദ്ധാന്തങ്ങൾ: പൗരസ്ത്യവും പാശ്ചാത്യവും | 5 | - | - | 4 | 28 |
| | ML 1331 | Compl. Course V - പരിസ്ഥിതി: സിദ്ധാന്തവും ആവിഷ്കാരവും | 3 | - | - | 3 | 31 |
| | SK 1331.2 | Compl. Course VI - സംസ്കൃതം - 3 | 3 | - | - | 3 | |
| | | ആകെ | 25 | | | 21 | |

| Semester No. | Course Code | Course Title | Instructional hours/weeks | | | Credit/ Course | Page No |
|---|---|---|---|---|---|---|---|
| | | | L | T | P | C | |
| | EN 1411 | Lang. Course - VIII (English V) | 5 | - | - | 4 | |
| | ML 1411.1 | Lang. Course IX (Addl. Lang. IV) ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം | 5 | - | - | 4 | 34 |
| 1V | ML 1441 | Core Course - IV- മലയാള കവിത പൂർവ്വഘട്ടം (ഉദയഭാരതി) | 5 | - | - | 4 | 36 |
| | ML-1442 | Core Course-V- മലയാളസാഹിത്യനിരൂപണം | 4 | - | - | 3 | 39 |
| | ML-1431 | Compl. Course VII - ദലിതെഴുത്ത്, പെണ്ണെഴുത്ത്: സിദ്ധാന്തവും ആവിഷ്കാരവും | 3 | - | - | 3 | 42 |
| | SK 1431.2 | Compl. Course VIII - സംസ്കൃതം - 4 | 3 | - | - | 3 | |
| | | **ആകെ** | **25** | | | **21** | |
| | ML1541 | Core Course VI - ഭാഷാശാസ്ത്രം, ഭാഷാചരിത്രം | 4 | - | - | 4 | 46 |
| | ML 1542 | Core Course VII - ചെറുകഥാപഠനം | 4 | - | - | 4 | 49 |
| | ML 1543 | Core Course VIII - വിവർത്തനം: സിദ്ധാന്തവും പ്രയോഗവും | 3 | - | - | 2 | 52 |
| V | ML 1544 | Core Course IX - ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം | 4 | - | - | 4 | 54 |
| | ML 1545 | Core Course X - തിരക്കഥയും സിനിമയും | 4 | - | - | 4 | 56 |
| | | **Open Course -1** | | | | | |
| | ML 1551.1 | കേരളീയകലകൾ/ | | | | | 60 |
| | ML 1551.2 | തിരക്കഥാരചന: തത്ത്വവും പ്രയോഗവും/ | | | | | 63 |
| | ML 1551.3 | മലയാള പത്രപ്രവർത്തനം | | | | | 65 |
| | ML 1551.4 | ചലച്ചിത്രപഠനം. | 3 | - | - | 2 | 67 |
| | | Project/Dissertation | 3 | - | - | - | |
| | | **ആകെ** | **25** | | | **21** | |
| | ML 1641 | Core Course XI - മാധ്യമലോകം | 5 | - | - | 4 | 71 |
| | ML 1642 | Core Course XII - മലയാളവ്യാകരണം | 5 | - | - | 4 | 74 |
| VI | ML 1643 | Core Course XIII - മലയാളകവിത - ഉത്തരഘട്ടം | 5 | - | - | 4 | 76 |
| | ML 1644 | Core Course XIV - നാടോടി വിജ്ഞാനീയം | 4 | - | - | 3 | 79 |

| Semester No. | Course Code | Course Title | Instructional hours/weeks | | | Credit/ Course | Page No |
|---|---|---|---|---|---|---|---|
| | | | L | T | P | C | |
| | | **Open Course II (Elective)** | | | | | |
| | ML 1651.1 | താരതമ്യ സാഹിത്യം/ | | | | | 82 |
| | ML 1651.2 | ഭാഷാസാഹിത്യസംവാദങ്ങൾ/ | | | | | 83 |
| VI | ML 1651.3 | കേരളീയ കലകൾ/ | | | | | 86 |
| | ML 1651.4 | തിരക്കഥാ രചന: തത്ത്വവും പ്രയോഗവും/ | | | | | 89 |
| | ML 1651.5 | മലയാളപത്രപ്രവർത്തനം | 3 | - | - | 2 | 91 |
| | ML 1645 | Project/Dissertation | 3 | - | - | 4 | |
| | | ആകെ | **25** | | | **21** | |

## Summary

| | | | | | | |
|---|---|---|---|---|---|---|
| 1. | Language Course (English) | - | 5 | - | 24 hrs | 19 credits |
| 2. | Additional Language | - | 4 | - | 18 hrs | 14 credits |
| 3. | Foundation courses | - | 2 | - | 8 hrs | 5 credits |
| 4. | Complimentary courses | - | 8 | - | 24 hrs | 22 credits |
| 5. | Core courses | - | 13 | - | 64 hrs | 52 credits |
| 6. | Open course/ Elective | - | 2 | - | 6 hrs | 4 credits |
| 7. | Project | - | 1 | - | 6 hrs | 4 credits |
| | **Total:** | | **35 courses** | | **150 hrs** | **120 credits** |

### എഴുത്തു പരീക്ഷയുടെ ചോദ്യമാതൃക

**സമയം: 3 മണിക്കൂർ** **ആകെ മാർക്ക്: 80**

1. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതാനുള്ള പത്തു ചോദ്യം. എല്ലാ ചോദ്യത്തിനും ഉത്തരം എഴുതണം. ഓരോന്നിനും ഒരു മാർക്ക് വീതം.
   **(10 x 1 = 10)**
2. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതാനുള്ള 12 ചോദ്യം. എട്ടു ചോദ്യത്തിന് ഉത്തരം എഴുതണം. ഓരോന്നിനും രണ്ടു മാർക്ക് വീതം.
   **(8 x 2 = 16)**
3. 120 വാക്കിൽ കവിയാതെ ഉത്തരം എഴുതാൻ 9 ചോദ്യം. 6 ചോദ്യത്തിന് ഉത്തരം എഴുതണം. ഓരോന്നിനും 4 മാർക്ക് വീതം
   **(6 x 4 = 24)**
4. മൂന്നു പുറത്തിൽ ഉത്തരം എഴുതാനുള്ള ഉപന്യാസമാതൃകയിലുള്ള ചോദ്യം 4. ഉത്തരം എഴുതേണ്ടത് രണ്ടെണ്ണത്തിന്. പതിനഞ്ച് മാർക്ക് വീതം.
   **(2 x 15 = 30)**

**ആകെ - 80 മാർക്ക്**

**ഇന്റേണൽ :**

| | | | |
|---|---|---|---|
| 1. | ഹാജർ | : | 5 മാർക്ക് |
| 2. | ടെസ്റ്റ് പേപ്പർ | : | 10 മാർക്ക് |
| 3. | അസൈൻമെന്റ് / സെമിനാർ | : | 5 മാർക്ക് |
| | **ആകെ** | : | **20 മാർക്ക്** |

## പ്രോജക്ട് /ഡിസ്സർട്ടേഷൻ

മലയാളം: ഭാഷയും സാഹിത്യവും സംസ്കാരവും എന്ന പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾ ഒരു പ്രോജക്ട്/ഡിസ്സർട്ടേഷൻ പൂർത്തിയാക്കേണ്ടതാണ്. അതിന്റെ പഠന പ്രവർത്തനങ്ങൾ V-ാം സെമസ്റ്ററിൽ തുടങ്ങുകയും VI-ാം സെമസ്റ്ററിൽ പൂർത്തിയാക്കുകയും വേണം. VI-ാം സെമസ്റ്റർ അവസാനിക്കുന്നതിനു മുമ്പ് പ്രോജക്ട് ഡിസ്സർട്ടേഷൻ റിപ്പോർട്ടിന്റെ ഡി.റ്റി.പി ചെയ്ത രണ്ടു കോപ്പി ഡിപ്പാർട്ട്മെന്റിൽ സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടിന് A4 പേപ്പറിൽ 30 മുതൽ 40 വരെ പേജുകൾ ഉണ്ടാവണം. മാർഗ്ഗനിർദ്ദേശകനായ അദ്ധ്യാപകൻ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുകയും വേണം.

പ്രോജക്ട് ഡിസ്സർട്ടേഷന്റെ മാർഗ്ഗനിർദ്ദേശകൻ എന്ന നിലയ്ക്ക് 15ൽ അധികമാവാത്ത വിദ്യാർത്ഥികളുടെ ചുമതല ഓരോ അദ്ധ്യാപകനിൽ നിക്ഷിപ്തമായിരിക്കും.

പ്രോജക്ട്/ഡിസ്സർട്ടേഷൻ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് ഒറ്റക്കോ ഗ്രൂപ്പുകളായോ നടത്തി റിപ്പോർട്ട് സമർപ്പിക്കാം. ഒരു ഗ്രൂപ്പ് ഒരു റിപ്പോർട്ട് സമർപ്പിച്ചാൽ മതിയാകും. എന്നാൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വൈവാവോസിയിൽ വിദ്യാർത്ഥികൾ ഓരോരുത്തരും പങ്കെടുക്കണം. ഒരു ഗ്രൂപ്പിലുള്ള ഓരോ വിദ്യാർത്ഥിയും പഠനപ്രവർത്തനങ്ങളിൽ തുല്യപങ്കാളികളായിരിക്കും.

പ്രോജക്ട്/ഡിസ്സർട്ടേഷന്റെ പഠനമേഖല വിദ്യാർത്ഥികളും മാർഗ്ഗനിർദ്ദേശകനായ അദ്ധ്യാപകനും ചേർന്ന് കണ്ടെത്തണം. ഭാഷ, സംസ്കാരം, സമൂഹം സാഹിത്യം, കലകൾ, മാധ്യമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മേഖലകളാകണം തെരഞ്ഞെടുക്കേണ്ടത്. റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുമ്പ് വ്യക്തമായ ഒരു സിനോപ്സിസ് വിദ്യാർത്ഥി/ഗ്രൂപ്പ് സമർപ്പിച്ചിരിക്കണം.

റിപ്പോർട്ടിന് നിശ്ചിതമായ ഒരു ഘടന ഉണ്ടായിരിക്കണം. വ്യക്തമായ ആമുഖം, ഉള്ളടക്കത്തിന്റെ സ്വഭാവം അനുസരിച്ചു വേർതിരിയുന്ന ഭാഗങ്ങൾ/അദ്ധ്യായങ്ങൾ, കണ്ടെത്തലുകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഉപദർശനങ്ങൾ, അടിക്കുറിപ്പുകൾ, ഗ്രന്ഥസൂചി എന്നീ ഘടകങ്ങൾ ചേർന്നതായിരിക്കണം റിപ്പോർട്ട്.

സർവ്വകലാശാല നിയമിക്കുന്ന രണ്ടു പരിശോധകരുടെ ഒരു ബോർഡ് ആയിരിക്കും റിപ്പോർട്ട് മൂല്യനിർണ്ണയം നടത്തുന്നത്. ഇതിന്റെ ഭാഗമായി വൈവാവോസി ഉണ്ടായിരിക്കും. എന്നാൽ കണ്ടിന്യൂവസ്സ് ഇവാല്യൂവേഷൻ ഉണ്ടായിരിക്കില്ല.

## Course Structure of Additional Language - Malayalam for BA/B.Sc Degree Programmes

Semester I ML 1111.1 Lang: Course II (Adl. lang.I) - മലയാളകവിത

Semester II ML1211.1 Lang. Course V (Adl. lang.II) - ഗദ്യസാഹിത്യം

Semester III ML 1311.1 Lang.CourseVII(Addl.lang.III) - ദൃശ്യകലാ സാഹിത്യം

Semester IV ML 1411.1 Lang. Course IX (Addl lang.IV) - വിനിമയം, സർഗാത്മകരചന, ഭാഷാവബോധം

## Course Structure of Additional Language - Malayalam for B.Com Degree Programmes

Semester I ML 1111.2 Addl. Lang. Course I - നോവൽ, നാടകം, സഞ്ചാരസാഹിത്യം, തിരക്കഥ

Semester II ML1211.2 Addl. Lang. Course II - കവിത, കഥ, ഉപന്യാസം, വിവർത്തനം

## Course Structure of Additional Language - Malayalam for Career related first Degree Programme - under CBCS system Group - 2A

Semester I ML 1111.3 Addl. Lang. Course I - ഗദ്യസാഹിത്യം

Semester II ML1211.3 Addl. Lang. Course II - ദൃശ്യകലാസാഹിത്യം

# ഒന്നു മുതൽ ആറുവരെ സെമസ്റ്ററുകളിലേക്കുള്ള കോഴ്സുകളും സിലബസും

## സെമസ്റ്റർ : ഒന്ന്

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **ML 1111.1** |
| **ലാംഗ്വേജ് കോഴ്സ്** | : | **II (അഡീഷണൽ ലാംഗ്വേജ് : 1)** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## മലയാള കവിത

**പുസ്തകം : കാവ്യമാലിക**

**(കേരളസർവകലാശാലാ പ്രസിദ്ധീകരണം)**

**പഠനോദ്ദേശ്യം**

1. മലയാളകവിതയെ സംബന്ധിച്ച സാമാന്യജ്ഞാനം വിദ്യാർത്ഥികൾക്കു നൽകുക.
2. വിദ്യാർത്ഥികളിൽ കാവ്യാഭിരുചിയും കാവ്യാസ്വാദന താല്പര്യവും വളർത്തുക.
3. കവിതകളെ വിശകലനം ചെയ്യാൻ അവരെ പ്രാപ്തരാക്കുക.
4. സെമിനാർ, അസൈൻമെന്റ് തുടങ്ങിയവ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ മുൻനിർത്തി നൽകുക.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

**കവിത - ആധുനിക കവിത്രയം വരെ**

1. എഴുത്തച്ഛൻ - ജരിതാവിലാപം (ഖാണ്ഡവദാഹം)
   ('ആരണ്യം തന്നിൽ....' എന്ന് തുടങ്ങി 'കല്പിച്ചു പോയാളവൾ....' വരെ - 36 വരി)
2. വടക്കൻ പാട്ട് - ഉണ്ണിയാർച്ച കൂത്ത് കാണാൻ പോയ കഥ
   ('ആറ്റുംമണമ്മേലെ ഉണ്ണിയാർച്ച....' എന്നു തുടങ്ങി 'വേഗത്തിൽ പോകുന്നു ഉണ്ണിയാർച്ച....' വരെ)
3. കുമാരനാശാൻ - ചണ്ഡാലഭിക്ഷുകി
   ('തൂമതേടുംതൻപാള' മുതൽ 'മാരദൂതിപോൽ തെല്ലിട സുന്ദരി' വരെ - 96 വരി)

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

### കവിത്രയാനന്തരകവിത

4. ചങ്ങമ്പുഴ - മനസ്വിനി
5. വൈലോപ്പിള്ളി - ജലസേചനം
6. ഇടശ്ശേരി - പുത്തൻകലവും അരിവാളും
7. എൻ. വി. കൃഷ്ണവാര്യർ - എലികൾ

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

### ആധുനിക പൂർവ്വ - ആധുനിക ഘട്ടം

8. ഒ. എൻ വി. കുറുപ്പ് - ഒരു തൈ നടുമ്പോൾ
9. സുഗതകുമാരി - കാളിയമർദ്ദനം
10. അയ്യപ്പപ്പണിക്കർ - ഗോപികാദണ്ഡകം
11. എൻ.എൻ.കക്കാട് - സഫലമീയാത്ര

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

### ആധുനിക - ആധുനികാനന്തര ഘട്ടം

12. കടമ്മനിട്ട - കുഞ്ഞേ മുലപ്പാൽ കുടിക്കരുത്
13. ശ്രീകുമാരൻ തമ്പി - അമ്മയ്ക്കൊരു താരാട്ട് *
14 എ. അയ്യപ്പൻ - നിനക്ക്
15. റോസ് മേരി - ചാഞ്ഞുപെയ്യുന്ന മഴ
16. റഫീക്ക് അഹമ്മദ് - മൊബൈൽ ഫോൺ

**സഹായകഗ്രന്ഥങ്ങൾ**


1. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
2. മലയാള കവിതാസാഹിത്യചരിത്രം - ഡോ. എം. ലീലാവതി
3. വർണ്ണരാജി - ഡോ. എം. ലീലാവതി
4. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - പ്രൊഫ. എം. അച്യുതൻ
5. മുഹൂർത്തങ്ങൾ - സച്ചിദാനന്ദൻ
6. നവോത്ഥാനാനന്തരകവിത - എസ്. രാജശേഖരൻ
7. വടക്കൻപാട്ടുകളുടെ പണിയാല - എം. ആർ. രാഘവവാര്യർ
8. ആളൊഴിഞ്ഞ അരങ്ങ് - വി. രാജകൃഷ്ണൻ
9. കടലിൽ തങ്ങിയ കാന്തഭൂമി - ഡോ. ബി. വി. ശശികുമാർ
10. ഭാവഗീതത്തിന്റെ അടയാളങ്ങൾ മലയാള കവിതയിൽ - ഡോ. ആർ. എസ്. രാജീവ്
11. പ്രതിബിംബങ്ങൾ പറയാതിരിക്കുന്നത് - ആർ. ശ്രീലതാവർമ്മ.
12. ഹരിതദർശനം ആധുനികാനന്തര മലയാളകവിതയിൽ - ഡോ. സി. ആർ. പ്രസാദ്.
13. മലയാളകവിതയിലെ ഉയർന്ന ശിരസ്സുകൾ - ഡോ. എം. എൻ. രാജൻ.
14. പ്രകടനഗാനങ്ങളുടെ ആഖ്യാന സൗന്ദര്യശാസ്ത്രം - ഡോ. എൻ. അനിൽകുമാർ (കേരളസാഹിത്യഅക്കാദമി).

15. വൈലോപ്പിള്ളി : എഴുത്തും ജീവിതവും - ഡോ. ഇ. ബാനർജി (എഡി.).
16. കടമ്മനിട്ടക്കവിത - പഠനസമാഹരണം - കെ. എസ്. രവികുമാർ.
17. പരിസ്ഥിതിക്കവിതയ്ക്കൊരാമുഖം - പി.പി.കെ. പൊതുവാൾ, ഡി.സി. ബുക്സ്.
18. കീഴാളന്റെ പ്രതിരോധതന്ത്രം - ഡോ. ഷീബ എം. കുര്യൻ.
19. കാവ്യഭാവനയുടെ സ്ത്രീപഠനങ്ങൾ - ഡോ. എ. ഷീലാകുമാരി
20. കാവ്യസരസ്സിലെ രാഗപൗർണ്ണമി - ഡോ. അജയപുരം ജ്യോതിഷ് കുമാർ (എഡി.) (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **ML 1141** |
| **കോർ കോഴ്സ്** | : | **II** |
| **സമയക്രമം** | : | **ആഴ്ചയിൽ 6 മണിക്കൂർ** |
| | | **(18 ആഴ്ചയിൽ 108 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## നോവൽ : ചരിത്രവും പാഠവും

**പഠനോദ്ദേശ്യം :**

1. നോവൽസാഹിത്യശാഖയെ സംബന്ധിച്ച് സാമാന്യ ധാരണയുണ്ടാകുക.
2. മലയാളനോവൽസാഹിത്യത്തിന്റെ വളർച്ചയുടെ വിവിധഘട്ടങ്ങൾ മനസ്സിലാക്കുക.
3. ഭാവുകത്വപരിണാമം, ഭാഷ, ഘടന, സങ്കേതങ്ങൾ ഇവ മനസ്സിലാക്കുക.
4. ചരിത്രപരവും സാംസാകാരികവുമായ പ്രതിനിധാനം എന്ന നിലയിൽ നോവലിനെ തിരിച്ചറിയുക.
5. സമകാലിക മലയാളനോവലിന്റെ സ്വഭാവങ്ങൾ മനസ്സിലാക്കുക.
6. നോവലിന്റെ ആസ്വാദനം, അപഗ്രഥനം, വിമർശനം എന്നിവയ്ക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
7. വിവർത്തന നോവലുകളെ പരിചയപ്പെടുക.

## മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

നോവൽ എന്ന സാഹിത്യരൂപം - നിർവ്വചനങ്ങൾ - ആവിർഭാവത്തിനിടയാക്കിയ സാഹചര്യങ്ങളും കാരണങ്ങളും - നൊവെല്ലകളും റൊമാൻസുകളും - നോവൽ വിശ്വസാഹിത്യത്തിലും ഭാരതീയസാഹിത്യത്തിലും - മലയാളനോവലുകളുടെ പ്രാരംഭ ചരിത്രം - ആദ്യകാല രൂപമാതൃകകൾ - ഘാതകവധം - പുല്ലേലിക്കുഞ്ചു - കുന്ദലത - സാമൂഹിക നോവലുകൾ - ഇന്ദുലേഖ - ശാരദ - സി.വി.യുടെ ചരിത്രാഖ്യായികകൾ - ഘടന - ശൈലി - വീക്ഷണം - ഇതിവൃത്തം - കഥാപാത്രങ്ങൾ - ഭാഷ - ആവിഷ്കരണം.

**വിശദപഠനം:**

(1) കുന്ദലത (1, 2, 3 അദ്ധ്യായങ്ങൾ) - അപ്പു നെടുങ്ങാടി
(2) ശാരദ (6-ാം അദ്ധ്യായം) - ഒ. ചന്തുമേനോൻ
(3) ധർമ്മരാജ (1, 2 അദ്ധ്യായങ്ങൾ) - സി. വി. രാമൻപിള്ള

## മൊഡ്യൂൾ : രണ്ട് (27 മണിക്കൂർ)

കേരളത്തിലെ മാറിയ സാമൂഹിക സാഹചര്യം, പാശ്ചാത്യസാഹിത്യവുമായി നമ്മുടെ എഴുത്തുകാർക്കുണ്ടായ സമ്പർക്കം, പുതിയ രാഷ്ട്രീയദർശനം, നൂതന പ്രവണതകളെക്കുറിച്ചുള്ള പരിചയം എന്നിവ എഴുത്തുകാരിൽ ചെലുത്തിയ സ്വാധീനം - നോവൽ സാമൂഹിക സാംസ്കാരികജീവിതത്തിന്റെ പ്രതിനിധാനം എന്ന നിലയിൽ - ഇതിവൃത്തം, കഥാപാത്രങ്ങൾ, ഭാഷ, ദർശനം, വീക്ഷണം, എഴുത്തുകാരന്റെ ലക്ഷ്യം, ശൈലി ഇവയിൽ വന്ന മാറ്റം - നവോത്ഥാന പ്രവണതകൾ - പുരോഗമനസാഹിത്യത്തിന്റെ ആവിർഭാവവും സ്വാധീനതയും - സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ - കേശവദേവ് - തകഴി - വൈക്കം മുഹമ്മദ് ബഷീർ - എസ്. കെ. പൊറ്റെക്കാട്ട് - ഉറൂബ് - പാറപ്പുറത്ത് - മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട് - ബോധധാരാനോവൽ - ആത്മകഥാനോവൽ.

**വിശദപഠനം :**

1. രണ്ടിടങ്ങഴി - തകഴി
2. ബാല്യകാലസഖി - വൈക്കം മുഹമ്മദ് ബഷീർ

## മൊഡ്യൂർ : മൂന്ന് (27 മണിക്കൂർ)

നോവലിന്റെ വളർച്ച - സമൂഹത്തിൽ നിന്ന് വ്യക്തിയിലേയ്ക്ക് - പുതിയ കാഴ്ചപ്പാടുകൾ - മനഃശാസ്ത്രത്തിന്റെ സ്വാധീനം - വ്യക്തി, സമൂഹ സംഘർഷങ്ങൾ - പുതിയ രചനാരീതികൾ - കോവിലൻ, രാജലക്ഷ്മി, ലളിതാംബിക അന്തർജ്ജനം, എം.ടി., മാധവിക്കുട്ടി, കെ. സുരേന്ദ്രൻ, കോവിലൻ, നന്തനാർ, ചെറുകാട്, മലയാറ്റൂർ രാമകൃഷ്ണൻ, സി. രാധാകൃഷ്ണൻ, വത്സല, എൻ. പി. മുഹമ്മദ്, എന്നിവരുടെ രചനകൾ.

**വിശദപഠനം :**

1. അഗ്നിസാക്ഷി - ലളിതാംബിക അന്തർജ്ജനം
2. രണ്ടാമൂഴം - എം. ടി. വാസുദേവൻ നായർ

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

1960കളോടെ നോവൽസങ്കല്പത്തിൽ വന്ന മാറ്റം മലയാള സാഹിത്യത്തിന്റെ ചരിത്രപരമായ വഴിത്തിരിവിന്റെ കാലം ആധുനികത നോവൽ സാഹിത്യത്തിലെ കഥാപാത്രസങ്കല്പത്തിലും ഭാഷയിലും ആഖ്യാനത്തിലും സംഭവിച്ച പ്രകടമായ മാറ്റം അസ്തിത്വദർശനം അന്യവ ൽക്കരണം ഒ.വി. വിജയൻ, എം. മുകുന്ദൻ, കാക്കനാടൻ, ആനന്ദ്, സേതു, സക്കറിയ, പുനത്തിൽ കുഞ്ഞബ്ദുള്ള, മേതിൽ രാധാകൃഷ്ണൻ എന്നിവരുടെ രചനകൾ.

**വിശദപഠനം :**

1. മരുഭൂമികൾ ഉണ്ടാകുന്നത് - ആനന്ദ്

## മൊഡ്യൂൾ : അഞ്ച് (18 മണിക്കൂർ)

ഉത്തരാധുനികത - നോവലിലെ ആധുനികോത്തര പ്രവണതകൾ - ഇതിവൃത്തം, ആഖ്യാനം, കഥാപാത്രങ്ങൾ, ശൈലി, ദർശനം എന്നീ തലങ്ങളിൽ വന്ന മാറ്റം - സാംസ്കാരിക സ്വത്വത്തിലെ വ്യതിരിക്തതകൾ - ദേശം - കാലം - ഭാഷ - സ്ത്രീവാദം - ദളിത്‌വാദം - പരിസ്ഥിതിവാദം - ആഗോളവത്കരണം - ഭാഷയിലൂടെയുള്ള പ്രതിരോധം - ദാർശനിക വ്യതിയാനം - പുതിയ എഴുത്തുകാരും അവരുടെ രചനകളും.

**വിശദപഠനം :**

1. ഹെർബേറിയം - സോണിയാ റഫീക്ക് *

**സഹായകഗ്രന്ഥങ്ങൾ**

1. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള.
2. മലയാള നോവൽ സാഹിത്യചരിത്രം - ഡോ. കെ. എം. തരകൻ.
3. ചരിത്ര നോവൽ മലയാളത്തിൽ - കല്പറ്റ ബാലകൃഷ്ണൻ.
4. നോവൽ സാഹിത്യം - എം. പി. പോൾ.
5. നോവൽ സ്വരൂപം - കെ. സുരേന്ദ്രൻ.
6. സി. വി. രാമൻപിള്ള - പി. കെ. പരമേശ്വരൻ നായർ.
7. നോവൽ സിദ്ധിയും സാധനയും - പി. കെ. ബാലകൃഷ്ണൻ.
8. നോവൽ സാഹിത്യപഠനങ്ങൾ - ഡോ. ഡി. ബഞ്ചമിൻ.
9. ചന്തുമേനോൻ ഒരു പഠനം - പി. കെ. ബാലകൃഷ്ണൻ.
10. മാറുന്ന മലയാള നോവൽ - കെ. പി. അപ്പൻ.
11. സി. വി. സാഹിത്യം വിമർശനവും ദർശനവും - ജോർജ് ഓണക്കൂർ.
12. സി. വി. പഠനങ്ങൾ - എഡി. പ്രൊഫ. പന്മന രാമചന്ദ്രൻ നായർ.
13. നോവൽ പ്രശ്നങ്ങളും പഠനങ്ങളും - എം. അച്യുതൻ.
14. ദൈവനീതിക്ക് ദാക്ഷിണ്യമില്ല - ഡോ. കെ. ഭാസ്കരൻ നായർ.
15. പ്രതിപാത്രം ഭാഷണഭേദം - പ്രൊഫ. എൻ. കൃഷ്ണപിള്ള
16. ആധുനിക നോവൽ ദർശനങ്ങൾ - പ്രൊഫ. കെ. എം. തരകൻ.
17. നോവൽ ബോധവും പ്രതിബോധവും - (എഡി.) ഡോ. പി.കെ. രാജശേഖരൻ, ആസാദ്.
18. മൗനം തേടുന്ന വാക്ക് - വി. രാജകൃഷ്ണൻ.
19. നോവൽ പഠനങ്ങൾ - (എഡി.) പ്രൊഫ. പന്മന രാമചന്ദ്രൻ നായർ.
20. അന്ധനായ ദൈവം - മലയാളനോവലിന്റെ നൂറു വർഷം - ഡോ. പി.കെ. രാജശേഖരൻ.
21. ആധുനികത മലയാളനോവലിൽ - ഡോ. കെ. അഗസ്റ്റിൻ ജോസഫ്.
22. ആധുനികതയുടെ മദ്ധ്യാഹ്നം - പ്രൊഫ. നരേന്ദ്രപ്രസാദ്.
23. ഉത്തരാധുനികത വർത്തമാനവും വംശാവലിയും - പ്രൊഫ. കെ.പി. അപ്പൻ.
24. ആനന്ദ് ചരിത്രദൃഷ്ടിയിൽകൂടി - ഷാജി ജേക്കബ്.
25. ഉത്തരാധുനികത - ഉണ്ണിക്കൃഷ്ണൻ.
26. ലക്ഷ്മണരേഖ മുറിച്ചുകടക്കുമ്പോൾ - ഡോ. ജി. ഹേമലതാദേവി.
27. ഉത്തരാധുനിക ചർച്ചകൾ - ഡോ. കെ. പ്രസന്നരാജൻ.
28. നോവലും കാല്പനികതയും - ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ.
29. നോവൽ കലയും ദർശനവും - ഡോ. എം. കൃഷ്ണൻ നമ്പൂതിരി.
30. കഥയിലെ ആത്മീയസഞ്ചാരങ്ങൾ - ഡോ. ഇ. രമാഭായി.
31. ഒ.വി. വിജയൻ: വായന, പുനർവായന - വിജയൻ കോടഞ്ചേരി (എഡി.)
32. ചിതയും ചിദാകാശവും - ഡോ. എ. എം. ഉണ്ണിക്കൃഷ്ണൻ.
33. ആധുനികാന്തര മലയാളനോവൽ - (എഡി.) ഡോ. കെ. ഷിജു, ഡോ. കുമാർ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **ML 1131** |
| **കോംപ്ലിമെന്ററി കോഴ്സ്** | : | **I** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## കേരള സംസ്കാരം - ഭാഗം 1

**പഠനോദ്ദേശ്യം:**

1. കേരളത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ച് അറിവു നല്കുക.
2. ഏ.ഡി. 1400 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ ഭാഷ, സാഹിത്യം, കലാരൂപങ്ങൾ എന്നിവയുടെ വികാസത്തിന് കളമൊരുക്കിയ സാംസ്കാരികവും രാഷ്ട്രീയവുമായ കാര്യങ്ങൾ പഠിക്കുന്നതിന് സഹായകമായ സാംസ്കാരിക വീക്ഷണം ഉണ്ടാകുക.
3. സാംസ്കാരികത്തനിമ തിരിച്ചറിയുക, ദേശീയബോധം വളർത്തുക, മികച്ച പൗരത്വം വികസിപ്പിക്കുക, വിമർശനാത്മക ചിന്ത വളർത്തുക എന്നിവയാണ് ആത്യന്തിക ലക്ഷ്യം.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

സംസ്കാരം എന്നാലെന്ത്? - വിവിധനിർവ്വചനങ്ങൾ - സംസ്കാരത്തെ കുറിച്ചുള്ള വിവിധ കാഴ്ചപ്പാടുകൾ - ഉച്ച-നീച സംസ്കാരം - ചരിത്രവും സംസ്കാരവുമായുള്ള ബന്ധം - ആദ്യകാല കേരളചരിത്രരചനാപരിശ്രമങ്ങൾ - സാധ്യതകളും പരിമിതികളും; കേരളം - ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ - കേരളോല്പത്തിയുമായി ബന്ധപ്പെട്ട കഥകളുടെ വിലയിരുത്തൽ - കേരളസംസ്കാരപഠനത്തിന് സഹായകമായ ഉപാദാനങ്ങൾ - കൊല്ലവർഷം - കേരളത്തിലെ ആദിമ നിവാസികൾ - സാംസ്കാരിക സവിശേഷതകൾ - ദ്രാവിഡ സംസ്കാരം.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

പ്രാചീനകാലത്തെ വിദേശബന്ധങ്ങൾ - വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, തുറമുഖങ്ങൾ, വിദേശബന്ധങ്ങൾ കൊണ്ടുണ്ടായ സാംസ്കാരിക നേട്ടം. സംഘകാലം - സാമൂഹ്യജീവിതം - ഭാഷ, സാഹിത്യകൃതികൾ, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ. മഹാശിലാസംസ്കാരം - അവശിഷ്ടങ്ങൾ, കല്ലറകൾ, കുടക്കല്ലുകൾ, നന്നങ്ങാടികൾ, തൊപ്പിക്കല്ലുകൾ, പുലച്ചിക്കല്ലുകൾ, മുതുമക്കത്താഴികൾ, പഴുതറകൾ, ഗുഹകൾ എന്നിവയുടെ സാംസ്കാരിക മൂല്യം. വൈദികസംസ്കാരം - ബുദ്ധ - ജൈന - ശൈവ - വൈഷ്ണവ - ജൂത - ക്രൈസ്തവ - ഇസ്ലാംമതങ്ങളുടെ സംഭാവനകൾ.

### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

ഏ.ഡി. 10, 11 നൂറ്റാണ്ടുകളിലെ കേരളം - നമ്പൂതിരിമാരുടെ പ്രഭാവം - സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിലെ സ്വാധീനത - ഭരണരംഗം - പെരുമാൾ, നാടുവാഴി, കോയിലധികാരി, മുന്നൂറ്റുവർ, അറുന്നൂറ്റുവർ, ദേശം, കൂട്ടം, കര, ചങ്ങാതം, ചാവേറുകൾ, ചാവേറ്റുവിരുത്തി, ശിക്ഷാസമ്പ്രദായങ്ങൾ - അടിമസമ്പ്രദായം, വാണിജ്യം - വർത്തക സംഘങ്ങൾ - നികുതികൾ. ഭാഷയും സാഹിത്യവും - കുലശേഖര ആഴ്‌വാർ, വാസുദേവ ഭട്ടതിരി, ശങ്കരനാരായണൻ, തോലൻ, ശക്തിഭദ്രൻ എന്നിവരുടെ സംഭാവന. ഹിന്ദുമതം - ശങ്കരാചാര്യർ, വാഗ്ഭടാനന്ദൻ - ക്ഷേത്രസംസ്കാരം - ക്ഷേത്രകലകൾ - അനുഷ്ഠാനകലകൾ - വിദ്യാശാലകൾ, വേദപഠനശാലകൾ, ദേവദാസികൾ, പട്ടത്താനം, കടവല്ലൂർ അന്യോന്യം - ദായക്രമം - മരുമക്കത്തായം, ജാതി വ്യവസ്ഥ - ജന്മി സമ്പ്രദായം.

### രീതിശാസ്ത്രം

അദ്ധ്യാപകനെ കേന്ദ്രമാക്കിയുള്ള പഠനരീതിക്കുപകരം വിദ്യാർത്ഥി കേന്ദ്രിതമായ പഠനരീതി അനുവർത്തിക്കണം. ഓരോ മൊഡ്യൂളിലും ഉൾപ്പെട്ട കാര്യങ്ങളിൽ വ്യക്തമായ അവബോധം കുട്ടികളിൽ ഉണ്ടാക്കണം. അതിനനുയോജ്യമായ വിവരങ്ങൾ ക്ലാസ്സിൽ വിശദീകരിക്കണം. കൂടുതൽ വിവരങ്ങൾ കുട്ടികളെക്കൊണ്ടു തന്നെ ശേഖരിപ്പിക്കണം. ആവശ്യമായ ഗ്രന്ഥങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ അദ്ധ്യാപകൻ നല്കണം. അസൈൻമെന്റുകളും സെമിനാറുകളും തയ്യാറാക്കാൻ വിദ്യാർത്ഥികളെ ഒറ്റയ്ക്കോ, അഞ്ചുപേരുൾപ്പെടുന്ന ഗ്രൂപ്പിനെയോ നിയോഗിക്കാം. അസൈൻമെന്റുകൾ തിരുത്തി വിദ്യാർത്ഥികൾക്കു തിരിച്ചു നല്കണം.

ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, കോട്ടകൾ, കൊട്ടാരങ്ങൾ ഇവ സന്ദർശിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിക്കാം. ഇതിലേക്ക് സ്റ്റഡി ടൂർ നടത്താവുതാണ്. ഇതിനുള്ള ഫണ്ട് പ്ലാനിംഗ് ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതാണ്.

### സഹായകഗ്രന്ഥങ്ങൾ


1. കേരളസംസ്കാരപഠനങ്ങൾ : (എഡി.) പ്രൊഫ. പന്മന രാമചന്ദ്രൻനായർ.
2. കേരളചരിത്രം : എ. ശ്രീധരമേനോൻ.
3. കേരളചരിത്രം : എം. ആർ. രാഘവവാര്യർ, രാജൻ ഗുരുക്കൾ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം).
4. കേരളത്തിന്റെ സാംസ്കാരികചരിത്രം : പി. കെ. ഗോപാലകൃഷ്ണൻ.
5. കേരള സംസ്കാരം : എ. ശ്രീധരമേനോൻ.
6. കേരളവിജ്ഞാനകോശം : ദേശബന്ധു പബ്ലിക്കേഷൻസ്.
7. കേരളസംസ്കാര പഠനങ്ങൾ: എം. ജി. എസ്. നാരായണൻ.
8. സംഘകാലത്തെ കേരളം : വി. വി. കെ. വാലത്ത് (എസ്.പി.സി. എസ്. കോട്ടയം).
9. സംഘസാഹിത്യചരിത്രം : മേലങ്ങത്തു നാരായണൻകുട്ടി.
10. ബുദ്ധമതവും കേരളവും : എസ്. ശങ്കു അയ്യർ (എസ്.പി.സി.എസ്. കോട്ടയം)

11. കേരളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ : ഡോ. പുതുശ്ശേരി രാമചന്ദ്രൻ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).
12. കേരളചരിത്രം (വാല്യം 1, 2) : കേരള ഹിസ്റ്ററി അസോസിയേഷൻ.
13. സംഘകാലഭരണസംവിധാനം: എൻ.സുബ്രഹ്മണ്യൻ, (ഡി.സി. ബുക്സ്, കോട്ടയം).
14. ദേവദാസികളും കേരളചരിത്രവും: ഡോ. പി. സോമൻ.
15. കൂത്തും കൂടിയാട്ടവും : അമ്മാമൻ തമ്പുരാൻ.
16. കേരളത്തിന്റെ ഇന്നലെകൾ : കെ. എൻ. ഗണേഷ് (വള്ളത്തോൾ വിദ്യാപീഠം).
17. കേരളസംസ്കാരം : പ്രൊഫ. എസ്. അച്യുതവാര്യർ.
18. കുലശേഖര നാടകങ്ങളും കേരളചരിത്രവും : എം. പി. ശങ്കുണ്ണിനായർ.
19. ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ: ഇളംകുളം കുഞ്ഞൻപിള്ള.
20. കേരളം മലയാളികളുടെ മാതൃഭൂമി: ഇ.എം.എസ്. (ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം).
21. കേരളത്തിന്റെ മൂന്നു ദശകങ്ങൾ: (എഡി.) എൻ. വിജയൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
22. ജാതിവ്യവസ്ഥയും കേരളചരിത്രവും : പി. കെ. ബാലകൃഷ്ണൻ.
23. കേരളത്തിലെ ചുവർചിത്രകല : ഡോ. എം. ജി. ശശിഭൂഷൺ.
24. സംസ്കാരമുദ്രകൾ : ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ.

## സെമസ്റ്റർ : രണ്ട്

| | | |
|---|---|---|
| സെമസ്റ്റർ | : | II |
| കോഴ്സ് കോഡ് | : | ML 1211.1 |
| ലാംഗ്വേജ് കോഴ്സ് | : | V (അഡീഷണൽ ലാംഗ്വേജ് : II) |
| സമയക്രമം | : | ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ) |
| ക്രെഡിറ്റ് | : | 3 |

## ഗദ്യസാഹിത്യം

**പുസ്തകം: ഗദ്യമാലിക (കേരളസർവ്വകലാശാല പ്രസിദ്ധീകരണം)**

**പഠനോദ്ദേശ്യം**

1. മലയാളഗദ്യസാഹിത്യത്തിലെ പ്രധാന സാഹിത്യരൂപങ്ങളെക്കുറിച്ച് സാമാന്യാവബോധം ഉണ്ടാകുക.
2. തെരഞ്ഞെടുത്ത പാഠങ്ങളുടെ വിശദപഠനത്തിന് പുറമേ അതതു ഗദ്യങ്ങളുടെ ഉല്പത്തി വികാസപരിണാമങ്ങൾ സാമാന്യമായി മനസ്സിലാക്കുക.
3. രചനകളെ സ്വയം വിശകലനത്തിന് വിധേയമാക്കുക.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

### നോവൽ

മലയാളനോവൽ പ്രസ്ഥാനത്തിന്റെ ഉത്ഭവ - വികാസ പരിണാമങ്ങളെപ്പറ്റി സാമാന്യമായി മനസ്സിലാക്കുകയും ഒരു നോവൽ വിശദമായി പഠിക്കുകയും വേണം.

**വിശദപഠനം :**

ഉമ്മാച്ചു - ഉറൂബ്

### മൊഡ്യൂൾ : രണ്ട് (27 മണിക്കൂർ)

### ചെറുകഥ

മലയാള ചെറുകഥയുടെ വികാസപരിണാമങ്ങളെപ്പറ്റി സാമാന്യജ്ഞാനം നേടുക, ആഖ്യാനതന്ത്രങ്ങളുടെ വൈചിത്ര്യം മനസ്സിലാക്കുക, പ്രമേയത്തിലും രൂപശില്പത്തിലും സംഭവിച്ച മാറ്റങ്ങൾ അറിയുക. കഥാസ്വാദനത്തിൽ താല്പര്യം വർദ്ധിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ടുള്ള ബോധനസമ്പ്രദായങ്ങൾ സ്വീകരിക്കാം.

**വിശദപഠനം:**

1. ആരാന്റെ കുട്ടി - കെ. സുകുമാരൻ
2. പെൺബുദ്ധി - കെ. സരസ്വതിയമ്മ
3. ഉതുപ്പാന്റെ കിണർ - കാരൂർ

4. കർക്കിടകം - എം. ടി. വാസുദേവൻ നായർ
5. കടൽത്തീരത്ത് - ഒ. വി. വിജയൻ
6. ഹിഗ്വിറ്റ - എൻ. എസ്. മാധവൻ
7. കൃഷ്ണഗാഥ - കെ.ആർ. മീര
8. തല്പം - സുഭാഷ് ചന്ദ്രൻ

## മൊഡ്യൂൾ : മൂന്ന് (27 മണിക്കൂർ)

## ഉപന്യാസം, പഠനം, അനുഭവം

സാഹിത്യവും സാഹിത്യേതരവുമായ വിഷയങ്ങളെ സംബന്ധിക്കുന്ന അഞ്ചു ലേഖനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മലയാള ഗദ്യസാഹിത്യത്തിന്റെ വികാസത്തിൽ ഉപന്യാസങ്ങൾക്കുള്ള പങ്ക് പഠിതാക്കൾക്കു ബോധ്യപ്പെടണം.

**വിശദപഠനം:**

1. മലയാള കാല്പനികത - ഡോ. പി. വി. വേലായുധൻപിള്ള
2. മലയാളികളുടെ മലയാളം - ഇ. എം. എസ്. നമ്പൂതിരിപ്പാട്
3. മനസ്സും മാധ്യമങ്ങളും - എം. എൻ. വിജയൻ
4. ഫലിതത്തിൽ നിന്ന് മൗനത്തിലേക്ക് - കെ. പി. അപ്പൻ
5. ജീവിതമെന്ന അത്ഭുതം (ആമുഖം) - ഡോ. വി.പി. ഗംഗാധരന്റെ അനുഭവങ്ങൾ

**സഹായകഗ്രന്ഥങ്ങൾ**

1. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
2. ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - ഡോ. കെ. എം. ജോർജ് (ജന: എഡിറ്റർ).
3. മലയാളനോവൽ സാഹിത്യചരിത്രം - ഡോ. കെ. എം. തരകൻ.
4. മലയാള ചെറുകഥാസാഹിത്യചരിത്രം - ഡോ. എം. എം. ബഷീർ.
5. ചെറുകഥ ഇന്നലെ ഇന്ന് - എം. അച്യുതൻ.
6. ചെറുകഥയുടെ ഛന്ദസ്സ് - വി. രാജകൃഷ്ണൻ.
7. കവിതയും മനഃശാസ്ത്രവും - എം. എൻ. വിജയൻ.
8. രോഗവും സാഹിത്യഭാവനയും - കെ. പി. അപ്പൻ.
9. പത്മരാജൻ : ദുരന്തകാമനകളിലെ ഗന്ധർവൻ - ഡോ. സജിത് ഏവൂരേത്ത്.
10. ശീർഷാസനം - എം. എൻ. വിജയൻ.
11. പുതുകഥ - (എഡിറ്റർ) ടോജി വർഗ്ഗീസ്.

| | | |
|---|---|---|
| **സെമസ്റ്റർ** | **:** | **II** |
| **കോഴ്സ് കോഡ്** | **:** | **ML 1241** |
| **കോർ കോഴ്സ്** | **:** | **II** |
| **സമയക്രമം** | **:** | **ആഴ്ചയിൽ 6 മണിക്കൂർ (18 ആഴ്ചയിൽ 108 മണിക്കൂർ)** |
| **ക്രെഡിറ്റ്** | **:** | **4** |

## നാടകം : ചരിത്രം പാഠം പ്രയോഗം

**പഠനോദ്ദേശ്യം :**

നാടകം എന്ന കലാരൂപത്തെ സമഗ്രമായി പരിചയപ്പെടുത്തുകയാണ് ഈ കോഴ്സിന്റെ ഉദ്ദേശ്യം. നാടകമെന്ന കലയുടെ ഉത്ഭവ - വികാസ - പരിണാമചരിത്രം, നാടകത്തിന്റെ സാഹിത്യം, അതിന് ഇതര സാഹിത്യരൂപങ്ങളിൽനിന്നുള്ള വ്യത്യാസം, നാടകാവതരണത്തിന്റെ സവിശേഷതകൾ, അരങ്ങിന്റെ വൈവിധ്യങ്ങൾ എന്നിവ ചരിത്രപരമായി മനസ്സിലാക്കുകയും അത് മലയാളനാടകവുമായി ഇണക്കിക്കൊണ്ട് സവിശേഷപഠനം നടത്തുകയുമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. മനുഷ്യന്റെ പ്രാക്തന മായ കൂട്ടായ്മയിൽനിന്നു രൂപപ്പെടുകയും സാമൂഹികജീവിതത്തിൽ ഓരോ കൂട്ടായ്മ യ്ക്കുമുണ്ടായ പരിണാമങ്ങൾക്കനുസരണമായി നിരന്തരം നവീകരിക്കപ്പെടുകയും ചെയ്തുകൊണ്ട് ആധുനികകാലത്തും ശക്തമായി നിലകൊള്ളുന്ന കലയെന്ന നിലയിൽ നാടകത്തെയും അതിന്റെ സാധ്യതകളെയും വിദ്യാർത്ഥികൾ തിരിച്ചറി യേണ്ടതുണ്ട്. നാടകകലയുടെ വിവിധ ഘട്ടങ്ങളിൽ പ്രഭാവം ചെലുത്തിയ അരങ്ങു (തിയേറ്റർ) സങ്കല്പങ്ങൾ, നാടകത്തിന്റെ ആശയസങ്കല്പത്തിൽ വന്ന വ്യതി യാനങ്ങൾ എന്നിവ ചരിത്രപരമായി വിശദീകരിക്കണം. നാടകകലയെ സാമാന്യമായി പരിചയപ്പെടുത്തിക്കൊണ്ട് മലയാളനാടകത്തിന്റെ ചരിത്രത്തെയും പ്രവണതകളെയും കേരളത്തിന്റെ നാട്യപാരമ്പര്യത്തെയും കുറിച്ചു വിശദമാക്കണം. വിശദപഠനത്തിനു നിർദ്ദേശിക്കുന്ന കൃതികൾ കൂടാതെ ആ കാലയളവിലെ പ്രധാനനാടകങ്ങളെയും നാടകകൃത്തുക്കളെയും പരിചയപ്പെടുത്താൻ ശ്രമിക്കണം. അസൈൻമെന്റിന് പാഠേതരഭാഗങ്ങൾ സ്വീകരിക്കാൻ പ്രേരിപ്പിക്കുക.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

### നാടകകലാചരിത്രം, സവിശേഷതകൾ

എന്താണ് നാടകം - നാടകകലയുടെ രൂപവത്കരണ സാഹചര്യങ്ങൾ - പാശ്ചാ ത്യവും പൗരസ്ത്യവുമായ നാട്യോല്പത്തി സങ്കല്പങ്ങൾ - നാടകത്തിന്റെ പ്രയോ ജനവാദങ്ങൾ - രസവാദം, കഥാർസിസ് - വ്യത്യസ്തമായ നാട്യരീതികൾ - ക്ലാസ്സിക്, അനുഷ്ഠാന, വിനോദന, ട്രാജഡി, കോമഡി നാട്യരൂപങ്ങൾ, ദശരൂപകങ്ങൾ - നാട്യകലയിലെ വിവിധ ഘടകങ്ങൾ - അരങ്ങ്(തിയേറ്റർ) - വിവിധതരം അരങ്ങുകൾ, പ്രൊസീനിയം, അരീന, എപിക്, പുവർ, അവാങ്ഗാർദ്, പരിസരനാടകവേദി, അസംബന്ധ നാടകവേദി തുടങ്ങിയവ.

കേരളത്തിന്റെ വിപുലമായ നാട്യപാരമ്പര്യത്തിന്റെ സാമാന്യ വിവരണം - കേരളത്തിലെ പ്രധാന നാട്യകലകളുടെ പരിചയപ്പെടുത്തൽ - കൂടിയാട്ടം, കഥകളി, തെയ്യം, പടയണി, കാക്കാരിശ്ശിനാടകം, പൊറാട്ടു നാടകം, ചവിട്ടുനാടകം എന്നിവയിലെ നാട്യാംശവും സവിശേഷതയും - അവയിലെ അഭിനയത്തിന്റെയും സാഹിതീയാ വിഷ്കാരത്തിന്റെയും വ്യത്യസ്തതകൾ.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## മലയാളനാടകത്തിന്റെ ആദ്യകാലപ്രവണതകൾ

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ കേരളത്തിൽ ഒരു പൊതുമണ്ഡലം രൂപപ്പെട്ടുവരുന്ന സാഹചര്യം - വിവിധതരം നവീന നാട്യരീതികളുമായുള്ള പരിചയം - തമിഴ് സംഗീത നാടകക്കാരുടെ വരവും പൊതു ആസ്വാദനമണ്ഡലത്തിന്റെ രൂപപ്പെടലും - പരിഭാഷാനാടകങ്ങളുടെ ആധിക്യം - ഇംഗ്ലീഷ്, സംസ്കൃതനാടകങ്ങളുടെ പരിഭാഷയും അവതരണവും - തമിഴ്സംഗീതനാടകങ്ങളുടെയും പരിഭാഷാനാടകങ്ങളുടെയും അനുകരണദശ - അനുകരണങ്ങളോടുള്ള എതിർപ്പുകൾ - മലയാളസംഗീതനാടകങ്ങൾ, പ്രഹസനങ്ങൾ, ചരിത്രനാടകങ്ങൾ - നാടകം ഗദ്യത്തിലേക്ക് - സമകാല സാമൂഹിക ജീവിതവുമായി നാടകത്തിനുണ്ടാകുന്ന ബന്ധം - അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ അസമത്വങ്ങൾ എന്നിവയ്ക്കെതിരെ നാടകത്തെ ആയുധമാക്കൽ - നാടകകലയുടെ വിവിധതലങ്ങളിലുള്ള ആധുനികീ കരണം.

### വിശദപഠനം

1. സ്വപ്നവാസവദത്തം (അഞ്ചാമങ്കം) - ഭാസൻ (വിവ: ഏ.ആർ. രാജരാജവർമ്മ)
2. മറിയാമ്മ (അരങ്ങ് 13, 14) - കൊച്ചീപ്പൻ തരകൻ
3. ഋതുമതി - എം.പി. ഭട്ടതിരിപ്പാട്

## മൊഡ്യൂൾ : മൂന്ന് (27 മണിക്കൂർ)

## സമൂഹബന്ധവും നാടകത്തിന്റെ നവോത്ഥാനവും

മലയാളനാടകത്തിന്റെ സാമൂഹികപ്രതിബദ്ധത - മനുഷ്യജീവിതത്തിന്റെ വിഭിന്ന തലങ്ങളോടുള്ള നാടകത്തിന്റെ അടുപ്പം - സാമുദായികവും രാഷ്ട്രീയവുമായ അധികാരസ്ഥാപനങ്ങളോടുള്ള കലാകാരന്റെ പ്രതികരണങ്ങൾ നാടകങ്ങളിലൂടെ - യോഗക്ഷേമനാടകങ്ങളുടെ സ്വഭാവം, പ്രമേയങ്ങൾ, സ്ത്രീജീവിതവുമായുള്ള ഇട പെടലുകൾ - രാഷ്ട്രീയമായ പുതുബോധങ്ങൾ നാടകത്തിൽ - പാട്ടബാക്കി, കൂട്ടുകൃഷി, നമ്മളൊന്ന്, നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്നിവയുടെ വിശകലനം - വൈയ ക്തികവും കുടുംബപരവുമായ വിഷയങ്ങളും പുതിയ നാടകരീതികളും - ഇബ്സനിസം, പ്രശ്നനാടകം, സുഘടിതത്വം, എപിക്, എക്സ്പ്രഷനിസ്റ്റ് പ്രവണതകൾ - നാടകത്തിന്റെ സാഹിതീയാംശത്തിലും അവതരണത്തിലുമുണ്ടായ മാറ്റങ്ങൾ - നാടകത്തിന്റെ രൂപശില്പം, ആന്തരശില്പം എന്നിവയെപ്പറ്റിയുള്ള നവീനമായ കാഴ്ചപ്പാടുകൾ.

### വിശദപഠനം

1. കന്യക - എൻ. കൃഷ്ണപിള്ള
2. സമത്വവാദി (ഒന്നാമങ്കം) - പുളിമാന പരമേശ്വരൻപിള്ള
3. ജനശത്രു - ഇബ്സൻ (വിവ: ഡോ. കെ. രാമചന്ദ്രൻ നായർ)
4. സാകേതം - സി. എൻ. ശ്രീകണ്ഠൻ നായർ.

## മൊഡ്യൂൾ : നാല് (27 മണിക്കൂർ)

### മലയാളനാടകത്തിലെ വീണ്ടെടുപ്പുകളും ബഹുസ്വരതയും

മലയാളനാടകത്തിന്റെ ആധുനികീകരണവും വൈവിധ്യപൂർണ്ണമായ വളർച്ചയും - യൂറോപ്യൻ നാടകാശയങ്ങളുടെ സ്വാധീനം - നാടകപ്രമേയം, അരങ്ങ് എന്നിവയിൽ അതുളവാക്കിയ മാറ്റം - വിവിധതരം നാടകശൈലികൾ - പ്രൊഫഷണൽ, അമചർ, റേഡിയോനാടകങ്ങൾ, ഏകാങ്കനാടകങ്ങൾ, തെരുവുനാടകങ്ങൾ, പരീക്ഷണനാടകങ്ങൾ, ജനപ്രിയനാടകങ്ങൾ, കുട്ടികളുടെ നാടകവേദി എന്നിവ - ഇവയിലെ അവതരണപരമായ സവിശേഷതകൾ, വ്യത്യസ്തതകൾ - പാശ്ചാത്യനാടകസങ്കല്പങ്ങളിൽനിന്നു വിടുതൽനേടി സ്വന്തം ദേശസംസ്കൃതിയിൽ വേരോട്ടമുള്ള നാടകം രൂപപ്പെടണമെന്ന തിരിച്ചറിവ് - തനതുനാടകങ്ങളുടെ ആശയലോകവും മലയാളനാടകരംഗത്തുണ്ടാക്കിയ പുതുചലനങ്ങളും - നാടകകലയിലെ സ്ത്രീമുന്നേറ്റങ്ങൾ - സ്ത്രീനാടകവേദി - അരങ്ങ് വിമോചനത്തിന്റെയും പ്രത്യാശയുടെയും ഇടമെന്ന ആശയം - അരങ്ങിലെ ശരീരഭാഷ യിൽവന്ന മാറ്റങ്ങൾ - അഭിനയത്തിലും അരങ്ങുസങ്കല്പത്തിലും അവതരണത്തിലും ഉണ്ടാകുന്ന നിരന്തരപരീക്ഷണങ്ങൾ - അത് നാടകസാഹിത്യത്തിലുണ്ടാക്കുന്ന പരിവർത്തനം - സമകാല മലയാളനാടകത്തിന്റെ പൊതുസ്ഥിതി.

**വിശദപഠനം**

1. 1128 ൽ ക്രൈം 27 - സി. ജെ. തോമസ്
2. കറുത്ത ദൈവത്തെത്തേടി - ജി. ശങ്കരപ്പിള്ള.
3. ലേബർ റൂം - കെ. വി. ശ്രീജ
4. കേളു - ഇ. പി. രാജഗോപാലൻ, എൻ. ശശിധരൻ

**സഹായകഗ്രന്ഥങ്ങൾ**


1. മലയാളനാടകസാഹിത്യചരിത്രം - പ്രൊഫ. ജി. ശങ്കരപ്പിള്ള
2. മലയാളനാടകസാഹിത്യചരിത്രം - ഡോ. വയലാ വാസുദേവൻപിള്ള
3. നാടകരൂപചർച്ച - കാട്ടുമാടം നാരായണൻ
4. നാടകപ്രവേശിക - എ. ഡി. ഹരിശർമ്മ, ആർ. സി. ശർമ്മ.
5. ഉയരുന്ന യവനിക - സി. ജെ. തോമസ്, മാളുബൻ പബ്ളിക്കേഷൻസ്.
6. നാടകദർപ്പണം - എൻ. എൻ. പിള്ള.
7. രംഗഭാഷ - (എഡി.) ഡോ. വയലാ വാസുദേവൻപിള്ള
8. സി. ജെ. മുതൽ സി. എൻ. വരെ - വിജയരാഘവൻ.
9. എപ്പിക് തിയേറ്റർ കേരളത്തനിമയിൽ - അഴകേശൻ
10. ഇബ്സന്റെ നാടകസങ്കല്പം - പ്രൊഫ. ജി. ശങ്കരപ്പിള്ള
11. മലയാളസംഗീതനാടകചരിത്രം - കെ. ശ്രീകുമാർ.
12. തോപ്പിൽ ഭാസിയുടെ നാടകങ്ങൾ ഒരു പഠനം - എ. ഷീലാകുമാരി.
13. ചവിട്ടുനാടകം - സെബീനാറാഫി.
14. പാവനാടകം: ചരിത്രവും പ്രയോഗവും - വി. അജിത്കുമാർ.

15. കേരളത്തിലെ നാടോടിനാടകങ്ങൾ - ഡോ. എസ്. കെ. നായർ.
16. ദുരന്താവബോധത്തിന്റെ സാക്ഷാത്കാരം - ഡോ. എൻ. രാജൻ.
18. ക്രൈസ്തവമിത്തും സി. ജെ. നാടകങ്ങളും - ഡോ. ബിയാട്രിസ് അലക്സ്.
19. എൻ. കൃഷ്ണപിള്ളയുടെ നാടകചിന്തകൾ - പ്രൊഫ. എൻ. കൃഷ്ണപിള്ള.
20. ആധുനികനാടകവേദി - എം. എം. വർക്കി, കെ. ആർ. വാര്യർ.
21. ബ്രെഹ്റ്റിന്റെ കല - സച്ചിദാനന്ദൻ.
22. നാടകം ഒരു പഠനം - സി. ജെ. സ്മാരക പ്രസംഗസമിതി.
23. എൻ. കൃഷ്ണപിള്ളയും ഭാരതീയ നാടകവേദിയും - (എഡി.) ഡോ. പി. വി.വേലായുധൻ പിള്ള.
24. സി.എൻ. ശ്രീകണ്ഠൻനായർ : മലയാളത്തിന്റെ ഇബ്സൻ - ഡോ. കെ.ജോയ് പോൾ.
25. തനതുകവിത തനതുനാടകം - പ്രൊഫ. പി. നാരായണക്കുറുപ്പ്.
26. അരങ്ങും പൊരുളും - ആർ. നരേന്ദ്രപ്രസാദ്.
27. നാടകം പാഠവും പ്രയോഗവും - എൻ. ആർ. ഗ്രാമപ്രകാശ്.
28. മലയാളനാടക സ്ത്രീചരിത്രം - സജിത മഠത്തിൽ.
29. സംസ്കൃതിയുടെ ലാവണ്യരൂപകങ്ങൾ - ഡോ. രാജാവാര്യർ.
30. രംഗാവതരണം - ഒരു സംഘം ലേഖകർ (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).
31. കാക്കാരശ്ശിനാടകം - ജി. ഭാർഗ്ഗവൻപിള്ള.
32. പടേനി - കടമ്മനിട്ട വാസുദേവൻപിള്ള.
33. കൂടിയാട്ടം അഭിനയത്തിന്റെ വളർച്ചയും തുടർച്ചയും - കെ. ജി. പൗലോസ്.
34. മലയാളനാടകസർവ്വസ്വം - മടവൂർ ഭാസി.
35. കേരളത്തിലെ നാടൻകലകൾ - എ. കെ. നമ്പ്യാർ.
36. അരങ്ങിലെ ആധുനികീകരണം - ഡോ. സീമ ജെറോം.
37. എൻ. കൃഷ്ണപിള്ളയും പ്രശ്നനാടകവും - ആർ. ബി. രാജലക്ഷ്മി.
38. പരീക്ഷണപ്രവണതകൾ മലയാളനാടകത്തിൽ - എൽ. തോമസ്കുട്ടി.
39. ജി. ശങ്കരപ്പിള്ള: നാടകം ജീവിതം - സാബു കോട്ടുക്കൽ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **II** |
| **കോഴ്സ് കോഡ്** | : | **ML 1231** |
| **കോംപ്ലിമെന്ററി കോഴ്സ്** | : | **III** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## കേരളസംസ്കാരം ഭാഗം 2

**പഠനോദ്ദേശ്യം**

കേരളത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ച് അറിവു നല്കുകയാണ് ലക്ഷ്യം. ഭൂതകാല സംസ്കാരത്തെപ്പറ്റിയും, ചുറ്റുപാടുകളെപ്പറ്റിയും വ്യക്തമായ ധാരണയുണ്ടാക്കുക, സാംസ്കാരികത്തനിമ തിരിച്ചറിയുക, പൗരബോധം വളർത്തുക, സാമൂഹികമാറ്റത്തിനുതകുക, വിമർശനാത്മകചിന്ത വളർത്തുക തുടങ്ങിയവ ആത്യന്തിക ലക്ഷ്യമാവണം.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

പോർട്ടുഗീസ്, ഡച്ച് പാശ്ചാത്യ അധിനിവേശശക്തികളുടെ കടന്നുവരവ് - സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ അവ ഉളവാക്കിയ മാറ്റങ്ങൾ, അധഃസ്ഥിതരുടെ ഉന്നമനം, അധിനിവേശ പ്രതിരോധം - എഴുത്തച്ഛന്റെ സംഭാവന. ബ്രിട്ടീഷ് അധിനിവേശകാലം - അതിനെതിരെ ഉണ്ടായ സമരങ്ങൾ - ആറ്റിങ്ങൽ കലാപം - പഴശ്ശിരാജ, വേലുത്തമ്പിദളവ. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആരംഭം - വിദേശ മിഷണറിമാരുടെ പ്രവർത്തനങ്ങൾ - സാംസ്കാരികരംഗത്തെ പരിവർത്തനങ്ങൾ - മാർത്താണ്ഡവർമ്മയും തിരുവിതാംകൂറും - ഭരണപരിഷ്ക്കാരങ്ങൾ.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ: ചാന്നാർ ലഹള, വൈക്കം, പാലിയം, ഗുരുവായൂർ സത്യാഗ്രഹങ്ങൾ, അയിത്തോച്ചാടനം - മലയാളി - ഈഴവ മെമ്മോറിയലുകൾ, ക്ഷേത്രപ്രവേശനവിളംബരം - സ്വയം പുരോഗതി പ്രാപിക്കാൻ വേണ്ടിയുണ്ടായ സാമുദായിക സംഘടനകൾ (എസ്.എൻ.ഡി.പി, എൻ.എസ്.എസ്, യോഗക്ഷേമസഭ, സാധുജന പരിപാലനയോഗം, പി.ആർ.ഡി.എസ്), ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, സഹോദരൻ അയ്യപ്പൻ, അയ്യങ്കാളി, വക്കം മൗലവി, ടി. കെ. മാധവൻ, മന്നത്തു പത്മനാഭൻ, കെ.കേളപ്പൻ, വി.ടി. ഭട്ടതിരിപ്പാട്, പൊയ്കയിൽ കുമാരഗുരുദേവൻ, ചെറുകോൽ ശുഭാനന്ദഗുരുദേവൻ, ചാവറയച്ചൻ.

### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

സ്വാതന്ത്ര്യാനന്തര കേരളം : കേരളപ്പിറവി, ഭൂനിയമം, പ്രവാസികൾ, വിദേശധനം ഉളവാക്കിയ സാമൂഹികവ്യതിക്രമം, പരിസ്ഥിതി ധ്വംസനം; കുടിയേറ്റവും കൈയേറ്റവും - വിദ്യാഭ്യാസരംഗം, സാംസ്കാരിക സ്ഥാപനങ്ങൾ, സംഘടനകൾ, ആയുർവേദം - പ്രകൃതിചികിത്സ, നാട്ടുവൈദ്യം - പ്രസ്ഥാനങ്ങൾ - ഗ്രന്ഥശാലാപ്രസ്ഥാനം - കേരളഗ്രന്ഥശാലാസംഘം - പി. എൻ. പണിക്കർ, നെയ്യാറ്റിൻകര എ.പി. നായർ, ജ്ഞാനപ്രദായിനി ഗ്രന്ഥശാല, പുസ്തകപ്രസാധനം, അച്ചടി, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ (ഇന്റർനെറ്റ്, ബ്ലോഗ്, കമ്പ്യൂട്ടർ, പത്രം, ടെലിവിഷൻ, സിനിമ, റേഡിയോ).

## രീതിശാസ്ത്രം

വിദ്യാർത്ഥികേന്ദ്രിതമായിരിക്കണം പഠനരീതി. വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്ത വളർത്തുന്ന രീതിയിൽ അസൈൻമെന്റുകളും, സെമിനാറുകളും സംഘടിപ്പിക്കണം. ചരിത്രപ്രാധാന്യവും സാംസ്കാരികപ്രാധാന്യവുമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കിക്കൊടുക്കണം. പ്രാദേശികസംസ്കാരത്തിന് ഊന്നൽ നല്കുന്ന തരത്തിലുള്ള സെമിനാറുകളും പ്രോജക്ടുകളും തയ്യാറാക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടാം. ഒന്നോ, അഞ്ചു പേരിൽ അധികരിക്കാത്തതോ ആയ വിദ്യാർത്ഥിഗ്രൂപ്പുകൾക്ക് അസൈൻമെന്റ് അവതരിപ്പിക്കാൻ അവസരം നല്കാം. ചരിത്രസ്മാരകങ്ങൾ, സാംസ്കാരികകേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാൻ സ്റ്റഡിടൂർ പ്രോഗ്രാം സംഘടിപ്പിക്കണം. അതിനുള്ള സാമ്പത്തിക സഹായം പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതാണ്.

### സഹായകഗ്രന്ഥങ്ങൾ


1. കേരളസംസ്കാരപഠനങ്ങൾ - (എഡി.) പ്രൊഫ. പന്മന രാമചന്ദ്രൻ നായർ.
2. കേരളചരിത്രം - എ. ശ്രീധരമേനോൻ.
3. കേരളചരിത്രം - എം. ആർ. രാഘവവാര്യർ, ഡോ. രാജൻഗുരുക്കൾ.
4. കേരളസംസ്കാരം - എ. ശ്രീധരമേനോൻ.
5. കേരളത്തിന്റെ സാംസ്കാരികചരിത്രം - പി. കെ. ഗോപാലകൃഷ്ണൻ.
6. കേരളത്തിലെ നവോത്ഥാനസമരങ്ങൾ - ഡോ. ആർ. രാധാകൃഷ്ണൻ (മാളുബൻ പബ്ലിക്കേഷൻസ്).
7. സാമൂഹിക നവോത്ഥാനവും സാഹിത്യവും - ഡോ. എൻ. സാം.
8. കേരളചരിത്രശില്പികൾ - പ്രൊഫ. എ. ശ്രീധരമേനോൻ.
9. നെയ്യാറ്റിൻകര എ. പി. നായരും ജ്ഞാനപ്രദായിനിയും - ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ.
10. മാധ്യമപഠനങ്ങൾ - (എഡി.) പ്രൊഫ. പന്മന രാമചന്ദ്രൻനായർ.
11. കലാലോകം - കെ. പി. നാരായണപ്പിഷാരടി.
12. കേരളപത്രപ്രവർത്തനചരിത്രം - പുതുപ്പള്ളി രാഘവൻ.
13. കേരളവിജ്ഞാനകോശം - ദേശബന്ധുപബ്ലിക്കേഷൻസ്.
14. പഴശ്ശിസമരങ്ങൾ - ഡോ. കെ. കെ. എൻ. കുറുപ്പ്.
15. കേരളചരിത്രധാരകൾ - ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ.
16. നവോത്ഥാനസംസ്കാരം കേരളത്തിൽ - (എഡി.) ഡോ. പി. വി. വേലായുധൻപിള്ള.
17. കേരളസംസ്കാരം - പ്രൊഫ. എസ്. അച്യുതവാര്യർ.
18. തിരുവിതാംകൂർ ചരിത്രം - പി. ശങ്കുണ്ണിമേനോൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
19. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള.
20. നാരായണഗുരുസ്വാമി - എം. കെ. സാനു.
21. ചട്ടമ്പിസ്വാമികൾ - പ്രൊഫ. സി. ശശിധരക്കുറുപ്പ്.
22. അയ്യങ്കാളി - ടി. എച്ച്. പി. ചെന്താരശ്ശേരി.
23. ഗ്രന്ഥശാലാപ്രസ്ഥാനം - ഡോ. സി. ഉണ്ണിക്കൃഷ്ണൻ.
24. ആദ്ധ്യാത്മികനവോത്ഥാനത്തിന്റെ ശില്പികൾ - എസ്. ഗുപ്തൻ നായർ.
25. സംസ്കാരമുദ്രകൾ - ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ.
26. കേരള നവോത്ഥാനവും ചാവറയച്ചനും - ഡോ. കുര്യാസ് കുമ്പളക്കുഴി.

## സെമസ്റ്റർ : മൂന്ന്

| | | |
|---|---|---|
| **സെമസ്റ്റർ** | : | **III** |
| **കോഴ്സ് കോഡ്** | : | **ML 1311.1** |
| **ലാംഗേ്വജ് കോഴ്സ്** | : | **VII (അഡീഷണൽ ലാംഗേ്വജ് : III)** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ<br>(18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## ദൃശ്യകലാസാഹിത്യം

**(പാഠപുസ്തകം: ദൃശ്യഭാരതി – കേരളസർവ്വകലാശാലാ പ്രസിദ്ധീകരണം)**

### പഠനോദ്ദേശ്യം

1. കേരളത്തിലെ ദൃശ്യകലാസംസ്കാരത്തിന്റെ സമ്പന്നതയും വൈവിധ്യവും തിരിച്ചറിയുക.
2. കഥകളി, തുള്ളൽ, നാടകം, സിനിമ എന്നീ ദൃശ്യകലകളെയും അവയ്ക്ക് ആധാരമായ സാഹിത്യപാഠങ്ങളെയും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക.

### പാഠ്യപദ്ധതി

**മൊഡ്യൂൾ : ഒന്ന് (36 മണിക്കൂർ)**

**ആട്ടക്കഥ, തുള്ളൽസാഹിത്യം**

കഥകളിയുടെ ഉത്ഭവവികാസപരിണാമങ്ങൾ – ആട്ടക്കഥാസാഹിത്യം – പ്രധാന ആട്ടക്കഥാകൃത്തുക്കൾ – തുള്ളൽപ്രസ്ഥാനം – ചരിത്രം – വികാസപരിണാമങ്ങൾ – തുള്ളൽസാഹിത്യം – സാമാന്യപരിചയം.

### വിശദപഠനം

1. നളചരിതം ആട്ടക്കഥ (ഒന്നാം ദിവസം) – ഉണ്ണായിവാര്യർ.
   (‘അനക്കം കൂടാതേ’ എന്നു തുടങ്ങുന്ന 6-ാം ശ്ലോകം മുതൽ ‘അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ’എന്ന് അവസാനിക്കുന്ന 17-ാം പദം വരെ).
2. ഘോഷയാത്ര (ഓട്ടൻതുള്ളൽ) – കുഞ്ചൻ നമ്പ്യാർ.
   (‘ദ്വൈതേതരസുഖരസികന്മാരായ്’ മുതൽ ‘പണ്ടേക്കാൾ പല വിക്രമപൗരുഷ മുണ്ടിപ്പോൾ മമ കൗരവവീരാ’ വരെ).

**മൊഡ്യൂൾ : രണ്ട് (36 മണിക്കൂർ)**

**നാടകസാഹിത്യം**

നാടകം എന്ന ദൃശ്യകല – സാഹിത്യരൂപം – മലയാള നാടകപ്രസ്ഥാനം – സാമാന്യാവലോകനം.

### വിശദപഠനത്തിന്

1. മലയാളശാകുന്തളം (നാലാം അങ്കം) – വിവ. ഏ. ആർ. രാജരാജവർമ്മ (മറ്റ് അങ്കങ്ങളുടെ സാമാന്യപഠനവും നാലാം അങ്കത്തിന്റെ വിശദപഠനവും).
2. സബർമതി ദൂരെയാണ് – ജി. ശങ്കരപ്പിള്ള.
3. രാവുണ്ണി – പി. എം. താജ്

### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

### തിരക്കഥാപഠനം

ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് സാമാന്യ ജ്ഞാനം നേടണം.

**വിശദപഠനത്തിന്**

ബൈസിക്കിൾ തീവ്സ് - വിറ്റോറിയോ ഡി സീക്ക (വിവ. കെ.എം. ലെനിൻ). *

**സഹായകഗ്രന്ഥങ്ങൾ**


1. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള.
2. ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - കെ. എം. ജോർജ് (എഡി.).
3. നളചരിതം ആട്ടക്കഥ - കൈരളീവ്യാഖ്യാനം - പ്രൊഫ. പന്മന രാമചന്ദ്രൻനായർ
4. ഉയരുന്ന യവനിക - സി.ജെ. തോമസ്, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. മലയാള നാടകസാഹിത്യചരിത്രം - ജി. ശങ്കരപ്പിള്ള.
6. മലയാളനാടകസാഹിത്യചരിത്രം - ഡോ. വയലാ വാസുദേവൻ പിള്ള.
7. സിനിമയുടെ വ്യാകരണം - ഡോ. ടി. ജിതേഷ്.
8. അരങ്ങിലെ ആധുനികീകരണം - ഡോ. സീമ ജെറോം.
9. തിരക്കഥാരചന : കലയും സിദ്ധാന്തവും - ജോസ് കെ. മാനുവൽ.
10. കഥയും തിരക്കഥയും - ആർ. വി. എം. ദിവാകരൻ.
11. സുവർണ ചകോരത്തിന്റെ കഥ - ശാന്തൻ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.)


| | | |
|---|---|---|
| **സെമസ്റ്റർ** | : | **III** |
| **കോഴ്സ് കോഡ്** | : | **ML 1321** |
| **ഫൗണ്ടേഷൻ കോഴ്സ്** | : | **II (ഇൻഫോർമാറ്റിക്സ്)** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## ആധുനിക സാങ്കേതികവിദ്യയും മലയാളഭാഷാപഠനവും

### സാങ്കേതിക പഥം (കേരളസർവ്വകലാശാലാ പ്രസിദ്ധീകരണം)

**പഠനോദ്ദേശ്യം**

1. വിവരസാങ്കേതികവിദ്യയെക്കുറിച്ച് സാമാന്യപരിചയം നേടുക.
2. മലയാളം കമ്പ്യൂട്ടിംഗിനെക്കുറിച്ച് അറിവുണ്ടാവുക.
3. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മലയാള ഭാഷയും സാഹിത്യവും പഠിക്കുക.
4. ഇന്റർനെറ്റിലെ ഭാഷാവ്യവഹാരമാതൃകകളും അവയുടെ സാധ്യതകളും മനസ്സിലാക്കുക.
5. മലയാളത്തിലെ സൈബർ സാഹിത്യത്തെക്കുറിച്ച് സാമാന്യ പരിചയം നേടുക.

### പഠനത്തിന്റെ രീതിശാസ്ത്രം

ആധുനിക സാങ്കേതികവിദ്യയുടെ സഹായം കൂടാതെ നിർവഹിക്കപ്പെടുന്ന ഏത് വിജ്ഞാനശാഖയുടെ പഠനവും അപൂർണ്ണമായിരിക്കും. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും കാലോചിതമായ പഠനത്തിന് സാങ്കേതികവിദ്യയെക്കുറിച്ചുള്ള ജ്ഞാനം അനിവാര്യമാണ്. കമ്പ്യൂട്ടർ എന്ന ഉപകരണത്തെ പ്രയോജനപ്പെടുത്തി നിർവഹിക്കപ്പെടുന്ന ഭാഷാവ്യവഹാരസന്ദർഭങ്ങൾ നിരവധിയാണ്. അവയെക്കുറിച്ചുള്ള അറിവും ഭാഷാപഠനത്തെ ശക്തിപ്പെടുത്തും. മലയാളം കമ്പ്യൂട്ടിംഗിനെക്കുറിച്ച് സാമാന്യമായി വിവരിക്കുക, മലയാളത്തിലെ സൈബർസാഹിത്യത്തെ പരിചയപ്പെടുത്തുക എന്നിവയും പഠനത്തിന്റെ പരിധിയിൽ വരുന്നുണ്ട്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമായ പഠനസാഹചര്യങ്ങളാണ് ഒരുക്കേണ്ടത്.

കോഴ്സ് മൂന്ന് മൊഡ്യൂളായി വിഭജിച്ചിരിക്കുന്നു. പഠനത്തിന് സൂക്ഷ്മതയും ദിശാബോധവും നൽകുന്ന സാമഗ്രി എന്ന നിലയിലാണ് നൽകിയിട്ടുള്ള ലേഖനങ്ങളെ പരിഗണിക്കേണ്ടത്. തത്ത്വാധിഷ്ഠിതമായി മനസ്സിലാക്കിയ കാര്യങ്ങൾ പരിശീലനത്തിലൂടെ ഉറപ്പിക്കുക എന്നതാണ് പ്രായോഗിക പരിശീലനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

(എ) ആധുനിക സാങ്കേതികവിദ്യ - സാമാന്യപരിചയം, ആധുനിക സാങ്കേതികവിദ്യയും ആശയവിനിമയവും; കമ്പ്യൂട്ടർ എന്ന ഉപകരണം - സാമാന്യപരിചയം, വികാസചരിത്രം, വിവിധതരം കമ്പ്യൂട്ടറുകൾ വിവിധ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ, സോഫ്റ്റുവെയറുകൾ; അച്ചടി - വികാസചരിത്രം. സ്വതന്ത്ര സോഫ്റ്റ്വെയർ.

(ബി) മലയാളം കമ്പ്യൂട്ടിംഗിന്റെ ചരിത്രം - വിവിധ മലയാളം സോഫ്റ്റ്വെയറുകൾ, കമ്പ്യൂട്ടറും അച്ചടിയും, വിവിധതരം ഫോണ്ടുകൾ, മലയാളം ടൈപ്പു ചെയ്യുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ - യൂണിക്കോഡ് ഫോണ്ട്.

### വിശദപഠനം

മലയാളഭാഷാ കമ്പ്യൂട്ടിംഗ് ചരിത്രാവലോകനം - ഡോ. മഹേഷ് മംഗലാട്ട് (സൈബർ മലയാളം: എഡി: സുനിത. ടി. വി.).

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

### വിവരസാങ്കേതികവിദ്യയും വ്യവഹാര മാതൃകകളും

ഇന്റർനെറ്റ് - ചരിത്രം, സാധ്യതകൾ, വിവരവിനിമയത്തിലെ കുതിച്ചു ചാട്ടം; വെബ് സൈറ്റ് - പ്രത്യേകതകൾ, മലയാളം വെബ്സൈറ്റുകൾ വെബ് പോർട്ടലുകൾ, മലയാളഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട വെബ്സൈറ്റുകൾ - സാമാന്യവിവരം.

എ) ബ്ലോഗ് - വികാസചരിത്രം, വ്യവഹാരരൂപം എന്ന നിലയിലുള്ള സവിശേഷതകൾ, മലയാളം ബ്ലോഗുകൾ, ബദൽ മാധ്യമം എന്ന നിലയിൽ ബ്ലോഗിന്റെ സാധ്യതകൾ; ബ്ലോഗും ഇതരമാധ്യമങ്ങളും; സിറ്റിസെൻ ജേർണലിസം.

ബി) സോഷ്യൽ നെറ്റുവർക്കുകൾ - വികാസ ചരിത്രം; പ്രധാന സോഷ്യൽ നെറ്റുവർക്കിംഗ് സൈറ്റുകൾ - ഫെയ്സ് ബുക്ക്, ടിറ്റർ, ഓർക്കുട്ട്; പൊതു ഇടം എന്ന നിലയിൽ സോഷ്യൽ നെറ്റുവർക്കുകൾക്കുള്ള സ്ഥാനം.

സി) ഇ-സാഹിത്യം, ഇ-ബുക്ക്, ഇ-റീഡിംഗ്, ഇ-മെയിൽ; വിക്കിപീഡിയ - ആരംഭവും വികാസവും, മലയാളം വിക്കിപീഡിയ.

**വിശദപഠനം**

സാമൂഹിക സമ്പർക്ക സാധ്യതകൾ – വി. കെ. ആദർശ് (നവമാധ്യമ ങ്ങൾ – എഡി: ഡോ. ടി. കെ. സന്തോഷ്കുമാർ).

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## സൈബർ സാഹിത്യം

എന്താണ് സൈബർ സാഹിത്യം – സൈബർ സ്പേസ്, വിർച്ചൽ റിയാലിറ്റി, സൈബർ സാഹിത്യം മലയാളത്തിൽ; സൈബറിൽ പ്രത്യക്ഷമാകുന്ന മലയാള സാഹിത്യം, സൈബർ പ്രമേയമാകുന്ന മലയാള സാഹിത്യകൃതികൾ – സാമാന്യ പരിചയം.

**വിശദപഠനം**

ഭാവനാതീതം : കഥയും പ്രതീതിയാഥാർത്ഥ്യവും – പി. കെ. രാജശേഖരൻ (ഏകാന്ത നഗരങ്ങൾ)

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## പ്രായോഗിക പരിശീലനം

കമ്പ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം, പവർ പോയന്റിൽ സ്ലൈഡുകൾ നിർമ്മിക്കലും പ്രദർശിപ്പിക്കലും. മലയാളം ടൈപ്പിംഗ്, ബ്ലോഗ് നിർമ്മാണം, വെബ് പേജ് നിർമ്മാണം, ഇ-മെയിൽ വിലാസം നിർമ്മിക്കൽ, സോഷ്യൽ നെറ്റുവർക്കുകളിൽ അംഗത്വം നേടലും പരിപാലനവും.

**വിശദപഠനം**

ബ്ലോഗ് ആരംഭം : ബാബുരാജ്. പി. എം. (എങ്ങനെ മലയാളത്തിൽ ബ്ലോഗാം).

**സെമിനാർ, അസൈൻമെന്റ്**

പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ക്രമീകരിച്ച് സെമിനാർ, അസൈൻമെന്റുകൾ എന്നിവ നൽകാവുന്നതാണ്.

**സഹായകഗ്രന്ഥങ്ങൾ**

1. ഇൻഫർമേഷൻ ടെക്നോളജി – ഡോ. അച്യുത് ശങ്കർ എസ്. നായർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. കമ്പ്യൂട്ടർ പരിചയവും പ്രയോഗവും – ഡോ. അച്യുത് ശങ്കർ എസ്. നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
3. ഭൂഗോളവൽക്കരണം – ഡോ. അച്യുത് ശങ്കർ എസ്. നായർ, പ്രിയദർശിനി പബ്ലിക്കേഷൻസ്.
4. വരൂ നമുക്ക് കമ്പ്യൂട്ടറും ഇന്റർനെറ്റും പരിചയപ്പെടാം – വി. കെ. ആദർശ്, ഡി. സി. ബുക്സ്.
5. വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ – വി. കെ. ആദർശ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

6. ഇനിവായന ഇ-വായന - വി. കെ. ആദർശ്, ഡി. സി. ബുക്സ്.
7. ആലോകം മുതൽ ഇ ലോകം വരെ - ഡോ. ജെ. വി. വിളനിലം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
8. ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും - കെ. രവീന്ദ്രൻ & ഡോ. ബി. ഇക്ബാൽ, ഡി. സി. ബുക്സ്.
9. ഇന്റർനെറ്റ് ഒരു പഠനം - പി. സേതുമാധവൻ, ലിപി പബ്ലിക്കേഷൻസ്.
10. എങ്ങനെ മലയാളത്തിൽ ബ്ലോഗാം - പി. എം. ബാബുരാജ്, ഡി. സി. ബുക്സ്.
11. വെബ്സൈറ്റ് - രചന, രൂപകല്പന, പരിപാലനം - ബി. മനോജ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
12. സൈബർ മലയാളം (എഡി.) - സുനീത ടി. വി., കറന്റ് ബുക്സ്, തൃശൂർ.
13. ഇ-മലയാളം - സുനീത ടി. വി., കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
14. ഭാവനാതീതം - മലയാളത്തിലെ സൈബർ കഥകൾ (എഡി.) - പി. കെ. രാജ ശേഖരൻ, ഡി. സി. ബുക്സ്.
15. സൈബർ - ബഹുസ്വര വായനകൾ : എഡി: സജി കരിങ്ങോല.
16. മലയാളവും ഇന്റർനെറ്റും - സുനീത ടി. വി., ലിപി പ്ീക്കേഷൻസ്, കോഴിക്കോട്.
17. വിനിമയം, വ്യവഹാരം, സാമൂഹികത - സാബൂ കോട്ടുക്കൽ.
18. നവമാധ്യമസാഹിത്യം : വികാസത്തിന്റെ ഘട്ടങ്ങൾ - ഡോ. മനോജ് കുറൂർ (നവമാധ്യമങ്ങൾ - ജനകീയതയും വിശ്വാസ്യതയും - എഡി: ഡോ. ടി. കെ. സന്തോഷ് കുമാർ).

| | | |
|---|---|---|
| **സെമസ്റ്റർ** | : | **III** |
| **കോഴ്സ് കോഡ്** | : | **ML 1341** |
| **കോർ കോഴ്സ്** | : | **III** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ**<br>**(18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## സാഹിത്യസിദ്ധാന്തങ്ങൾ : പൗരസ്ത്യവും - പാശ്ചാത്യവും

**പഠനോദ്ദേശ്യം**

പൗരസ്ത്യ പാശ്ചാത്യ കാവ്യശാസ്ത്ര സിദ്ധാന്തങ്ങളുടെ പഠനം കാവ്യാസ്വാദന ശേഷിയും നിരൂപണസിദ്ധിയും വർദ്ധിപ്പിക്കുവാൻ സഹായകമാകണം. സിദ്ധാന്തങ്ങളുടെ പഠനത്തോടൊപ്പം പ്രായോഗികജ്ഞാനം സിദ്ധിക്കുന്നതിനായി അസൈൻമെന്റുകൾ നല്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും വേണം.

**പാഠ്യപദ്ധതി**

## മൊഡ്യൂൾ : ഒന്ന് (36 മണിക്കൂർ)

## പൗരസ്ത്യകാവ്യമീമാംസ

ഭാരതീയവിമർശനം - സംക്ഷിപ്തചരിത്രം (പ്രധാന കാവ്യസിദ്ധാന്തങ്ങളെക്കുറിച്ചുള്ള സാമാന്യജ്ഞാനം).

**വിശദപഠനം**

കവി, കാവ്യം, സഹൃദയൻ, കാവ്യഹേതുക്കൾ, കാവ്യപ്രയോജനങ്ങൾ ഇവയുടെ വിശദീകരണം. - രസസിദ്ധാന്തം - നിർവ്വചനം, രസസംഖ്യ - സ്ഥായിഭാവവും രസവും (രസസൂത്രവ്യാഖ്യാനങ്ങൾ വിശദീകരിക്കേണ്ടതില്ല).

ധ്വനിസിദ്ധാന്തം - ശബ്ദവ്യാപാരങ്ങൾ, വ്യഞ്ജനാവ്യാപാരത്തിന്റെ പ്രാധാന്യം, ധ്വനിലക്ഷണം - ഗുണീഭൂതവ്യംഗ്യവും ധ്വനിയും (ധ്വനിയുടെ അവാന്തരവിഭാഗങ്ങൾ ഏതെല്ലാമെന്ന് പരിചയപ്പെടുത്തിയാൽ മാത്രം മതി. വിശദീകരണങ്ങളിലേക്ക് കടക്കേണ്ടതില്ല).

അലങ്കാരം - നിർവ്വചനം. അർത്ഥാലങ്കാരങ്ങളും ശബ്ദാലങ്കാരങ്ങളും - സാമാന്യ പരിചയം.

**വിശദപഠനം**

ഉപമ, ഉൽപ്രേക്ഷ, രൂപകം, രൂപകാതിശയോക്തി, അപ്രസ്തുത പ്രശംസ, അർത്ഥാന്തരന്യാസം, ശ്ലേഷം, സമാസോക്തി, ദ്വിതീയാക്ഷരപ്രാസം എന്നിവ.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## വൃത്തശാസ്ത്രം

സംസ്കൃതവൃത്തങ്ങളുടെയും ഭാഷാവൃത്തങ്ങളുടെയും സിദ്ധാന്തങ്ങളും പ്രയോഗങ്ങളും അറിയുകയാണ് ലക്ഷ്യം. വൃത്തവും താളവും - സംസ്കൃതവൃത്തത്തിന്റെയും ഭാഷാവൃത്തത്തിന്റെയും പൊതുസ്വഭാവങ്ങൾ - ഇവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ.

**വിശദപഠനം**

ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, വസന്തതിലകം, ശാർദ്ദൂലവിക്രീഡിതം, സ്രഗ്ദ്ധര, വിയോഗിനി, പുഷ്പിതാഗ്ര, കാകളി, കളകാഞ്ചി, മിശ്രകാകളി, ദ്രുതകാകളി, കേക, തരംഗിണി, മഞ്ജരി, നതോന്നത എന്നീ വൃത്തങ്ങൾ.

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## പാശ്ചാത്യസാഹിത്യമീമാംസ

പ്രധാന പ്രസ്ഥാനങ്ങളും സിദ്ധാന്തങ്ങളും. ക്ലാസ്സിസിസം, നിയോ ക്ലാസ്സിസിസം, റൊമാന്റിസിസം, റിയലിസം, സിംബലിസം, മോഡേണിസം, പോസ്റ്റ് മോഡേണിസം എന്നിവയെക്കുറിച്ചുള്ള സാമാന്യജ്ഞാനം.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

### (എ) നിരൂപണവിഭാഗങ്ങൾ – സാമാന്യജ്ഞാനം

ബയോഗ്രാഫിക്കൽ, സോഷ്യോളജിക്കൽ, ഹിസ്റ്റോറിക്കൽ, സൈക്കോളജിക്കൽ, ഈസ്തെറ്റിക്കൽ, മാർക്സിയൻ നിരൂപണങ്ങൾ, ന്യൂക്രിട്ടിസിസം – പാരിസ്ഥിതിക, ഫെമിനിസ്റ്റ്, ദളിത് നിരൂപണങ്ങൾ.

### (ബി) സാഹിത്യരൂപങ്ങൾ – സാമാന്യജ്ഞാനം

നാടകം – മഹാകാവ്യം – കവിത – ഭാവഗീതം – നോവൽ – ചെറുകഥ.

### സെമിനാർ, അസൈന്മെന്റ്

പൗരസ്ത്യവും പാശ്ചാത്യവുമായ സിദ്ധാന്തങ്ങൾ ആസ്പദമാക്കി കൃതികൾ നിരൂപണം ചെയ്യുക. കാവ്യങ്ങളിലെ അലങ്കാരങ്ങളും വൃത്തങ്ങളും കണ്ടെത്തി വിശദപഠനം നടത്തുക.

### പാഠപുസ്തകങ്ങൾ

1. ഭാഷാഭൂഷണം: ഏ. ആർ. രാജരാജവർമ്മ
2. വൃത്തമഞ്ജരി: ഏ. ആർ. രാജരാജവർമ്മ

### സഹായകഗ്രന്ഥങ്ങൾ


1. ഭാരതീയകാവ്യശാസ്ത്രം – ഡോ. ടി. ഭാസ്കരൻ.
2. കാവ്യമീമാംസ – ഡോ. കെ. സുകുമാരപിള്ള.
3. ഭാരതീയകാവ്യശാസ്ത്രം – വേദബന്ധു.
4. ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ – (എഡി:) നെല്ലിക്കൽ മുരളീധരൻ.
5. ഭാരതീയസാഹിത്യദർശനം – ഡോ. ചാത്തനാത്ത് അച്യുതനുണ്ണി.
6. വൃത്തവിചാരം – കെ. കെ. വാദ്ധ്യാർ.
7. വൃത്തശില്പം – കുട്ടിക്കൃഷ്ണമാരാര്.
8. വൃത്തശാസ്ത്രം – ഡോ. ടി. വി.മാത്യു.
9. വർണ്ണഭേദങ്ങൾ പാഠഭേദങ്ങൾ – ഡോ. പി.കെ. പോക്കർ, ചിന്ത പബ്ലിഷേഴ്സ്.
10. കാവ്യമീമാംസ – പാശ്ചാത്യവും പൗരസ്ത്യവും – ഡോ.എൻ.ആർ. ഗോപിനാഥപിള്ള.
11. പാശ്ചാത്യസാഹിത്യദർശനം – എം. അച്യുതൻ.
12. പാശ്ചാത്യസാഹിത്യതത്ത്വശാസ്ത്രം – കെ.എം. തരകൻ.
13. നിരൂപണസാഹ്യം – ഡോ. പി. വി. വേലായുധൻപിള്ള.
14. വിശ്വസാഹിത്യദർശനങ്ങൾ – നെല്ലിക്കൽ മുരളീധരൻ.
15. ഘടനാവാദോത്തരചിന്ത – പി. പി. രവീന്ദ്രൻ.
16. വക്രോക്തി കൈരളി – ഡോ. പൂജപ്പുര കൃഷ്ണൻ നായർ.
17. ആധുനികാനന്തരം – പി. പി. രവീന്ദ്രൻ.
18. അപനിർമ്മാണം – വി. സി. ശ്രീജൻ.
19. ദറിദ – അപനിർമ്മാണത്തിന്റെ തത്വചിന്തകൻ – പി. കെ. പോക്കർ.

20. രസകൗമുദി - ഡോ. പൂജപ്പുര കൃഷ്ണൻ നായർ.
21. ആധുനികാനന്തര സാഹിത്യസമീപനങ്ങൾ - സി. ജെ. ജോർജ്ജ് (എഡി:).
22. ഛന്ദസ്സ് നമ്മുടെ കവിതയിൽ - സച്ചിദാനന്ദൻ, മലയാളകവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, പുറം 83-99.
23. ദലിത് സാഹിത്യപ്രസ്ഥാനം - കെ. എം. പുരുഷോത്തമൻ.
24. ഭാരതീയേതര സാഹിത്യസിദ്ധാന്തങ്ങൾ - ഡോ. തോമസ് സ്കറിയ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **III** |
| **കോഴ്സ് കോഡ്** | : | **ML 1331** |
| **കോംപ്ലിമെന്ററി കോഴ്സ്** | : | **V** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## പരിസ്ഥിതി : സിദ്ധാന്തവും ആവിഷ്ക്കാരവും

### പഠനോദ്ദേശ്യം

പരിസ്ഥിതിദർശനവുമായി ബന്ധപ്പെട്ട ആശയങ്ങൾ, തത്ത്വങ്ങൾ, പ്രവണതകൾ, പ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവുകൾ നേടുക - പ്രകൃതിസ്രോതസ്സുകളെയും അവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും കുറിച്ചു മനസ്സിലാക്കുക - പരിസ്ഥിതിയുടെ ജൈവ, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക വശങ്ങൾ, പാരിസ്ഥിതിക മേഖലയിൽ മനുഷ്യനുള്ള സ്വാധീനത്തിന്റെ പ്രത്യേകത, ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിനാവശ്യമായ സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചു മനസ്സിലാക്കുക - സർഗ്ഗാത്മകതലത്തിൽ, പരിസ്ഥിതിദർശനത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ട് കലയെയും സാഹിത്യത്തെയും കാണുവാനും വിലയിരുത്തുവാനുമുള്ള മനോഭാവം സൃഷ്ടിക്കുക.

### പാഠ്യപദ്ധതി

**മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)**

**എ. പരിസ്ഥിതിദർശനം**

പരിസ്ഥിതി - അർത്ഥവും വ്യാപ്തിയും - പരിസ്ഥിതി സമീപനങ്ങൾ - പരിസ്ഥിതി ദർശനങ്ങൾ - ഗഹനപരിസ്ഥിതിവാദം - സാമൂഹിക പരിസ്ഥിതിവാദം - പാരിസ്ഥിതിക സ്ത്രീവാദം - പാരിസ്ഥിതിക മാർക്സിസം - പാരിസ്ഥിതികപ്രസ്ഥാനങ്ങൾ - ഇവയെക്കുറിച്ചുള്ള പഠനം.

**ബി. പരിസ്ഥിതിദർശനം സർഗ്ഗാത്മകതലത്തിൽ**

പരിസ്ഥിതിബോധം സാമൂഹിക, സാംസ്കാരികതലങ്ങളിൽ, പരിസ്ഥിതിബോധം സർഗ്ഗാത്മകതലത്തിൽ - പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം - പരിസ്ഥിതിദർശനം കലാരൂപങ്ങളിൽ - സാഹിത്യത്തിൽ - സാമാന്യപഠനം.

## മൊഡ്യൂൾ : രണ്ട് (9 മണിക്കൂർ)

## പരിസ്ഥിതി ദർശനം - പഠനങ്ങൾ

**വിശദപഠനം :**

1. പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര - ഡോ. ടി. പി. സുകുമാരൻ (ഈ പേരിലുള്ള ലേഖനം മാത്രം) - ബോധി പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. സംസ്കാരവും ആവാസവ്യവസ്ഥയും - ജി. മധുസൂദനൻ (ഭാവനയുടെ ജലസ്ഥലികൾ).

## മൊഡ്യൂൾ : മൂന്ന് (9 മണിക്കൂർ)

## പരിസ്ഥിതിദർശനം കഥയിൽ

**വിശദപഠനം**

1. ആമസോൺ - അശോകൻ ചരുവിൽ
2. ഹരിതമോഹനം - സുസ്മേഷ് ചന്ദ്രോത്ത്

## മൊഡ്യൂൾ : നാല് (9 മണിക്കൂർ)

## പരിസ്ഥിതിദർശനം നോവലിൽ

**വിശദപഠനം**

ജൈവം - പി. സുരേന്ദ്രൻ

## മൊഡ്യൂൾ : അഞ്ച് (9 മണിക്കൂർ)

## പരിസ്ഥിതിദർശനം കവിതയിൽ

**വിശദപഠനം**

1. കൊച്ചിയിലെ വൃക്ഷങ്ങൾ - കെ. ജി. ശങ്കരപ്പിള്ള
2. ഭൂമിയുടെ ചടങ്ങുകൾ - സച്ചിദാനന്ദൻ
3. അതിരപ്പിള്ളിക്കാട്ടിൽ - പി. എൻ. ഗോപീകൃഷ്ണൻ
   (ഇടിക്കാലൂരി പനമ്പട്ടടി - മാതൃഭൂമി പ്രസിദ്ധീകരണം)

## മൊഡ്യൂൾ : ആറ് (9 മണിക്കൂർ)

## ഹരിതദർശനം നാടകത്തിലും ചലച്ചിത്രത്തിലും

**വിശദപഠനം**

**(എ) നാടകം:** കനകം വിളയുന്ന മണ്ണ് - തിക്കോടിയൻ.

**(ബി) ചലച്ചിത്രം:** 1. പേരറിയാത്തവർ - ഡോ. ബിജു.

2. അരജീവിതങ്ങൾക്ക് ഒരു സ്വർഗ്ഗം - എം. എ. റഹ്മാൻ.

3. ഓരോപുഴയും പറയുന്നത് - അലിഫ്ഷാ.

**സഹായകഗ്രന്ഥങ്ങൾ**


1. ഹരിതനിരൂപണം മലയാളത്തിൽ - (എഡി.) ജി. മധുസൂദനൻ, കറന്റ് ബുക്സ്, തൃശൂർ.
2. കഥയും പരിസ്ഥിതിയും - ജി. മധുസൂദനൻ, കറന്റ് ബുക്സ്, തൃശൂർ.
3. പരിസ്ഥിതി കവിതയ്ക്കൊരാമുഖം - പി. പി. കെ. പൊതുവാൾ, ഡി. സി. ബുക്സ്,
4. പരിസ്ഥിതിബോധവും സംസ്കാരവും - പി. പി. കെ. പൊതുവാൾ, മാതൃഭൂമി ബുക്സ്.
5. പരിസ്ഥിതിവിജ്ഞാനം - എൻ. ബാലകൃഷ്ണൻ നായർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
6. പ്രകൃതി, പരിസ്ഥിതി ദാരിദ്ര്യം ഊർജ്ജം - ആനന്ദ്, ഡി. സി. ബുക്സ്.
7. ഹരിതരാഷ്ട്രീയം : ചരിത്രം സിദ്ധാന്തം പ്രയോഗം– ജോർജ് കെ. അലക്സ്, ഡി. സി. ബുക്സ്.
8. ജീവന്റെ കയ്യൊപ്പ് - ആഷാമേനോൻ: ഡി. സി. ബുക്സ്.
9. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര - ഡോ. ടി. പി. സുകുമാരൻ, ബോധി പബ്ലിക്കേഷൻസ്, കോഴിക്കോട്.
10. കവിതയുടെ രഥോത്സവം - (എഡി.) അജയപുരം ജ്യോതിഷ്കുമാർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
11. ഹരിതസാഹിത്യദർശനം - എം. അച്യുതൻ.
12. കവിതയും പരിസ്ഥിതിയും - എസ്. രാജശേഖരൻ.
13. കാലിഫോർണിയ കാടുകളിൽ - സുഗതകുമാരി.
14. ഹരിതദർശനം ആധുനികാനന്തരകവിതയിൽ - ഡോ. സി. ആർ. പ്രസാദ്.
15. പ്രതിരോധചിന്തകൾ - ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
16. മലയാള കവിതയും പരിസ്ഥിതിയും - ഡോ. ആനന്ദ് കാവാലം.
17. പടരുന്ന മഷിച്ചാലുകൾ - ഐറിസ് കൊയ്‌ലിയോ.
18. ഭാവനയുടെ ജലസ്ഥലികൾ - ജി. മധുസൂദനൻ.
19. പ്രകൃതി സമീപനങ്ങൾ ആദ്യകാല കവിതകളിൽ - ഡോ. സീമ ജെറോം.
20. പരിസ്ഥിതിയുടെ രാഷ്ട്രീയം - (എഡി.) സി. റഹിം, ഫേബിയൻ ബുക്സ്.

## സെമസ്റ്റർ : നാല്

| | | |
|---|---|---|
| സെമസ്റ്റർ | : | IV |
| കോഴ്സ് കോഡ് | : | ML 1411.1 |
| ലാംഗേജ് കോഴ്സ് | : | IX (അഡീഷണൽ ലാംഗേജ് - IV) |
| സമയക്രമം | : | ആഴ്ചയിൽ 5 മണിക്കൂർ<br>(18 ആഴ്ചയിൽ 90 മണിക്കൂർ) |
| ക്രെഡിറ്റ് | : | 4 |

## ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

### പഠനോദ്ദേശ്യം

1. വിദ്യാർത്ഥികളുടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കുക.
2. ഔദ്യോഗിക/ഭരണകാര്യങ്ങളും ശാസ്ത്രവിഷയങ്ങളും മലയാളഭാഷയിലൂടെ അവതരിപ്പിക്കാനുള്ള കഴിവുണ്ടാകുക.
3. മലയാളഭാഷ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന പാകപ്പിഴകൾ സ്വയം തിരുത്താൻ പ്രാപ്തരാക്കുക.
4. പദം, വാക്യം, ചിഹ്നം എന്നിവ തെറ്റുകൂടാതെ പ്രയോഗിക്കുന്നതിലൂടെ ഭാഷാശുദ്ധി നിലനിർത്തുക.
5. മലയാളഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് നേടിക്കൊടുക്കുക.
6. വിവർത്തനത്തിൽ പ്രായോഗിക പരിശീലനം നൽകുക.

### പാഠ്യപദ്ധതി

#### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

#### ആശയ വിനിമയം

1. പൊതുവിഷയം അടിസ്ഥാനമാക്കി ഉപന്യാസ രചന.
2. ഭാഷാശുദ്ധി - തെറ്റായരൂപത്തിൽ എഴുതപ്പെടുന്ന വാക്കുകളും അവയുടെ ശരിയായ രൂപങ്ങളും - വാക്യരചനയിൽ സാധാരണ വരുന്ന പിഴവുകളും അവ തിരുത്തുതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും - പ്രധാനപ്പെട്ട ചിഹ്നങ്ങളും അവയുടെ പ്രയോഗസാഹചര്യങ്ങളും.
3. സത്ത ചോർന്നു പോകാതെ സംഗ്രഹിക്കൽ.
4. ആശയവിപുലനം.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## സർഗ്ഗാത്മകരചന

സർഗാത്മകത - നിർവചനം - സർഗാത്മകതയുടെ ഉറവിടം - വിവിധ കാഴ്ചപ്പാടുകൾ - കാവ്യപ്രചോദനത്തെക്കുറിച്ചുള്ള ഭാരതീയസങ്കല്പം - സർഗ്ഗാത്മകരചനയിലേക്കു നയിക്കുന്ന സാഹചര്യങ്ങൾ - ജന്മവാസന - അനുഭവം - ആവിഷ്കാരം - രചനയുടെ വിവിധഘട്ടങ്ങൾ.

1. കാഥികന്റെ പണിപ്പുര - എം. ടി. വാസുദേവൻ നായർ

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## വിവർത്തനം

**പ്രായോഗിക പരിശീലനം:**

ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കും മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കുമുള്ള വിവർത്തനം - ഗദ്യം, പദ്യം, ശൈലികൾ, പഴഞ്ചൊല്ലുകൾ, സാങ്കേതിക പദങ്ങൾ മുതലായവയുടെ വിവർത്തനം.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## മാദ്ധ്യമ മലയാളം

വിനിമയമാധ്യമങ്ങൾ - മാധ്യമരംഗത്തെ ഇന്നത്തെ അവസ്ഥ - വിവിധതരം മാധ്യമങ്ങൾ - അച്ചടിമാധ്യമം, റേഡിയോ, ചലച്ചിത്രം, ടെലിവിഷൻ, ഇന്റർനെറ്റ് (സാമൂഹിക മാധ്യമങ്ങൾ) - മാധ്യമസ്വഭാവത്തിലും വിനിമയസ്വഭാവത്തിലും ഉള്ള ഇവയുടെ സവിശേഷതകൾ, വ്യത്യസ്തതകൾ - മാധ്യമങ്ങളും സമൂഹവും - മാധ്യമങ്ങൾ തുറന്നുതരുന്ന പുതിയ വിനിമയ സാധ്യതകൾ.

## മൊഡ്യൂൾ : അഞ്ച് (18 മണിക്കൂർ)

## സൈബർ മലയാളം

സൈബർലോകം തുറന്നുതരുന്ന എഴുത്തിന്റെയും വായനയുടെയും പുതിയ സാദ്ധ്യതകൾ - ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ച - സൈബർ മലയാളം - സൈബർ സാഹിത്യം - മലയാളഭാഷാവിനിമയത്തിനും സാഹിത്യാസ്വാദനത്തിനും സൈബർലോകം നൽകുന്ന സംഭാവനകൾ.

1. മലയാളം കമ്പ്യൂട്ടിംഗ് (വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ)
   - വി. കെ. ആദർശ്.

**സഹായകഗ്രന്ഥങ്ങൾ**


1. മാധ്യമം : മൗലികതവും നിരാകരണവും - ഡോ. എ. എം. ശ്രീധരൻ, നാഷണൽ ബുക്ക് സ്റ്റാൾ.
2. മാധ്യമങ്ങളും മലയാളസാഹിത്യവും - എം. വി. തോമസ്, കേരള സാംസ്ക്കാരിക പ്രസിദ്ധീകരണവകുപ്പ്.
3. മാധ്യമങ്ങളും മലയാളസാഹിത്യവും - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,
4. മാധ്യമവിചിന്തനം - ഡോ. കെ.വി. തോമസ്, ഡോ. മാത്യു ജെ. മുട്ടത്ത്, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

5. മലയാളവും ഇന്റർനെറ്റും - സുനീത ടി.വി., ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
6. സൈബർ മലയാളം - (എഡി.) സുനീത ടി. വി., കറന്റ് ബുക്സ്, തൃശൂർ.
7. ഭാഷയും ഭരണഭാഷയും - ഡോ. എഴുമറ്റൂർ രാജരാജവർമ്മ, ഇൻഫർമേഷൻ ആന്റ് പബ്ലിക്കേഷൻ വകുപ്പ്, കേരള സർക്കാർ.
8. ഭരണ ശബ്ദാവലി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,
9. വൃത്താന്തപത്രപ്രവർത്തനം - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, മാളുബെൻ പബ്ലിക്കേഷൻസ്.
10. ലിറിക്കൽ ബാലഡ്സിന്റെ ആമുഖം - വില്യം വേർഡ്സ്വർത്ത്, വിവ: ഡോ. തോന്നയ്ക്കൽ വാസുദേവൻ, എം. എൻ. വിജയൻ സാംസ്ക്കാരികവേദി.
11. ഗദ്യശില്പം - സി. വി. വാസുദേവഭട്ടതിരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,.
12. തെറ്റും ശരിയും - പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം.
13. തെറ്റില്ലാത്ത മലയാളം - പ്രൊഫ. പന്മന രാമചന്ദ്രൻ നായർ,
14. ഭാഷാശുദ്ധി - സംശയപരിഹാരങ്ങൾ - പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം.
15. ഭാഷാശുദ്ധിയും ഭരണഭാഷയും - ഡോ. വിളക്കുടി രാജേന്ദ്രൻ, പ്രിയദർശിനി പബ്ലിക്കേഷൻസ്.
16. മലയാളശൈലി - കുട്ടികൃഷ്ണമാരാര്, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
17. തായ്മൊഴി - എം. എൻ. കാരശ്ശേരി, ഡി. സി. ബുക്സ്.
18. ഭരണഭാഷാപ്രശ്നങ്ങൾ  എം. വി. തോമസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
19. വിവർത്തനവിചാരം - ഡോ. എൻ. ഇ. വിശ്വനാഥ അയ്യർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
20. തർജുമയുടെ താക്കോൽ - സി. വി. വാസുദേവ ഭട്ടതിരി, സ്കൈ ബുക്സ് പബ്ലിഷേഴ്സ്.
21. നല്ലമലയാളം - സി.വി.വാസുദേവഭട്ടതിരി, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
22. തെളിമലയാളം - എം. എൻ. കാരശ്ശേരി.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **IV** |
| **കോഴ്സ് കോഡ്** | : | **ML 1441** |
| **കോർ കോഴ്സ്** | : | **IV** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## മലയാളകവിത - പൂർവ്വഘട്ടം

**(പുസ്തകം: ഉദയഭാരതി - യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം)**

**പഠനോദ്ദേശ്യം**

1. മലയാളകവിതയുടെ വാമൊഴിപാരമ്പര്യം മുതൽ പത്തൊമ്പതാം നൂറ്റാണ്ടുവരെയുള്ള വ്യത്യസ്ത കാവ്യസമ്പ്രദായങ്ങളെയും ചരിത്രഘട്ടങ്ങളെയും പരിചയപ്പെടുക.

2. പ്രാചീന - മദ്ധ്യകാലഘട്ടങ്ങളിലെ കാവ്യപ്രസ്ഥാനങ്ങളെ തിരിച്ചറിയുക.
3. പ്രസ്ഥാനപരമായ കവിതാപഠനത്തോടൊപ്പം കാലം, ദേശം, കവിവ്യക്തിത്വം എന്നിവയിൽ അടിസ്ഥാനധാരണയുണ്ടാകുക.
4. കാവ്യവിശകലനത്തിനും കാവ്യാസ്വാദനത്തിനും വഴിയൊരുക്കുക.
5. കാവ്യഭാഷയിൽ സംഭവിച്ച കാലാനുസൃതമായ പരിണാമങ്ങൾ തിരിച്ചറിയുക.
6. താളം, വൃത്തം, അലങ്കാരം, ബിംബസന്നിവേശം, ഇതരകാവ്യസങ്കേതങ്ങൾ എന്നിവയെക്കുറിച്ച് അറിവു നേടുക.

**പാഠ്യപദ്ധതി**

## മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

മലയാളകവിതയുടെ വേരുകൾ - നാടൻപാട്ടുകൾ - വീരകഥാഗാനങ്ങൾ - ചരിത്ര കഥാഗാനങ്ങൾ - കൃഷിപ്പാട്ടുകൾ - വിനോദഗാനങ്ങൾ - വാമൊഴിസാഹിത്യത്തിന്റെ സവിശേഷതകൾ - പ്രാചീനസാഹിത്യം - പാട്ട് - ലീലാതിലകത്തിലെ നിർവചനം - രാമചരിതം - പാട്ടിന്റെ പരിണാമം - തിരുനിഴൽമാല - നിരണംകൃതികൾ - കണ്ണശ്ശരാമായണം - ഭാരതമാല - ഭാഷാഭഗവദ്ഗീത - രാമകഥപ്പാട്ട്.

**വിശദപഠനം**

1. കൃഷിപ്പാട്ട് - മാരിമഴകൾ നനഞ്ഞേ...
2. പലവകപാട്ട് - കറുത്ത പെണ്ണേ കരിങ്കുഴലീ...(കേരളഭാഷാഗാനങ്ങൾ, ഭാഗം 2, കേരളസാഹിത്യ അക്കാദമി 1980, പുറം 147, 332).
3. രാമചരിതം - 1-ാം പടലം.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

മണിപ്രവാളം - ലീലാതിലകത്തിലെ നിർവ്വചനം - ഭാഷാപരമായ സവിശേഷതകൾ - ഇതിവൃത്തം - സമകാലികജീവിതത്തോടുള്ള സമീപനം - പ്രാദേശികത - കാവ്യഗുണം - പ്രാചീനചമ്പുക്കൾ - ഉണ്ണിയച്ചീചരിതം - ഉണ്ണിയാടീചരിതം - ഉണ്ണിച്ചിരുതേവീചരിതം - ചന്ദ്രോത്സവം - സന്ദേശകാവ്യങ്ങൾ - ഉണ്ണുനീലിസന്ദേശം - കോകസന്ദേശം - മദ്ധ്യകാലചമ്പുക്കൾ - ഭാഷാരാമായണം ചമ്പു - നൈഷധം ചമ്പു - പ്രാചീന - മദ്ധ്യകാല ചമ്പുക്കൾ താരതമ്യം - ഇതര മണിപ്രവാളകൃതികൾ- സാമാന്യവിശകലനം.

**വിശദപഠനം**

1. ഉണ്ണിച്ചിരുതേവീചരിതം - ഒരു ഗദ്യം (പൊയിലം വർണ്ണന - ഗദ്യം: 5)
2. ഉണ്ണുനീലിസന്ദേശം (പൂർവ്വഭാഗത്തിൽനിന്ന് ആദ്യത്തെ 15 ശ്ലോകം).
3. ഭാഷാനൈഷധം ചമ്പു (പൂർവ്വഭാഗം) - മഴമംഗലം.

   (‘അമ്പത്തൊന്നക്ഷരാളീ....’ മുതൽ ‘ശ്രോത്രപ്രീതിയെവെച്ചു വാഴ്ചകഴിയിച്ചാരമ്പിതൗദംപതീ....’ വരെ 20 പദ്യവും ‘ഹരഹരശിവശിവ ചിത്രംചിത്രം...’ എന്നു തുടങ്ങുന്ന ഒരു ഗദ്യവും മാത്രം).

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

പാട്ടിന്റെ പരിണാമം - ലക്ഷണങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യം - ഭാഷയുടെ പരിണാമം - ഗാഥാപ്രസ്ഥാനം - കൃഷ്ണഗാഥ - രചനാപരമായ സവിശേഷതകൾ - ഫലിതം - ഭക്തി - ശൃംഗാരം - വർണ്ണന - ലാളിത്യം - പുരാണകഥാസ്വീകാരം. കിളിപ്പാട്ടുപ്രസ്ഥാനം - എഴുത്തച്ഛൻ - അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് - ഭാരതം കിളിപ്പാട്ട് - ഭക്തിയും നവോത്ഥാനവും - എഴുത്തച്ഛന്റെ ഭാഷ - സംസ്കാരസമന്വയം - ഭാഷയുടെ മാനകീകരണം - പിൽക്കാല കവിതയിലെ സ്വാധീനം - കീർത്തന സാഹിത്യം - പൂന്താനം - ജ്ഞാനപ്പാന - അറബിമലയാളം - സാംസ്കാരിക സാഹചര്യം.

**വിശദപഠനം**

1. കൃഷ്ണഗാഥ - വത്സസ്തേയം - ചെറുശ്ശേരി.
2. മഹാഭാരതം കിളിപ്പാട്ട് - സ്ത്രീപർവ്വം - എഴുത്തച്ഛൻ.
3. ജ്ഞാനപ്പാന - പൂന്താനം.

## മൊഡ്യൂൾ : നാല് (36 മണിക്കൂർ)

രംഗകലകളും സാഹിത്യവും - ഇതിഹാസങ്ങൾ രംഗകലകളിൽ - ആട്ടക്കഥ - രാമനാട്ടം - കോട്ടയത്തു തമ്പുരാൻ - ആട്ടക്കഥകളുടെ രൂപഘടന - നളചരിതം - കവിതയും പ്രമേയവും - ഇരയിമ്മൻതമ്പി - വി. കൃഷ്ണൻതമ്പി തുള്ളൽപ്രസ്ഥാനം - കുഞ്ചൻനമ്പ്യാർ - ജനകീയകവി - പുരാണകഥാപുനരാഖ്യാനവും സാമൂഹിക വിമർശനവും - വഞ്ചിപ്പാട്ട് - കുചേലവൃത്തവും രാമപുരത്തുവാര്യരും - കേരളവർമ്മയുഗം - മഹാകാവ്യപ്രസ്ഥാനം - രചനാപരീക്ഷണങ്ങൾ - സംസ്കൃതകാവ്യനാടകങ്ങളുടെ വിവർത്തനം - വെണ്മണിപ്രസ്ഥാനം - കൊടുങ്ങല്ലൂർ കളരി - കവിതയും വിനോദവും - പച്ചമലയാളം - വെണ്മണിക്കവിതയുടെ സവിശേഷതകൾ - മുക്തകങ്ങൾ - സമസ്യാ പൂരണങ്ങൾ - കവിതക്കത്തുകൾ - കാവ്യസമരങ്ങൾ - കവിതയിലെ പുതുയുഗ പ്പൊടിപ്പുകൾ.

**വിശദപഠനം**

1. നളചരിതം രണ്ടാം ദിവസം (ആട്ടക്കഥ) - ഉണ്ണായിവാര്യർ.
2. സഭാപ്രവേശം (തുള്ളൽ) - കുഞ്ചൻ നമ്പ്യാർ.
3. കുചേലവൃത്തം വഞ്ചിപ്പാട്ട് - രാമപുരത്തു വാര്യർ ('പറഞ്ഞതങ്ങനെ തന്നെ....' എന്നതുമുതൽ 'ശാർങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു' - എന്നതുവരെ).
4. ഉമാകേരളം - ഉള്ളൂർ.

   (സർഗം 1 - 'ശ്രീക്കേറ്റലാസ്യപദമായ്....' തുടങ്ങി 'മാരിപെഴിച്ചിടുന്നു' വരെ - ആദ്യ 20 ശ്ലോകം).

5. **മുക്തകങ്ങൾ.**
   1. പാടത്തിങ്കര നീളെ നീലനിറമായ്... - ചേലപ്പറമ്പ് നമ്പൂതിരി.
   2. വാസന്തീമധുവാർന്നവാക്കിനു.. - കേരളവർമ്മ വലിയകോയിത്തമ്പുരാൻ.
   3. വാകച്ചാർത്തിനുവല്ലവണ്ണവു..... - വി. കെ. ഗോവിന്ദൻനായർ.

**സഹായകഗ്രന്ഥങ്ങൾ**

1. കേരളസാഹിത്യചരിത്രം - ഉള്ളൂർ.
2. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - (എഡി.) ഡോ. കെ. എം. ജോർജ്.
3. സമ്പൂർണമലയാളസാഹിത്യചരിത്രം - (എഡി.) പന്മന രാമചന്ദ്രൻനായർ.
4. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള.
5. പദ്യസാഹിത്യചരിത്രം - ടി. എം. ചുമ്മാർ.
6. മലയാളകവിതാ സാഹിത്യചരിത്രം - ഡോ. എം. ലീലാവതി.
7. ഗാഥയും കിളിപ്പാട്ടും - ഡോ. എൻ. മുകുന്ദൻ.
8. കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും - വി. എസ്. ശർമ്മ.
9. വെണ്മണി പ്രസ്ഥാനം - അകവൂർ നാരായണൻ.
10. മണിപ്രവാളകവിത - ഡോ. പി. വി. വേലായുധൻപിള്ള.
11. കണ്ണശ്ശന്മാരും എഴുത്തച്ഛനും (ഒരു ഉപപാദനം) - വിദ്വാൻ കുറിശ്ശേരി നാരായണ പിള്ള.
12. ഒറ്റശ്ലോകങ്ങൾ - എ. ഭാസ്കരൻ.
13. വചനവഴിയിലെ വിസ്മയങ്ങൾ - ഡോ. ആർ. ബി. ശ്രീകല.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **IV** |
| **കോഴ്സ് കോഡ്** | : | **ML 1442** |
| **കോർ കോഴ്സ്** | : | **V** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## മലയാളസാഹിത്യനിരൂപണം

**പഠനോദ്ദേശ്യം:**

മലയാളഭാഷയിലെ സാഹിത്യവിമർശനശാഖയെപ്പറ്റി സാമാന്യമായ അവബോധം വിദ്യാർത്ഥികളിലുണ്ടാക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. മലയാള നിരൂപണത്തിന്റെ ഉൽപ്പത്തിയുടെയും വളർച്ചയുടെയും ഘട്ടങ്ങൾ, പ്രധാന നിരൂപകർ, സമകാലിക നിരൂപണത്തിന്റെ പ്രവണതകൾ എന്നിവ ഇവിടെ പഠനവിധേയമാക്കുന്നു. ഒപ്പം പ്രമുഖ നിരൂപകരുടെ വിമർശനമാതൃകകളും പാഠ്യവിഷയമാക്കുന്നു.

**രീതിശാസ്ത്രം**

ഈ കോഴ്സ് നാലു മൊഡ്യൂളായി വിഭജിച്ചിരിക്കുന്നു. ആദ്യത്തെ രണ്ട് മൊഡ്യൂൾ ചരിത്രപരമായ പഠനത്തിനും മൂന്നും നാലും മൊഡ്യൂളുകൾ പ്രായോഗിക നിരൂപണ ത്തിന്റെ പഠനത്തിനും ഇടം നൽകുന്നു. പ്രമുഖരായ നിരൂപകരുടെ വിമർശനകൃതികൾ പരിചയപ്പെട്ടുകൊണ്ടുള്ള ഒരു പഠനരീതിയാണ് അവലംബിക്കേണ്ടത്. അത്തരത്തി ലായിരിക്കണം അസൈൻമെന്റും സെമിനാറും സംഘടിപ്പിക്കേണ്ടതും.

## പാഠ്യപദ്ധതി

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

മലയാളസാഹിത്യവിമർശനത്തിന്റെ ആരംഭവും പത്രമാസികകളുടെ പങ്കും - പ്രാസവാദത്തിന്റെ പ്രസക്തി - സി. പി. അച്യുതമേനോൻ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, സി. അന്തപ്പായി, ഏ. ആർ. രാജരാജവർമ്മ, സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള - എന്നിവരുടെ സംഭാവനകൾ - സാമാന്യജ്ഞാനം. വിമർശനത്തിന്റെ നവോത്ഥാനഘട്ടം - കേസരി എ ബാലകൃഷ്ണപിള്ള, എം.പി. പോൾ, മുണ്ടശ്ശേരി, കുട്ടിക്കൃഷ്ണമാരാർ, എം. ഗോവിന്ദൻ, സി. ജെ. തോമസ്.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

ആധുനിക നിരൂപണവും നിരൂപകരും - എം. തോമസ് മാത്യു, എം. കെ. സാനു, കെ.പി. അപ്പൻ, എം. എൻ. വിജയൻ, എം. ലീലാവതി, സുകുമാർ അഴീക്കോട്, വി. രാജകൃഷ്ണൻ, നരേന്ദ്രപ്രസാദ്, അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, ആഷാമേനോൻ, ബി. രാജീവൻ - പുതിയ പ്രവണതകൾ

### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

#### പ്രായോഗിക നിരൂപണപഠനം - 1

1. പുരോഗമന സാഹിത്യം - കേസരി എ. ബാലകൃഷ്ണപിള്ള (പ്രബന്ധങ്ങൾ).
2. സാഹിത്യഭാഷയുടെ മുഴക്കോൽ - മുണ്ടശ്ശേരി (പുതിയ കാഴ്ചപ്പാടിൽ).
3. വാല്മീകിയുടെ രാമൻ - കുട്ടിക്കൃഷ്ണമാരാർ (രാജാങ്കണം).
4. സാഹിത്യനിരൂപണത്തെക്കുറിച്ച് - എം. കെ. സാനു (വിമർശനവും വിമർശകരും).

### മൊഡ്യൂൾ : നാല് (18 മണിക്കൂർ)

#### പ്രായോഗിക നിരൂപണപഠനം - 2

1. സ്വർണ്ണമത്സ്യങ്ങൾ - എം. എൻ. വിജയൻ (ചിതയിലെ വെളിച്ചം).
2. സമയതീരങ്ങളിലെ സംഗീതം - കെ. പി. അപ്പൻ
3. പ്രതികൂല വിമർശനം : അർത്ഥവും പ്രസക്തിയും - പ്രസന്നരാജൻ (വാക്കും വിമർശവും).
4. എന്റെ ചങ്ങമ്പുഴ വായന - എസ്. ശാരദക്കുട്ടി (വിചാരം വിമർശം വിശ്വാസം).

**സഹായകഗ്രന്ഥങ്ങൾ**


1. സി.പി. അച്യുതമേനോന്റെ നിരൂപണങ്ങൾ - (സമ്പാ.) ടി. ടി. പ്രഭാകരൻ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).
2. കേരളവർമ്മയുടെ തെരഞ്ഞെടുത്ത ഗദ്യകൃതികൾ - (സമ്പാ.) ഡോ. തിക്കുറിശ്ശി ഗംഗാധരൻ (എൻ. ബി. എസ്).
3. കേരളവർമ്മയും മലയാളഗദ്യവും - ഡോ. തിക്കുറിശ്ശി ഗംഗാധരൻ, (എൻ.ബി. എസ്).
4. പ്രബന്ധസംഗ്രഹം - ഏ. ആർ. രാജരാജവർമ്മ (കേരള സാഹിത്യ അക്കാദമി).
5. സാഹിത്യപഞ്ചാനനന്റെ കൃതികൾ ഭാഗം - ഒന്ന്, രണ്ട് - (സമ്പാ.) ഡോ. എം. ഗോപാലകൃഷ്ണൻ നായർ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).
6. കേസരിയുടെ സാഹിത്യവിമർശനങ്ങൾ - (എഡി.) എം. എൻ. വിജയൻ (എൻ.ബി. എസ്).
7. സാഹിത്യവിചാരം - എം. പി. പോൾ, ലിപി പബ്ലിക്കേഷൻസ്.
8. സൗന്ദര്യനിരീക്ഷണം - എം. പി. പോൾ, എൻ. ബി. എസ്.
9. നോവൽ സാഹിത്യം - എം. പി. പോൾ, എൻ. ബി. എസ്.
10. എം. പി. പോളിന്റെ അസമാഹൃതരചനകൾ - (സമ്പാ.) ഡോ. എം. എൻ. രാജൻ, ഡി.സി. ബുക്സ്.
11. മുണ്ടശ്ശേരികൃതികൾ - ജോസഫ് മുണ്ടശ്ശേരി (വാല്യം 1-3) എൻ. ബി. എസ്.
12. ദന്തഗോപുരം - കുട്ടികൃഷ്ണമാരാര്, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
13. സാഹിത്യവിദ്യ- കുട്ടികൃഷ്ണമാരാര്, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
14. കല ജീവിതം തന്നെ - കുട്ടികൃഷ്ണമാരാര്, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
15. കുട്ടികൃഷ്ണമാരാരുടെ സൗന്ദര്യദർശനം - ഡോ. പി. എസ്. രാധാകൃഷ്ണൻ, ഡി.സി. ബുക്സ്.
16. കെ. പി. അപ്പന്റെ തെരഞ്ഞെടുത്ത കൃതികൾ - വാല്യം 1-3, ഹരിതം ബുക്സ്, കോഴിക്കോട്.
17. രോഗത്തിന്റെ പൂക്കൾ - വി. രാജകൃഷ്ണൻ, ഒലിവ് പബ്ലിക്കേഷൻസ്.
18. ഭാവുകത്വം മാറുന്നു - നരേന്ദ്രപ്രസാദ്, എൻ. ബി. എസ്.
19. എന്റെ സാഹിത്യനിരൂപണങ്ങൾ - നരേന്ദ്രപ്രസാദ്, ഡി. സി. ബുക്സ്.
20. കവിതയുടെ ജീവചരിത്രം - കല്പറ്റ നാരായണൻ (മാതൃഭൂമി).
21. മലയാളസാഹിത്യവിമർശനം - ഡോ. സുകുമാർ അഴീക്കോട്, ഡി. സി. ബുക്സ്.
22. മലയാളസാഹിത്യവിമർശനം - ഡോ. പി. വി. വേലായുധൻപിള്ള, എൻ. ബി. എസ്.
23. മലയാളസാഹിത്യനിരൂപണം (എഡി.) - പ്രൊഫ. പന്മന രാമചന്ദ്രൻനായർ, കറന്റ് ബുക്സ്.
24. ആദിപ്രരൂപങ്ങൾ - ഡോ. എം. ലീലാവതി.
25. സാഹിത്യനിരൂപണം - ജി. ഗോപാലകൃഷ്ണൻ നായർ, മാളുബൻ പബ്ലിക്കേഷൻസ്.
26. ജനനിബിഡമായ ദന്തഗോപുരം - ബി. രാജീവൻ, ചിന്ത പബ്ലിഷേഴ്സ്.
27. രുദിതാനുസാരീ കവി - എം. തോമസ് മാത്യു, മാളുബൻ പബ്ലിക്കേഷൻസ്.
28. എം. പി. പോളിന്റെ സാഹിത്യവിമർശനം - ഡോ. എം. മുരളീധരൻ, കറന്റ് ബുക്സ്.
29. മുഹൂർത്തങ്ങൾ - സച്ചിദാനന്ദൻ, ഡി. സി. ബുക്സ്.
30. ആഖ്യാനങ്ങളുടെ പുസ്തകം - രാജേന്ദ്രൻ എടത്തുംകര, ലോഗോസ് ബുക്സ്.
31. എം. എൻ. വിജയന്റെ ലോകങ്ങൾ : സമാഹരണം പഠനം : ഷൂബ. കെ. എസ്.
32. സംസ്കൃതിയുടെ പാഠാന്തരങ്ങൾ, ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ, വ്യാസാ ബുക്സ്.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **IV** |
| **കോഴ്സ് കോഡ്** | : | **ML 1431** |
| **കോംപ്ലിമെന്ററി കോഴ്സ്** | : | **VII** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## ദലിതെഴുത്ത്, പെണ്ണെഴുത്ത്: സിദ്ധാന്തവും ആവിഷ്ക്കാരവും

**പഠനോദ്ദേശ്യം:**

ദലിത് പഠനമെന്ന വിജ്ഞാനമേഖലയുടെ പശ്ചാത്തലത്തിൽ മലയാളത്തിലെ ദലിത് സാഹിത്യത്തെ തിരിച്ചറിയുക - മലയാളികളുടെ സാംസ്കാരികവൈവിധ്യം സാഹിത്യ വഴിയിൽ മനസ്സിലാക്കുക - ചരിത്രത്തിന്റെ വ്യത്യസ്ത ഇടങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെയും അവരുടെ സംസ്കാരത്തെയും സാഹിത്യത്തെയും കുറിച്ച് അറിയുക - മുഖ്യധാരാസംസ്കാരത്തിന്റെ സാഹചര്യങ്ങൾക്കു പുറത്ത് രൂപപ്പെട്ട സംസ്കാരത്തിന്റെ ഒരു ജനകീയധാരയെക്കുറിച്ചു ബോധ്യപ്പെടുക.

സമീപകാല സൈദ്ധാന്തികപഠനങ്ങളിൽ ഏറെ പരാമർശിക്കപ്പെടുകയും വിമർശിക്കപ്പെടുകയുംചെയ്ത 'സ്ത്രീവാദ'ത്തെ പരിചയപ്പെടുക - ലിംഗപരമായ വ്യത്യസ്തതയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ നിന്നും സ്ത്രീകൾക്കു തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയ ചിന്താപദ്ധതിയും പ്രവർത്തനവും എന്ന നിലയിൽ അതിനെ തിരിച്ചറിയുക - സ്ത്രീകളുടെ വൈയക്തികവും സാമൂഹികവുമായ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുകയും ലിംഗകേന്ദ്രിതമായ എല്ലാത്തരം പാർശ്വവല്ക്കരണത്തെയും ചെറുക്കുകയുമാണ് അതിന്റെ രീതിശാസ്ത്രം എന്നു മനസ്സിലാക്കുക - ഫെമിനിസത്തിന്റെ ചരിത്രവികാസത്തിന്റെയും സിദ്ധാന്തങ്ങളുടെയും പൊതു പശ്ചാത്തലത്തിൽ മലയാളത്തിലെ സ്ത്രീപക്ഷരചനകളെ പഠിക്കുക.

സംസ്കാരത്തിലെ വംശ, വർഗ്ഗ, മത, ജാതി, ലിംഗനിർണയനങ്ങളെക്കുറിച്ചുള്ള ധാരണ നവീകരിക്കുകയും മാറുന്ന ലോകത്തിന്റെ പരിതഃസ്ഥിതികളിൽ നിന്നുകൊണ്ട് ഒരു പുതിയ മാനവീയതയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ കോഴ്സിന്റെ സവിശേഷ ലക്ഷ്യം.

**രീതിശാസ്ത്രം**

ഈ കോഴ്സിന്റെ പഠനത്തിനു രണ്ടുതലങ്ങളുണ്ട്. ഒന്ന്: സിദ്ധാന്തതലം. രണ്ട്: ആവിഷ്ക്കാരതലം. സിദ്ധാന്തതലത്തിൽ ദലിതെഴുത്തിനും പെണ്ണെഴുത്തിനും ആസ്പദമായ അവസ്ഥകളെയും സിദ്ധാന്തങ്ങളെയും സാമാന്യമായി പരിചയപ്പെടുത്തുന്നു. ആവിഷ്ക്കാരതലത്തിൽ ദലിതെഴുത്ത്, പെണ്ണെഴുത്ത് മാതൃകകൾ പരിചയപ്പെടുത്തുകയും വിശദപഠനം ഏതാനും രചനകളിലായി പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

## ദലിതെഴുത്ത്

ദലിത് എന്ന പദത്തിന്റെ നിഷ്പത്തി - ഇതര സംജ്ഞകൾ - ദലിത് പദത്തിന്റെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ - ദലിത്പഠനത്തിന്റെ സാമാന്യചരിത്രം - ആഫ്രിക്കൻ - അമേരിക്കൻ എഴുത്തും കറുപ്പിന്റെ സാംസ്കാരിക മുന്നേറ്റങ്ങളും - ഇന്ത്യൻ പശ്ചാത്തലം - മലയാളത്തിലെ ദലിത് സാഹിത്യം - സാമാന്യ അവലോകനം - വാമൊഴി - വരമൊഴി ഭേദങ്ങൾ.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

**എ. വാമൊഴി സാഹിത്യമാതൃക :**

പാലുവം പെണ്ണിനെത്തേടി (നാടൻപാട്ട്)

**ബി. വരമൊഴി സാഹിത്യമാതൃകകൾ :**

**I കവിത**

1. എന്റെ വംശത്തെപ്പറ്റി.... - പൊയ്കയിൽ അപ്പച്ചൻ
2. അമ്മ ഒരു കാല്പനിക കവിത - വിജില ചിറപ്പാട്.
3. കറുത്ത കല്ല് - എസ്. ജോസഫ്

**II ചെറുകഥ**

1. നിരവത്ത് കയ്യാണി - സി. അയ്യപ്പൻ
2. നിസ്സഹായരുടെ നിലവിളി - നാരായൻ

**III നോവൽ**

എരി - പ്രദീപൻ പാമ്പിരിക്കുന്ന്

**സഹായകഗ്രന്ഥങ്ങൾ**


1. ദലിത്പഠനം : സ്വത്വം, സംസ്കാരം, സാഹിത്യം - ഡോ. പ്രദീപൻ പാമ്പിരിക്കുന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. ദലിത് തിരിച്ചറിവുകൾ (എഡി:) ഡോ. അജു. കെ. നാരായണൻ, ഭൂമിമലയാളം, യു.സി. കോളേജ്, ആലുവ.
3. ദലിത്പാതകൾ : (എഡി.) ബോബി തോമസ്, സൈൻ ബുക്സ്, തിരുവനന്തപുരം.
4. ബുദ്ധനിലേക്കുള്ള ദൂരം - കെ. കെ കൊച്ച്, ഡി. സി. ബുക്സ്.
5. ദലിത് സാഹിത്യപ്രസ്ഥാനം - കെ. എം. പുരുഷോത്തമൻ, സാഹിത്യഅക്കാദമി.
6. ദലിത് സാഹിത്യം - കവിയൂർ മുരളി, കറന്റ് ബുക്സ്, കോട്ടയം.
7. ദലിത് ഭാഷ - കവിയൂർ മുരളി.
8. കീഴാളജീവിതമുദ്രകൾ - ഡോ. പി. ജി. പത്മിനി, സമയം പബ്ലിക്കേഷൻസ്.
9. ദലിത് വർത്തമാനം (എഡി.) രാജേഷ് ചിറപ്പാട്, മൈത്രി ബുക്സ്, തിരുവനന്തപുരം.
10. 500 വർഷത്തെ കേരളം - ചില അറിവടയാളങ്ങൾ - (ജന. എഡി.) ഡോ. സ്കറിയാ സക്കറിയ, താരതമ്യപഠനസംഘം, കറന്റ് ബുക്സ്, കോട്ടയം.

11. വായനയുടെ ദലിത് പാഠം - കെ. കെ. കൊച്ച്, പൂർണ്ണ പബ്ലിക്കേഷൻസ്.
12. ദലിതന്റെ നിനവും നോവും നാടൻ പാട്ടുകളിൽ - ഡോ. കുമാരൻ വയലേരി, പാപ്പിയോൺ, കോഴിക്കോട്.
13. ദലിത് സാഹിത്യം പരസ്യകല - ഡോ. വി. സി. സുപ്രിയ/ ഡോ. കെ. കെ. ശിവദാസ്, ഡോ. സന്തോഷ് മാനിച്ചേരി - മാളുബൻ പബ്ലിക്കേഷൻസ്.
14. കീഴാളന്റെ പ്രതിരോധതന്ത്രം - ഷീബ എം. കുര്യൻ.
15. കാവ്യഭാവനയുടെ സ്ത്രീപഠനങ്ങൾ - ഡോ. എ. ഷീലാകുമാരി.

## മൊഡ്യൂൾ : മൂന്ന് (9 മണിക്കൂർ)

## പെണ്ണെഴുത്ത്

സ്ത്രീവാദചിന്തയുടെ ആദ്യാങ്കുരങ്ങൾ - ഇക്കാലത്തെ ഫെമിനിസ്റ്റു ചിന്തയിലെ ശ്രദ്ധേയ വ്യക്തിത്വങ്ങൾ - കൃതികൾ - സ്ത്രീവാദത്തിലെ വ്യത്യസ്ത ധാരകൾ - ഒന്നാംതരംഗ സ്ത്രീവാദം - രണ്ടാംതരംഗസ്ത്രീവാദം - മൂന്നാംതരംഗസ്ത്രീവാദം, പ്രധാന വ്യക്തിത്വങ്ങളും കൃതികളും - ശ്രദ്ധേയങ്ങളായ ഉപധാരകൾ - ഉദാരസ്ത്രീവാദം (Liberal feminism), സോഷ്യലിസ്റ്റു സ്ത്രീവാദം, മാർക്സിസ്റ്റുസ്ത്രീവാദം, മൗലിക സ്ത്രീവാദം (Radical feminism), കറുത്തസ്ത്രീവാദം (Black feminism), എക്കോ ഫെമിനിസം - സ്ത്രീവാദവും സാഹിത്യവും - സ്ത്രൈണ സർഗ്ഗാത്മകതയെക്കുറിച്ചുള്ള വ്യത്യസ്ത സമീപനങ്ങൾ - ഭാഷയുടെ ലിംഗകേന്ദ്രിത സ്വഭാവം - ഇവയെക്കുറിച്ചുള്ള സാമാന്യപഠനം - കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രപശ്ചാത്തലം - മലയാളത്തിലെ സ്ത്രീരചനാപാരമ്പര്യങ്ങൾ - ആദ്യകാല എഴുത്തുകാരികൾ - തുടർന്നുള്ള ഘട്ടങ്ങൾ - മുഖ്യസംഭാവനകൾ.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## പെണ്ണെഴുത്ത് : മലയാള മാതൃകകൾ

**എ. കവിത**

1. കെട്ടിയിട്ട കോലാട് - കമലാദാസ് (വിവ. സച്ചിദാനന്ദൻ)
   (ഈ പേരിലുള്ള കവിത മാത്രം)
2. പ്രതിഷ്ഠ - സാവിത്രിരാജീവൻ
3. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ - വി. എം. ഗിരിജ
   (ഈ പേരിലുള്ള കവിത മാത്രം)

**ബി. കഥ**

1. പരാജിത - രാജലക്ഷ്മി
2. വനദുർഗ്ഗ - സാറാജോസഫ്
3. ഇത്തവണ രാധ - പ്രിയ. എ. എസ്.

**സി. ആത്മകഥ**

നഷ്ടബോധങ്ങളില്ലാതെ (ആത്മകഥ) - ദേവകി നിലയങ്ങോട്

**സഹായകഗ്രന്ഥങ്ങൾ**

1. ഫെമിനിസം : ചരിത്രപരമായ ഒരന്വേഷണം - ഡോ. എം. ലീലാവതി, ചിന്ത, പബ്ലിഷേഴ്സ്.
2. ഫെമിനിസം - വാല്യം 1, 2 (എഡി.) ഡോ. ജാൻസി ജയിംസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
3. കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം - സി. എസ്. ചന്ദ്രിക, സാഹിത്യ അക്കാദമി.
4. ആദ്യകാല സ്ത്രീകഥകൾ - (എഡി.) ഡോ. എം. എം. ബഷീർ, ലിപി പബ്ലി ക്കേഷൻസ്.
5. സ്ത്രീവാദം - ജെ. ദേവിക, ഡി. സി. ബുക്സ്.
6. സ്ത്രീരചനാദർശനം : ഒരു അവലോകനം - പ്രശാന്ത് കുമാർ. എൻ., എൻ.ബി. എസ്. കോട്ടയം.
7. സ്ത്രീസ്വത്വാവിഷ്ക്കാരം മലയാളത്തിൽ - ഡോ. എം. ലീലാവതി, സാഹിത്യ അക്കാഡമി, തൃശൂർ.
8. സ്ത്രീവിമോചനം : ചരിത്രം, സിദ്ധാന്തം, പഠനം - എ. കെ. രാമകൃഷ്ണൻ/ കെ. എം. വേണുഗോപാലൻ, നയനാബുക്സ്, പയ്യന്നൂർ.
9. ആധുനിക മലയാളകവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ - പി. ഗീത, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
10. ഇക്കോഫെമിനിസം, ഇക്കോടൂറിസം, മാർക്സിസം - എൻ. എം. പിയേഴ്സൺ, കറന്റ് ബുക്സ്, കോട്ടയം.
11. മുടിത്തെയ്യങ്ങൾ - സച്ചിദാനന്ദൻ ('പാപത്തറ' എന്ന സമാഹാരത്തിന്റെ ആമുഖ പഠനം).
12. പ്രത്യവമർശം - ബാലചന്ദ്രൻ വടക്കേടത്ത്, കറന്റ് ബുക്സ്, കോട്ടയം.
13. കുലസ്ത്രീകളും ചന്തപ്പെണ്ണുങ്ങളും ഉണ്ടായത് - (എഡി.) ജെ. ദേവിക.

## സെമസ്റ്റർ : അഞ്ച്

| | | |
|---|---|---|
| സെമസ്റ്റർ | : | V |
| കോഴ്സ് കോഡ് | : | ML 1541 |
| കോർ കോഴ്സ് | : | VI |
| സമയക്രമം | : | ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ) |
| ക്രെഡിറ്റ് | : | 4 |

## ഭാഷാശാസ്ത്രം - ഭാഷാചരിത്രം

### എ - ഭാഷാശാസ്ത്രം

**പഠനോദ്ദേശ്യം**

ഭാഷയുടെ ശാസ്ത്രീയപഠനമാണ് ഭാഷാശാസ്ത്രം. ഭാഷാസ്വരൂപം അപഗ്രഥിച്ച് ഭാഷാനിയമം രൂപവൽക്കരിക്കുക, കണ്ടെത്തിയ നിയമപദ്ധതി ഭാഷകളിൽ പ്രയോഗിക്കുക എന്നിങ്ങനെ രണ്ടു സുപ്രധാന ലക്ഷ്യങ്ങളാണ് ഭാഷാശാസ്ത്രത്തിനുള്ളത്. ഭാഷാ ശാസ്ത്രത്തിൽ താല്പര്യമുളവാക്കാൻ പര്യാപ്തമായ പ്രാഥമിക പഠനമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

**രീതിശാസ്ത്രം**

വിദ്യാർത്ഥികേന്ദ്രിതമായ ഒരു പഠനരീതി ഈ കോഴ്സിലും അനുവർത്തിക്കണം. ഭാഷാശാസ്ത്രസംബന്ധമായ സിദ്ധാന്തങ്ങൾ മനസ്സിലാക്കുതോടൊപ്പം ഭാഷയിൽനിന്ന് പ്രായോഗികമാതൃകകൾ കണ്ടെത്തി, വിശകലനം ചെയ്ത് അറിവ് ആഴത്തിലുള്ള താക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനു സഹായകമാകുംവിധത്തിൽ അസൈൻമെന്റും സെമിനാറും ക്രമീകരിക്കാവുന്നതാണ്.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

1. ഭാഷ - നിർവചനം - ഭാഷയുടെ സവിശേഷതകൾ - ജീവൽഭാഷ, മൃതഭാഷ, സ്വാഭാവികഭാഷ, കൃത്രിമഭാഷ, മാനകഭാഷ, മാനകേതര ഭാഷ.
2. ഭാഷാപഗ്രഥനരീതികൾ - ഏകകാലികം, ബഹുകാലികം, താരതമ്യാത്മകം, വിവരണാത്മകം, ചരിത്രാത്മകം.
3. വർണ്ണവിജ്ഞാനീയം - വർണ്ണം, അക്ഷരം - സ്വനം, സ്വനിമം, ഉപസ്വനം. വിതരണം - വ്യത്യയവിതരണം, പൂരകവിതരണം. സ്വരവിഭജനം - വ്യഞ്ജനവിഭജനം (ഉച്ചാരണസ്ഥാനം, ഉച്ചാരണരീതി എന്നിവയെ ആസ്പദമാക്കി).
4. രൂപവിജ്ഞാനീയം - രൂപം, രൂപിമം, ഉപരൂപം - രൂപിമ വിഭാഗങ്ങൾ.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

1. വാക്യവിജ്ഞാനീയം - വാക്യം, വാക്യവിഭാഗങ്ങൾ.
2. അർത്ഥവിജ്ഞാനീയം - അർത്ഥപരിണാമം, അർത്ഥവികാസം, അർത്ഥസങ്കോചം, അർത്ഥോൽക്കർഷം, അർത്ഥാപകർഷം
3. ഭാഷാഭേദവിജ്ഞാനം - വ്യക്തിഭാഷ, ഭാഷാഭേദം, ഭാഷ - മലയാളത്തിലെ ഭാഷാ ഭേദങ്ങൾ.

### സെമിനാർ - അസൈൻമെന്റ്

1. ഭാഷാഗോത്രവിഭജനത്തിന്റെ ശാസ്ത്രീയാടിസ്ഥാനം.
2. ഭാഷാശാസ്ത്രപഠനം ഇതരവിജ്ഞാനമേഖലകളെ എങ്ങനെ സ്വാധീനിക്കുന്നു?
3. ഭാഷയുടെ അടിസ്ഥാന ഘടകങ്ങളെക്കുറിച്ചുള്ള പഠനം.
4. ഭാഷാശാസ്ത്രത്തിൽ ഭാഷാഭേദത്തിനുള്ള പഠന-സാധ്യതകൾ.

### സഹായകഗ്രന്ഥങ്ങൾ

1. ഭാഷാശാസ്ത്രപ്രവേശിക - ഇ.വി.എൻ. നമ്പൂതിരി.
2. വാക്യഘടന - ഇ.വി.എൻ. നമ്പൂതിരി.
3. ആധുനിക ഭാഷാശാസ്ത്രം - കെ. എം. പ്രഭാകരവാര്യർ/ശാന്താ അഗസ്റ്റിൻ
4. ഭാഷാശാസ്ത്ര പരിചയം - വി. ആർ. പ്രബോധചന്ദ്രൻ നായർ
5. ഭാഷയും മനഃശാസ്ത്രവും - കെ. എം. പ്രഭാകരവാര്യർ
6. സ്വനിമ വിജ്ഞാനം - കെ. എം. പ്രഭാകരവാര്യർ
7. ഭാഷാശാസ്ത്ര നിഘണ്ടു - വി. ആർ. പ്രബോധചന്ദ്രൻ നായർ
8. ദ്രാവിഡ ഭാഷകൾ - ആന്ദ്രനോവ് എം. എസ്.
9. ഭാഷാർത്ഥം - ടി. ബി. വേണുഗോപാലപ്പണിക്കർ.
10. ഭാഷാഭേദവിജ്ഞാനം - പി. സോമശേഖരൻനായർ.
11. ഭാഷാദർശനം - സി. ജെ. റോയ്.
12. ചോംസ്കി - നൂറ്റാണ്ടിന്റെ മനസ്സാക്ഷി - എം. എ. ബേബി (എഡി.).
13. സ്വനവിജ്ഞാനം - വി. ആർ. പ്രബോധചന്ദ്രൻ നായർ.
14. ഭാഷാശാസ്ത്രവിവേകം - കെ. എം. പ്രഭാകരവാര്യർ.
15. അധികാരവും ഭാഷയും - പി. എം. ഗിരീഷ്.
16. ഭാഷാവ്യാകരണ പഠനം - പ്രൊഫ. എസ്. അച്യുതവാര്യർ.

### ബി. ഭാഷാചരിത്രം

### പഠനോദ്ദേശ്യം

മലയാളഭാഷയുടെ ഉല്പത്തി വികാസപരിണാമങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് സാമാന്യജ്ഞാനം നല്കുകയാണ് ഇവിടെ ലക്ഷ്യമാക്കുന്നത്. സാഹിത്യചരിത്രത്തിൽ നിന്ന് എങ്ങനെ ഭാഷാചരിത്രം വ്യത്യസ്തമാകുന്നു എന്ന് വിദ്യാർത്ഥികൾ തിരിച്ചറിയേണ്ടതുണ്ട്.

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## മലയാളഭാഷാചരിത്രം എഴുത്തച്ഛൻവരെ

1. മലയാളം എന്ന പദത്തിന്റെ നിരുക്തി.
2. മലയാളഭാഷയുടെ ഉല്പത്തിസംബന്ധമായ വിവിധ വാദഗതികൾ.
3. പ്രാചീന മധ്യകാലശാസന ഭാഷ - വാഴപ്പിള്ളി, തരിസാപ്പള്ളി, തിരുനെല്ലി - ശാസനഭാഷയുടെ സവിശേഷതകൾ.
4. ശാസനേതരഗദ്യഭാഷ - ഭാഷാകൗടലീയം, ബ്രഹ്മാണ്ഡപുരാണം.
5. പാട്ടുഭാഷ, നിരണം കൃതികളിലെ ഭാഷ.
6. മണിപ്രവാളം - ലക്ഷണം.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## മലയാള ഭാഷാചരിത്രം എഴുത്തച്ഛൻ മുതൽ

1. മലയാള കാവ്യഭാഷ എഴുത്തച്ഛൻ മുതൽ (സാമാന്യാവലോകനം).
2. മിഷണറിഗദ്യം - ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ, വർത്തമാന പ്പുസ്തകം.
3. സമകാലികമലയാളഭാഷ - വിദേശഭാഷകളുടെ സ്വാധീനം.
4. മാധ്യമ മലയാളം - പത്രഭാഷ, ദൃശ്യമാധ്യമങ്ങളിലെ ഭാഷ, സൈബർമലയാളം.

**സെമിനാർ, അസൈൻമെന്റ്**

1. മലയാളഭാഷയുടെ വളർച്ചയിൽ പത്രഭാഷ ചെലുത്തിയ സ്വാധീനം.
2. ഇന്നത്തെ ഗദ്യഭാഷയുടെ സവിശേഷതകൾ.
3. ഇന്നത്തെ കാവ്യഭാഷയുടെ സവിശേഷതകൾ.
4. മലയാളഭാഷയുടെ വികാസത്തിന്റെ ഘട്ടങ്ങൾ - ഒരു വിശകലനം.

**സഹായകഗ്രന്ഥങ്ങൾ**


1. മലയാളഭാഷാചരിത്രം - (എഡി.) എസ്. വി. വേണുഗോപൻ നായർ.
2. കേരളപാണിനീയം (പീഠിക) - ഏ. ആർ. രാജരാജവർമ്മ.
3. ലീലാതിലകം - ആദ്യത്തെ മൂന്നുശില്പം.
4. കേരളഭാഷാ വിജ്ഞാനീയം - ഡോ. കെ. ഗോദവർമ്മ.
5. കേരളഭാഷയുടെ വികാസപരിണാമങ്ങൾ - ഇളംകുളം കുഞ്ഞൻപിള്ള.
6. മധ്യകാലമലയാളം - ഡോ. പി. വി. വേലായുധൻപിള്ള.
7. ബ്രഹ്മാണ്ഡപുരാണം അവതാരിക - ഡോ. പി. വി. വേലായുധൻപിള്ള.
8. പൂർവ്വകേരളഭാഷ - ഡോ. കെ. എം. പ്രഭാകരവാര്യർ.
9. പ്രാചീനമലയാളം - ശാസന ഭാഷാപഠനം - ഡോ. പുതുശ്ശേരി രാമചന്ദ്രൻ.
10. മിഷിനറിഗദ്യമലയാള മാതൃകകൾ - സാമുവൽ ചന്ദനപ്പള്ളി.
11. ഭാഷാചരിത്രം എഴുത്തച്ഛൻ വരെ - ഡോ. കെ. രത്നമ്മ.

12. കൃസ്ത്യാനികളും മലയാളസാഹിത്യവും – ഡോ. പി. ജെ. തോമസ്.
13. ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ – ഡോ. കെ.എം. ജോർജ് (എഡി.).
14. അന്വേഷണം – ഡോ. എൻ. ആർ. ഗോപിനാഥപിള്ള.
15. കേരളസാഹിത്യചരിത്രം – ഉള്ളൂർ.
16. ഭാഷാചരിത്രം – ഇ. വി. എൻ. നമ്പൂതിരി.
17. മലയാളം മാറ്റവും വളർച്ചയും – കെ. എം. പ്രഭാകരവാര്യർ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1542** |
| **കോർ കോഴ്സ്** | : | **VII** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## ചെറുകഥാപഠനം

## കഥാമാലിക (കേരളസർവ്വകലാശാല പ്രസിദ്ധീകരണം)

**പഠനോദ്ദേശ്യം**

1. ചെറുകഥാസാഹിത്യത്തിന്റെ ഉദ്ഭവത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും മനസ്സിലാക്കുക.
2. മലയാളചെറുകഥാചരിത്രത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളെയും പ്രവണതകളെയും കുറിച്ച് പഠിക്കുക.
3. സമകാലിക മലയാളചെറുകഥകളുടെ രൂപതലത്തിലും ഭാവതലത്തിലുമുള്ള സവിശേഷതകൾ മനസ്സിലാക്കുക.
4. ചെറുകഥകളെ ചരിത്രപരമായും സാംസ്കാരികമായും വിശകലനംചെയ്യാനും വിലയിരുത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
5. വിദ്യാർത്ഥികളിൽ ആസ്വാദനശേഷി വളർത്തുക.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

ചെറുകഥയുടെ ചരിത്രം – കഥ എന്നാൽ എന്ത്? കഥാപാരമ്പര്യം – നാടോടിക്കഥകൾ, ജാതകകഥകൾ, ബൈബിളിലെ കഥകൾ തുടങ്ങി പഴയമട്ടിലുള്ള കഥകളുടെ സ്വഭാവം – അച്ചടിയുടെ പ്രചാരം – ആനുകാലിക പ്രസിദ്ധീകരണങ്ങളും ചെറുകഥയും – രണ്ടുതരം കഥകൾ – ചെറുകഥയുടെ ആദ്യമാതൃകകൾ – ചെറുകഥയുടെ ഘടനാപരമായ സവിശേഷതകൾ – ഏകാഗ്രത, സംക്ഷിപ്തത, ഏകീകൃത ഫലപ്രതീതി – ചെറുകഥയുടെ യൂറോപ്യൻ മാതൃകകൾ – മോപ്പസാങ്ങ്, ചെഖോവ് – മലയാള ചെറുകഥകളുടെ ആവിർഭാവം – ആദ്യകാല മലയാള ചെറുകഥകൾ – വിവരണാത്മകമായ അവതരണം – പരിണാമഗുപ്തി – ആലങ്കാരിക ഭാഷ – സാമൂഹിക യാഥാർത്ഥ്യത്തിന്റെ കുറവ്.

**വിശദപഠനം**

1. വാസനാവികൃതി - വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.
2. ഉളിപിടിച്ച കയ്യ് - അമ്പാടി നാരായണപൊതുവാൾ.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

ലോകചെറുകഥയുമായി പരിചയപ്പെടുന്നു - സാമൂഹിക ലക്ഷ്യത്തോടുകൂടിയ പ്രമേയം - ലളിതമായ ഭാഷ - വസ്തുനിഷ്ഠവും ബാഹ്യവുമായ വീക്ഷണം - റിയലിസ്റ്റ് സാങ്കേതികരീതി - ഹ്യൂമനിസ്റ്റ് സമീപനം - പ്രാദേശികത്തനിമ.

**വിശദപഠനത്തിന്**

1. ഉതുപ്പാന്റെ കിണർ - കാരൂർ
2. ജന്മദിനം - ബഷീർ
3. രാച്ചിയമ്മ - ഉറൂബ്
4. ശബ്ദിക്കുന്ന കലപ്പ - പൊൻകുന്നം വർക്കി
5. ശംഖ് - കോവിലൻ

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

സാമൂഹിക പ്രമേയങ്ങളിൽ നിന്നും വ്യക്തിനിഷ്ഠ പ്രമേയങ്ങളിലേക്കുള്ളമാറ്റം - ഏകാകികളുടെ കഥകൾ - ചിത്തവൃത്തികളുടെ ആവിഷ്ക്കാരം - ഭാവഗീതാത്മകമായ രചന - ബോധധാരയോട് അടുത്തുനിൽക്കുന്ന ആവിഷ്ക്കാരം - മനുഷ്യാവസ്ഥയെ സംബന്ധിച്ച ദാർശനികമായ അന്വേഷണം - സാമൂഹിക നിയമങ്ങളോടും സദാചാര മൂല്യങ്ങളോടുമുള്ള വെല്ലുവിളി - അസ്തിത്വദർശനം - അന്യവല്ക്കരണം - മരണാഭി മുഖ്യം - സങ്കീർണ്ണമായ ആഖ്യാനഘടന - പ്രകടനാത്മകമായ ഭാഷാരീതി.

**വിശദപഠനം**

1. വാനപ്രസ്ഥം - എം. ടി. വാസുദേവൻനായർ
2. നെയ്പായസം - മാധവിക്കുട്ടി
3. വിവാഹപ്പിറ്റേന്ന് - വി. കെ. എൻ.
4. ആർക്കറിയാം - സക്കറിയ
5. ചൂളൈമേടിലെ ശവങ്ങൾ - എൻ. എസ്. മാധവൻ

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

ആധുനികതയിൽ നിന്ന് മുന്നോട്ട് - കഥയിലെ സൂക്ഷ്മരാഷ്ട്രീയം - പരിസ്ഥിതി സ്ത്രീവാദം - പാർശവല്ക്കരിക്കപ്പെട്ടവരുടെ ജീവിതം - സാങ്കേതിക ജഡിലതയിൽ നിന്നുള്ള മോചനം. ആഗോളവല്ക്കരണത്തിന്റെ സ്വാധീനത - മാധ്യമവത്കൃതമായ ലോകം - സൈബർസ്വാധീനം - പ്രാദേശിക സ്വത്വാന്വേഷണം - ആഖ്യാനത്തിലെ പുതുമകൾ - സമകാലിക ജീവിതത്തോടുള്ള പ്രതികരണം.

**വിശദപഠനം**

1. ശ്രീപാർവ്വതിയുടെ പാദം - ഇ. ഹരികുമാർ
2. സ്ഥാവരം - എൻ. പ്രഭാകരൻ
3. മണ്ണ് - സിതാര. എസ്.
4. എറണാകുളം സൗത്ത് - എസ്. ആർ. ലാൽ
5. ഒറ്റവൈക്കോൽ വിപ്ലവം - വി. ജെ. ജയിംസ്

**സഹായകഗ്രന്ഥങ്ങൾ**


1. ചെറുകഥാ പ്രസ്ഥാനം - എം. പി. പോൾ.
2. ചെറുകഥ, ഇന്നലെ, ഇന്ന് - എം. അച്ചുതൻ.
3. കഥ - ആഖ്യാനവും അനുഭവസത്തയും - കെ. പി. അപ്പൻ.
4. ചെറുകഥയുടെ ഛന്ദസ്സ് - വി. രാജകൃഷ്ണൻ.
5. കഥയും ഭാവുകത്വപരിണാമവും - ഡോ. കെ. എസ്. രവികുമാർ.
6. ചെറുകഥ വാക്കും വഴിയും - ഡോ. കെ. എസ്. രവികുമാർ.
7. കഥയുടെ ന്യൂക്ലിയസ്സ് - വത്സലൻ വാതുശ്ശേരി.
8. കഥയും പരിസ്ഥിതിയും - ജി. മധുസൂദനൻ.
9. സ്ഥലവും കാലവും മലയാളചെറുകഥയിൽ - ഡോ. സോമൻ നെല്ലിവിള.
10. കഥതേടുന്ന കഥ - എൻ. പ്രഭാകരൻ.
11. മലയാള ചെറുകഥാസാഹിത്യചരിത്രം - എം. എം. ബഷീർ.
12. കൊത്തിമുറിച്ച ശില്പങ്ങൾ - (എഡി.) എൻ.ബി.സുരേഷ്, ലോഗോസ് ബുക്സ്.
13. ഭാവുകത്വത്തിന്റെ വഴികൾ - ഡോ. എം. കൃഷ്ണൻ നമ്പൂതിരി.
14. കഥയുടെ പ്രകാശവർഷങ്ങൾ - ഡോ. ടി. ജിതേഷ്.
15. വാക്കിന്റെ വഴിച്ചന്തം - ഡോ. അജയപുരം ജ്യോതിഷ് കുമാർ, ലിപി - കോഴിക്കോട്.
16. നിലപാടുറപ്പിക്കുന്ന ആഖ്യാനങ്ങൾ ('ആധുനികതയ്ക്ക് ഒരു ദേശീയബദൽ' എന്ന ലേഖനം) - ഡോ. സി. ആർ. പ്രസാദ്.
17. മാധവിക്കുട്ടി : സ്നേഹത്തിന്റെ കൊടിയടയാളം - ഡോ. എം. രാജീവ് കുമാർ.
18. ആഗോളീകരണവും മലയാള ചെറുകഥയും - ഡോ. എം.എ. സിദ്ദീക്ക്.
19. കോവിലന്റെ വഴികൾ - ഡോ. എസ്. നസീബ്.
20. കവർ സ്റ്റോറി - (എഡി.) കെ. ബി. ശെൽവമണി.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1543** |
| **കോർ കോഴ്സ്** | : | **VIII** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## വിവർത്തനം: സിദ്ധാന്തവും പ്രയോഗവും

### പഠനോദ്ദേശ്യം

വ്യത്യസ്ത സമൂഹങ്ങൾ തമ്മിലുള്ള സമ്പർക്കത്തെ ആശയവിനിമയത്തിലൂടെ ദൃഢവും അനായാസവും ആകുന്നതിന് സഹായകമായ മാധ്യമമെന്ന നിലയിൽ വിവർത്തനത്തിന് സുപ്രധാനമായ സ്ഥാനമാണുള്ളത്. സാഹിത്യത്തിന്റെ ആശയപരമായ വികാസത്തിനും സമ്പന്നതയ്ക്കും വിവർത്തനം നല്കുന്ന സംഭാവനകളും അതി പ്രധാനമാണ്. അതിനാൽ വിവർത്തനത്തിന്റെ സ്വഭാവവും പ്രയോജനവും ആധുനിക കാലത്തെ അതിന്റെ സാധ്യതകളും പഠനവിധേയമാക്കേണ്ടതുണ്ട്.

വിവർത്തനത്തിന്റെ സ്വഭാവം, അതിന്റെ വ്യത്യസ്ത സമീപനങ്ങൾ, അതിന്റെ സിദ്ധാന്തങ്ങൾ, സാഹിത്യവിവർത്തനത്തിന്റ പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

### രീതിശാസ്ത്രം

വിവർത്തനത്തിന്റെ മികച്ച മാതൃകകൾ കണ്ടെത്തിയുള്ള പ്രായോഗിക പഠനത്തിനും, ശൈലി, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, സാങ്കേതികപദങ്ങൾ, ഭരണഭാഷാപദങ്ങൾ, പത്രപരസ്യം, വാർത്ത എന്നിവയുടെ വിവർത്തനത്തിനും ഈ കോഴ്സിൽ പ്രത്യേകം ഊന്നൽ നല്കുന്നു. കോഴ്സിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അസൈൻമെന്റ്, സെമിനാർ എന്നിവയ്ക്കായി നല്കേണ്ടതാണ്.

### പാഠ്യപദ്ധതി

#### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

**1. വിവർത്തനം**

നിർവ്വചനം - സ്രോതഭാഷ, ലക്ഷ്യഭാഷ - വിവർത്തനം എന്ന പദത്തിന് പകരം പ്രയോഗിക്കുന്ന പദങ്ങൾ - വിവർത്തനം കലയോ ശാസ്ത്രമോ - വിവർത്തനത്തിന്റെ സാംസ്കാരിക പ്രാധാന്യം - വിവർത്തനചരിത്രം - മലയാളവിവർത്തനചരിത്രം.

**2. വിവർത്തനരീതികൾ**

പദാനുപദവിവർത്തനം - സ്വതന്ത്രവിവർത്തനം - ആശയവിവർത്തനം പുനരാഖ്യാനം (Adaptation), പുനഃസൃഷ്ടി (Re-creation).

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

### 3. വിവർത്തനവും സംസ്കാരവും

വിവർത്തനത്തിന്റെ പ്രശ്നങ്ങൾ - സാങ്കേതിക പദങ്ങളുടെ വിവർത്തനം - കവിതാവിവർത്തനത്തിന്റെ പ്രശ്നങ്ങൾ - വിവർത്തനത്തിന്റെ പരിമിതികൾ - വിവർത്തകന്റെ യോഗ്യതകൾ - യന്ത്രവിവർത്തനം - വിവർത്തനോപകരണങ്ങൾ - വിവർത്തനസിദ്ധാന്തങ്ങൾ - പണ്ഡിതപരിതോഷവാദം (Scholar Satisfaction Method), നികഷോപലവാദം (Touch Stone Method).

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

### 4. പ്രായോഗിക വിവർത്തനം

എ. സ്രോതഭാഷാപാഠവും ലക്ഷ്യഭാഷാപാഠവും താരതമ്യം ചെയ്തുകൊണ്ട് വിവർത്തനത്തിന്റെ സ്വഭാവവും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നു.

**വിശദപഠനം**

1. വീണപൂവ് (കുമാരനാശാൻ) - The Fallen Flower (ജി. കുമാരപിള്ള) (ആദ്യത്തെ പത്ത് ശ്ലോകം).

ബി. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും, മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും ഉള്ള വിവർത്തനം (കവിത, കഥ, പത്രവാർത്ത, പത്രപരസ്യം, ശൈലികൾ, പഴഞ്ചൊല്ലുകൾ, സാങ്കേതികപദങ്ങൾ, ഭരണഭാഷാപദാവലി എന്നിവ). ചില മാതൃകകൾ നൽകി അവ വിവർത്തനം ചെയ്യാൻ പരിശീലിപ്പിക്കുക. പരീക്ഷയ്ക്ക് പ്രായോഗിക വിവർത്തനത്തിൽനിന്നും ചോദ്യം നിർബന്ധമായും ഉണ്ടായിരിക്കണം.

**സഹായകഗ്രന്ഥങ്ങൾ**


1. വിവർത്തനം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. തർജ്ജമ: സിദ്ധാന്തവും പ്രയോഗവും : (എഡി.) ഡോ. സ്കറിയാസക്കറിയ & ജയാസുകുമാരൻ.
3. വിവർത്തന വിചാരം : ഡോ. എൻ. ഇ. വിശ്വനാഥ അയ്യർ.
4. വിവർത്തന വിചിന്തനം : ഡോ. കെ. വി. തോമസ്, ഡോ. മാത്യു ജെ. മുട്ടത്ത്.
5. വിവർത്തന ചിന്തകൾ : (എഡി.) ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ.
6. ഭാഷയും പരിഭാഷയും : എം. പി. സദാശിവൻ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).
7. തർജ്ജമയുടെ താക്കോൽ : സി.വി.വാസുദേവഭട്ടതിരി, സ്കൈ ബുക്ക് പബ്ലിക്കേഷൻസ്, മാവേലിക്കര.
9. വിവർത്തനപഠനസിദ്ധാന്തങ്ങൾ : താപസം 2006, വാല്യം 1-4.
10. വിവർത്തനത്തിന്റെ വിശാലലോകത്തിൽ : ആർസു. വിദ്യാർത്ഥിമിത്രം.
11. ചന്ദ്രികയായി മാറുന്ന സൂര്യപ്രകാശം : ഒ. എൻ. വി കുറുപ്പ്, ചിന്താ പബ്ലിക്കേഷൻസ്.
12. ഭരണശബ്ദാവലി : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
13. വിവർത്തനവും ആശയവിനിമയവും : കെ. വി. തോമസ്, ലിപി പബ്ലിക്കേഷൻസ്.
14. ബംഗാളി നോവലുകൾ മലയാളത്തിൽ - വിവർത്തനപഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും - ജയാസുകുമാരൻ - കറന്റ് ബുക്സ്.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1544** |
| **കോർ കോഴ്സ്** | : | **IX** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം

### പഠനോദ്ദേശ്യം:

മലയാളസാഹിത്യപഠനത്തിൽ ജീവചരിത്രം, ആത്മകഥ, സ്മരണകൾ, ഓർമ്മക്കുറിപ്പുകൾ, ഡയറിക്കുറിപ്പുകൾ, ജീവിതാനുഭവസാഹിത്യം എന്നിവയ്ക്കുള്ള സവിശേഷസ്ഥാനം വിദ്യാർത്ഥികൾ മനസ്സിലാക്കുക - വ്യക്തിചരിത്രത്തിന്റെ പഠനത്തിലൂടെ സാമൂഹികജീവിതത്തെ വിശകലനം ചെയ്യാനുള്ള ശേഷി ആർജ്ജിക്കുക - സ്വകാര്യമനസ്സിന്റെ സങ്കീർണ്ണതലങ്ങളെക്കുറിച്ച് അവബോധം ആർജ്ജിക്കുന്നതോടൊപ്പം ആത്മാപഗ്രഥനത്തിനും ആത്മാവിഷ്ക്കാരത്തിനും പ്രാപ്തി നേടുക - ജീവചരിത്രം, ആത്മകഥ, ജീവിതാനുഭവം, യാത്രാനുഭവം തുടങ്ങിയവ രചിക്കാനുള്ള അഭിരുചി ഉണ്ടാക്കുക.

### പാഠ്യപദ്ധതി

#### മൊഡ്യൂൾ : ഒന്ന് (27 മണിക്കൂർ)

ജീവചരിത്രം - നിർവചനം - ജീവചരിത്രകാരനുണ്ടായിരിക്കേണ്ട ഗുണങ്ങൾ - ലോകസാഹിത്യത്തിലെ പ്രധാനപ്പെട്ട ജീവചരിത്രകൃതികൾ - മലയാളത്തിലെ ആദ്യകാല ജീവചരിത്രകൃതികൾ - പ്രത്യേകതകൾ - പില്ക്കാല ജീവചരിത്രകൃതികൾ - തൂലികാചിത്രങ്ങൾ - ജീവചരിത്രനോവൽ - ഇവയെക്കുറിച്ചുള്ള സാമാന്യപഠനം.

### വിശദപഠനം

1. ഇവൻ എന്റെ പ്രിയ സിജെ - റോസി തോമസ്
2. കാമ്പിശ്ശേരി (അനുബന്ധം കൂടാതെ) - സാബു കോട്ടുക്കൽ *

#### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

#### ആത്മകഥ

എന്താണ് ആത്മകഥ? - നിർവചനം - ആത്മകഥാകാരനുണ്ടായിരിക്കേണ്ട ഗുണങ്ങൾ - ലോകസാഹിത്യത്തിലെ ശ്രദ്ധേയമായ ആത്മകഥകൾ - മലയാളത്തിലെ ആദ്യകാല ആത്മകഥകളുടെ സ്വഭാവം - പില്ക്കാല ആത്മകഥകൾ - ആത്മകഥകളിൽ പ്രതിഫലിക്കുന്ന സാമൂഹിക വ്യവസ്ഥിതി - സ്വകാര്യതകൾ അനാവരണം ചെയ്യുന്നതിൽ എഴുത്തുകാർ സ്വീകരിക്കുന്ന വ്യത്യസ്ത നിലപാടുകൾ - ശൈലീഭേദങ്ങൾ - ആത്മകഥകളിലെ പുതിയ പ്രവണതകൾ - സ്മരണകൾ - ഇവയെക്കുറിച്ചുള്ള സാമാന്യപഠനം.

### വിശദപഠനം

അരങ്ങുകാണാത്ത നടൻ - തിക്കോടിയൻ

## മൊഡ്യൂൾ : മൂന്ന് (9 മണിക്കൂർ)

## ജീവിതാനുഭവ സാഹിത്യം (Life Sketch)

ശക്തവും അനന്യസാധാരണവുമായ ജീവിതാനുഭവങ്ങൾക്കുടമയെങ്കിലും ഭാഷാപരമായോ ആശയപരമായോ ആവിഷ്ക്കാരപരമായോ ഉള്ള പരിമിതികൾ കൊണ്ടോ, മറ്റു കാരണങ്ങൾ കൊണ്ടോ സ്വയം എഴുതാൻ കഴിയാതെ മറ്റൊരാളിന്റെ എഴുത്തിലൂടെ ജീവിതകഥ പറയുന്നവരുടെ പുസ്തകങ്ങൾ ഇന്ന് ധാരാളമായി ഉണ്ടാകുന്നുണ്ട്. അത്തരം പുസ്തകങ്ങളുടെ പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പ്രകൃതി, ഭാഷ, ജീവിതം ഇവയോട് ഇവർ എടുക്കുന്ന വ്യത്യസ്തമായ നിലപാട് പഠനവിധേയ മാക്കണം.

**വിശദപഠനം**

മയിലമ്മ ഒരു ജീവിതം - ജ്യോതിബായ് പരിയാടത്ത്, മാതൃഭൂമി ബുക്സ്.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## യാത്രാനുഭവം

യാത്രയ്ക്ക് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. യാത്രാനുഭവം എപ്പോഴും മനുഷ്യജീവിതത്തെ നവീകരിക്കുന്നു. വായനക്കാരന്റെ ലോകാനുഭവചക്രവാളത്തെ വികസ്വരമാക്കുന്നു. കച്ചവടം, വിനോദം, കുടിയേറ്റം, പ്രവാസം ഇവയൊക്കെ യാത്രാനു ഭവത്തിന് പ്രേരകമാകുന്നു.

**വിശദപഠനം**

ആമസോണും കുറെ വ്യാകുലതകളും - എം.പി. വീരേന്ദ്രകുമാർ

**സഹായകഗ്രന്ഥങ്ങൾ**


1. ആത്മകഥാസാഹിത്യം മലയാളത്തിൽ - ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).
2. ജീവചരിത്രസാഹിത്യം - ഡോ. കെ. എം. ജോർജ്ജ്.
3. ആത്മകഥാസാഹിത്യം മലയാളത്തിൽ - ഡോ. വിജയാലയം ജയകുമാർ.
4. ജീവചരിത്രസാഹിത്യം മലയാളത്തിൽ - ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).
5. സഞ്ചാരസാഹിത്യം മലയാളത്തിൽ - വി. രമേഷ് ചന്ദ്രൻ.
6. സഞ്ചാരികളും ചരിത്രകാരന്മാരും - വേലായുധൻ പണിക്കശ്ശേരി.
7. യാത്രാവിവരണം - എം.കെ.മാധവൻ നായർ (സാഹിത്യചരിത്രം പ്രസ്ഥാന ങ്ങളിലൂടെ (ജന.എഡി:) ഡോ. കെ. എം. ജോർജ്).
8. സഞ്ചാരസാഹിത്യം - ഡോ. ടി. ജി. മാധവൻകുട്ടി (സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം (എഡി.). പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്).

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1545** |
| **കോർ കോഴ്സ്** | : | **X** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## തിരക്കഥയും സിനിമയും

**പഠനലക്ഷ്യം**

വർത്തമാനകാലം മാധ്യമങ്ങളുടേതാണ്. മാധ്യമയുഗത്തിന്റെ വേഗതയിൽനിന്നും സംവാദങ്ങളിൽനിന്നും മാറിനിന്ന് കലാസ്വാദനം നിർവഹിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ആ കാലഘട്ടത്തിന്റെതന്നെ നിർമ്മിതിയാണ് സിനിമ. രൂപീകരണപക്ഷത്തും ആസ്വാദനത്തിലും സംഘസ്വഭാവമാണ് സിനിമ പുലർത്തുന്നത്. സിനിമാപഠനത്തിന് വിവിധ രീതികളുണ്ട്. സിനിമയുടെ സ്വഭാവവും നിർമ്മിതിയും സൗന്ദര്യശാസ്ത്രവുമെല്ലാമായി ഈ പഠനം ബന്ധപ്പെട്ടുനിൽക്കുന്നു. ഇവിടെ സിനിമയുടെ സാഹിത്യപക്ഷത്തിന് പ്രധാന്യം നൽകി അതിന്റെ സാമാന്യസ്വഭാവം വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നു.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

### ചലച്ചിത്രകല

ആധുനികകാലത്തിന്റെ കല - ശ്രദ്ധേയമായ സിനിമാസിദ്ധാന്തങ്ങൾ - തിരക്കഥ - സംവിധാനം - അഭിനയം - ഛായാഗ്രഹണം, ചിത്രസംയോജനം, പശ്ചാത്തലസംഗീതം തുടങ്ങിയ ഘടകങ്ങളുടെ പ്രസക്തി. ഓരോ ദേശത്തിനും ഭാഷയ്ക്കും അവരുടെ സംസ്കാരത്തിനുമനുസരിച്ചുള്ള സിനിമയുണ്ട്. ഹോളിവുഡ് സിനിമ, ഇറാനിയൻ സിനിമ, ജാപ്പനീസ് സിനിമ, ഹിന്ദിസിനിമ, തമിഴ്സിനിമ, മലയാളസിനിമ - ടെലിവിഷൻ, ഇന്റർനെറ്റ് സിനിമ, മൊബൈൽ ഫോൺ തുടങ്ങിയ മാധ്യമങ്ങളിലേക്കുള്ള സിനിമയുടെ വ്യാപനം - വിവിധതരം സിനിമകൾ കലയെന്ന നിലയിലും വ്യവസായമെന്ന നിലയിലും - ചലച്ചിത്ര പ്രതിഭകൾ - എഡ്വിൻ. എസ്. പോർട്ടർ, ഗ്രിഫിത്ത്, ചാർലി ചാപ്ലിൻ, ഐസൻസ്റ്റീൻ, പുഡോവ്കിൻ, ഡിസീക്ക, ഇൻഗ്മർ ബർഗ്മാൻ, കുറോസോവ, സത്യജിത്ത് റേ, ഋതിക്ക് ഘട്ടക്ക്, മൃണാൾ സെൻ, രാമു കാര്യാട്ട്, ജി. അരവിന്ദൻ, ജോൺ എബ്രഹാം, ഭരതൻ, പി. പത്മരാജൻ, അടൂർ ഗോപാലകൃഷ്ണൻ.

### മൊഡ്യൂൾ : രണ്ട് (9 മണിക്കൂർ)

### തിരക്കഥയുടെ പ്രസക്തി

തിരക്കഥയെ സംബന്ധിച്ച നിർവചനങ്ങൾ - തിരക്കഥയിലടങ്ങിയിരിക്കുന്ന ഘടകങ്ങളായ പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, ദൃശ്യസൂചനകൾ, ശബ്ദസൂചനകൾ - ഈ ഘടകങ്ങൾകൊണ്ട് രൂപീകരിക്കുന്ന തിരക്കഥയുടെ ഭാഷ - തിരക്കഥയുടെ ഘടന - തിരക്കഥാരചനയ്ക്ക് ആശയം സ്വീകരിക്കുന്ന രീതികൾ - തിരക്കഥാരചനയുടെ മേഖലകൾ - തിരക്കഥാവായനയുടെ രീതികൾ.

### മൊഡ്യൂൾ : മൂന്ന് (9 മണിക്കൂർ)

## തിരക്കഥയും സിനിമയും

തിരക്കഥയിലെ ലിഖിതഭാഷ പരിവർത്തനപ്പെട്ട് സിനിമയിലെ ദൃശ്യഭാഷയാകുന്നു. സംവിധായകന്റെ പ്രസക്തി, സിനിമയിലെ അഭിനയം, സിനിമാഗാനം, സിനിമയിലെ പശ്ചാത്തലം, ദൃശ്യബിംബങ്ങളുടെ അവതരണം - വീക്ഷണദിശകൾ, ക്യാമറയുടെ ചലനരീതികൾ - സീൻ സീക്വെൻസ് - ചലച്ചിത്രഭാഷ, സിനിമയും സംസ്കാരവും, തിരക്കഥാകൃത്തും സംവിധായകനും - അഭിനേതാവ് കഥാപാത്രമാകുന്നു.

### മൊഡ്യൂൾ : നാല് (9 മണിക്കൂർ)

## സിനിമയും സാഹിത്യവും

സാഹിത്യവുമായുള്ള സിനിമയുടെ ബന്ധമാണ് ഇവിടെ വിശകലനം ചെയ്യുന്നത്. സാഹിത്യകൃതികൾ സിനിമയാകുന്നു. സാഹിത്യകൃതി - തിരക്കഥ - സിനിമ ഇവിടെ സംഭവിക്കുന്ന പരിവർത്തനങ്ങൾ വിശകലനം ചെയ്യുക. കഥകൾ, നോവലുകൾ, നാടകങ്ങൾ തുടങ്ങിയവ സിനിമയായതിന്റെ പശ്ചാത്തലത്തിൽ മാധ്യമപരിവർത്തനത്തെപ്പറ്റി വിലയിരുത്തുക. അനുകല്പനപഠനങ്ങൾ- സ്വതന്ത്രസിനിമ - അനുകല്പനസിനിമ, പുനരാവിഷ്കാരസിനിമ മലയാളപരിസരത്തിൽ സാമാന്യമായി പഠിക്കുക. സിനിമയും ഇതരകലാരൂപങ്ങളും - സിനിമാസ്വാദനത്തിന്റെ രീതി - സിനിമയെപ്പറ്റിയുള്ള പഠനങ്ങൾ, നിരൂപണങ്ങൾ, സിദ്ധാന്തങ്ങൾ - സിനിമയിലെ പുതുപ്രവണതകൾ.

### മൊഡ്യൂൾ : അഞ്ച് (36 മണിക്കൂർ)

## തിരക്കഥയുടെ വായനയും സിനിമയുടെ കാഴ്ചയും

സെല്ലുലോയ്ഡ് എന്ന തിരക്കഥ വായിക്കുകയും സിനിമ കാണുകയും ചെയ്യുക. പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, ശബ്ദസൂചനകൾ, ദൃശ്യസൂചനകൾ തുടങ്ങിയവ തിരക്കഥയിലും സിനിമയിലും സംഭവിച്ചിരിക്കുത് വിലയിരുത്തുക. സെല്ലുലോയ്ഡ് എന്ന സിനിമയുടെ സാമൂഹികസാംസ്കാരിക മേഖലകളെപ്പറ്റി ചർച്ച ചെയ്യുക.

### പ്രദർശനം – ക്ലാസ്സിക് സിനിമകൾ

| | | |
|---|---|---|
| ദി കിഡ് | - | Charles Chaplin |
| ദി ബൈസിക്കിൾ തീവ്സ് | - | Vittorio De Sica |
| പഥേർ പാഞ്ചാലി | - | സത്യജിത്ത് റേ |
| ചെമ്മീൻ | - | രാമു കാര്യാട്ട് |

### സിനിമാ വിശകലനം

**അനുകല്പന സിനിമകൾ**

നിർമ്മാല്യം - എം.ടി. വാസുദേവൻ നായർ
(മൂലകഥ - പള്ളിവാളും കാൽച്ചിലമ്പും - എം.ടി. വാസുദേവൻ നായർ)

വിധേയൻ - അടൂർ ഗോപാലകൃഷ്ണൻ
(മൂലകൃതി - ഭാസ്കര പട്ടേലരും എന്റെ ജീവിതവും - സക്കറിയ)

**പുനരാവിഷ്കാര സിനിമകൾ**

| | | |
|---|---|---|
| നീലത്താമര | - | യൂസഫലി കേച്ചേരി (മൂലസിനിമ)<br>ലാൽജോസ് (പുനരാവിഷ്കാരസിനിമ) |
| തേന്മാവിൻ കൊമ്പത്ത് | - | പ്രിയദർശൻ (മൂലസിനിമ) |
| മുത്തു | - | കെ.എസ്.രവികുമാർ<br>(പുനരാവിഷ്കാരസിനിമ) |

**സ്വതന്ത്ര സിനിമകൾ**

| | | |
|---|---|---|
| ചിന്താവിഷ്ടയായ ശ്യാമള | - | ശ്രീനിവാസൻ |
| 101 ചോദ്യങ്ങൾ | - | സിദ്ധാർത്ഥ ശിവ |

**അസൈൻമെന്റ് - 1**

1. സാഹിത്യകൃതികൾ സിനിമയാകുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ നിർമ്മാല്യം, വിധേയൻ എന്നീ സിനിമകളെ ആധാരമാക്കി പരിശോധിക്കുക.
2. പുനരാവിഷ്കാര സിനിമയുടെ സവിശേഷതകൾ നീലത്താമര, മുത്തു എന്നീ സിനിമ കളെ ആധാരമാക്കി വിലയിരുത്തുക.
3. സ്വതന്ത്ര സിനിമയ്ക്ക് വിമർശനാത്മകമായി ആസ്വാദനം തയ്യാറാക്കുക.

   ചിന്താവിഷ്ടയായ ശ്യാമള, 101 ചോദ്യങ്ങൾ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുക.

**അസൈൻമെന്റ് - 2**

വ്യത്യസ്തമായ പ്രമേയങ്ങളെ അവലംബിച്ച് പരമാവധി 10 മിനിറ്റ് ദൈർഘ്യമുള്ള ലഘുചിത്രങ്ങൾക്കുവേണ്ടി തിരക്കഥകൾ രചിക്കുക (ഒറ്റയായോ അഞ്ചുപേർ ചേർന്നുള്ള സംഘങ്ങളായോ അസൈൻമെന്റ് ചെയ്യാവുന്നതാണ്).

**സഹായകഗ്രന്ഥങ്ങൾ, വെബ്സൈറ്റുകൾ**


1. സിനിമ - വീഡിയോ ടെക്നിക് - ഡോ. മുരളീകൃഷ്ണ, ഡി. സി. ബുക്സ്, 2008.
2. ചിത്രം ചലച്ചിത്രം - മങ്കട രവിവർമ്മ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
3. ഡോക്യുമെന്ററി സിനിമ - എം. എം. വർക്കി, എൻ.ബി.എസ്, 1999.
4. കഥയും തിരക്കഥയും - ഡോ. ജോസ് കെ. മാനുവൽ, കൈരളി ബുക്സ്, കണ്ണൂർ, 2009.
5. മാധ്യമങ്ങളും മലയാളസാഹിത്യവും - എം. വി. തോമസ്, കേരള സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്.
6. ചലച്ചിത്രപഠനങ്ങൾ - (എഡി:) പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം, 2008.
7. മാധ്യമങ്ങളും മലയാളസാഹിത്യവും - ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. സിനിമയും പ്രത്യയശാസ്ത്രവും - വി. കെ. ജോസഫ്, സാംസ്ക്കാരിക പ്രസിദ്ധീ കരണ വകുപ്പ്, തിരുവനന്തപുരം, 1997.

9. ചലച്ചിത്രത്തിന്റെ പൊരുൾ - വിജയകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996.
10. കാഴ്ചയുടെ അശാന്തി - വി. രാജകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001.
11. സിനിമയിലെ ശരീരഭാഷ - ജോസ് കെ. മാനുവൽ, കറന്റ് ബുക്സ്, കോട്ടയം
12. മലയാള സിനിമയും സാഹിത്യവും - മധു ഇറവങ്കര, ഡി.സി. ബുക്സ്
13. തിരക്കഥാസാഹിത്യം: സൗന്ദര്യവും പ്രസക്തിയും - ജോസ് കെ. മാനുവൽ, കറന്റ് ബുക്സ്, കോട്ടയം.
14. ഫിലിം ഡയറക്ഷൻ-സാജൻ തെരുവപ്പുഴ. സിഗ്നേച്ചർ ബുക്സ്, തൃശൂർ.
15. സിനിമയുടെ വ്യാകരണം-ഡോ. ടി. ജിതേഷ്, ഒലിവ് പ്ലീക്കേഷൻസ്, കോഴിക്കോട്, 2009.
16. ലോകസിനിമ - വിജയകൃഷ്ണൻ, ഡി.സി. ബുക്സ്. മലയാള സിനിമയും സാഹിത്യവും - മധു ഇറവങ്കര, ഡി. സി. ബുക്സ്.
17. സിനിമയുടെ ലോകം - അടൂർ ഗോപാലകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.
18. സഞ്ചാരിയുടെ വീട് റായ് സിനിമ - ഒരു പഠനം - ഐ. ഷൺമുഖദാസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996.
19. ഇന്ത്യൻ സിനിമ - എം. എഫ്. തോമസ്, ഡി. സി. ബുക്സ്.
20. ആധുനിക മലയാള സിനിമ - കെ. വി. രാമൻകുട്ടി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
21. 25 ലോകസിനിമകൾ - ജി. പി. രാമചന്ദ്രൻ, ചിന്ത പബ്ലിക്കേഷൻസ്, 2009.
22. ചലച്ചിത്രജാലകം - കോഴിക്കോടൻ, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1985.
23. ഡിജിറ്റൽ സിനിമ- ഇൻഫോ കൈരളി കമ്പ്യൂട്ടർ മാഗസിൻ, ഫെബ്രുവരി, 2009.
24. ചലച്ചിത്രത്തിന്റെ ആഖ്യാനകം - ഡോ. ടി. ജിതേഷ്, സൗത്ത് ഇന്ത്യൻ ഹിസ്റ്റോറിക്കൽ ഡോക്യുമെന്റ്സ് പബ്ലിക്കേഷൻസ്, നാഗർകോവിൽ.
25. സിനിമയുടെ വ്യാകരണം - ഡോ. ടി. ജിതേഷ്, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
29. Film Studies - The Basics, Amy Villarejo, Routledge Taylor & Francis, Group London & New York, Ane Books Pvt. Ltd, New Delhi, 2008.
30. The Major Film Theories - An Introduction- J. Dudley Andrew, Oxford University Press, New York.
31. How to Read a Film- Oxford University Press, New York.
32. Documentary, A History of the Non Fiction Film- Eric Bornouv.
33. What is Cinema- Andre Bazin (Trans. & Ed.) Hugh Grey, Vol.I & II, University of California Press, Barkeley.
34. Literature and Film-Robert Richardson, Indiana University Press, London.
35. Screenplay - The Foundations of Screen Writing- Syd Field, Bantam Dell, New York, 2005.
36. The Most Memorable Films of the World - H.N. Narahari Rao, Prism Books Pvt. Ltd, Bangalore, Kochi, 2009.

37. The Cinemas of India-Yees Thoraval, Mac Millan India Ltd.
38. A History of the Cinema from its Origin to 1970 - Eric Rhode, Penguin Books.
39. http://archive.sensesofcinema.com.
40. http://www.nano-technology.com.
41. http://en.wikipedia.org/Wiki/History of Cinema.
42. Film and Television Institute of India - www.ftiindia.com.
43. National Film Archive of India - www.nfaipune.nic.in.
44. Kerala State Film Development Corporation - www.ksfdc.in. Kerala Chalachitra Academy - www.keralafilm.com.
45. C-Dit - www.cdit.org.
46. http://www.imdb.com.
47. Malayalam cinema.com
48. http://archive.senses of cinema.com.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1511.1** |
| **ഓപ്പൺ കോഴ്സ്** | : | **I** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ<br>(18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## കേരളീയകലകൾ

**പഠനോദ്ദേശ്യം:**

കലകളുടെ വിശാലമായ സൗന്ദര്യലോകത്തേക്ക് വിദ്യാർത്ഥികളെ ആനയിക്കുകയും അവരുടെ കലാവാസനകൾക്ക് ഉന്മേഷവും പ്രേരണയുമുണ്ടാക്കുകയും കലാസ്വാദനത്തിലൂടെ മാനസികമായ വികാസം സാധ്യമാക്കുകയും ചെയ്യുകയെന്നതാണ് ഈ കോഴ്സിന്റെ പ്രാഥമികോദ്ദേശ്യം. കേരളീയകലകളുടെ പൊതു അവലോകനത്തിലൂടെ അവയുടെ ഉള്ളിലേക്കിറങ്ങിക്കൊണ്ട് കേരളത്തിന്റെ കലാചരിത്രവും സംസ്കാരവും മനസ്സിലാക്കാനും വാക്കും വസ്തുവും ശരീരവും സമന്വയിക്കുന്ന കേരളീയഭാവനയുടെ ഔന്നത്യം തിരിച്ചറിയാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതിനാണ് ഊന്നൽ നല്കേണ്ടത്. അസൈൻമെന്റിന് ഏതെങ്കിലും കലാരൂപത്തിന്റെ അവതരണം നേരിൽക്കണ്ട് വിവരണം നല്കുന്നതിനും പ്രേരിപ്പിക്കാവുന്നതാണ്. പരസ്പരപൂരകങ്ങളാണെങ്കിലും കേരളീയകലകളെ സാമാന്യമായി മാധ്യമത്തെ അടിസ്ഥാനമാക്കി രണ്ടായി തിരിച്ചുകൊണ്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന അനേകം കലകളുണ്ടെങ്കിലും പ്രധാനപ്പെട്ടവയെ പരിചയപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തിലാണ് പേരുകൾ പരാമർശിക്കുന്നത്.

**പാഠ്യപദ്ധതി**

## മൊഡ്യൂൾ : ഒന്ന് (36 മണിക്കൂർ)

## ശരീരകേന്ദ്രിത കലകൾ

(1) കല - വ്യത്യസ്ത നിർവ്വചനങ്ങൾ - വിഭജനസമ്പ്രദായങ്ങൾ - സുകുമാര/സൗന്ദര്യാത്മക കലകൾ, സോപയോഗ/പ്രയോജനാത്മക കലകൾ, ദ്വിമാന/ത്രിമാന/അനേകമാന(multi-dimensional)കലകൾ, നിശ്ചല/ചലനാത്മക കലകൾ, ക്ലാസ്സിക/അനുഷ്ഠാന/വിനോദന കലകൾ, ദേശി, മാർഗ്ഗി എന്നിങ്ങനെയുള്ളവ - അറുപത്തിനാലു കലകൾ - കലകളുടെ വികാസചരിത്രം - കലകളുടെ വിവിധതരം ആവിഷ്കരണ മാധ്യമങ്ങൾ - ശരീരം, ഇതരവസ്തുക്കൾ - കലാപ്രയോജനം - കേരളീയ കലകളുടെ വൈവിധ്യം - സവിശേഷതകൾ.

(2) കേരളീയസംഗീതം - നാടൻ/വംശീയ/ആദിവാസി സംഗീതം - പാട്ടുരൂപങ്ങൾ - പാട്ടുകളുടെ വർഗ്ഗീകരണം - പ്രയോഗസന്ദർഭങ്ങൾ - സർപ്പംപാട്ട് (പുള്ളുവൻപാട്ട്), തോറ്റംപാട്ട്, ഓണപ്പാട്ട്, വില്പാട്ട്, താരാട്ടുപാട്ട്, കൃഷിപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, മാപ്പിളപ്പാട്ട്, മാർഗ്ഗംകളിപ്പാട്ട്, ഗദ്ദികപ്പാട്ട് എന്നിവയുടെ സാമാന്യപരിചയം.

ശാസ്ത്രീയസംഗീതത്തിനു കേരളത്തിന്റെ സംഭാവന - ഇരയിമ്മൻ തമ്പി, സ്വാതിതിരുനാൾ, ആധുനികകാലത്തെ സംഗീതജ്ഞർ എന്നിവരെ പരിചയപ്പെടൽ.

കേരളത്തിലെ വാദ്യസംഗീതത്തിന്റെ വൈവിധ്യം - വിവിധതരം വാദ്യോപകരണങ്ങൾ - തുകൽ, തന്ത്രി, സുഷിര, ഘന വാദ്യങ്ങൾ - പഞ്ചവാദ്യം, തായമ്പക എന്നിവ.

(3) നൃത്തം - കേരളത്തിലെ വിവിധതരം നൃത്തരൂപങ്ങൾ - താളാത്മകമായ ആദിവാസി നൃത്തങ്ങൾ, അനുഷ്ഠാനരൂപങ്ങളോടും അഭിനയകലകളോടും ചേർന്നുള്ള നൃത്തങ്ങൾ, തിരുവാതിരകളി, ഒപ്പന, മാർഗ്ഗംകളി, മോഹിനിയാട്ടം തുടങ്ങിയവ.

(4) അഭിനയകലകൾ - വിവിധതരം അഭിനയരൂപങ്ങൾ - നൃത്യ, നാട്യവിന്യസനം - നാടൻ (വിനോദ, അനുഷ്ഠാന)കലകൾ, ശാസ്ത്രീയകലകൾ എന്നിവയുടെ വിവേചനം - കാക്കാരിശ്ശിനാടകം, പൊറാട്ടുനാടകം, ചവിട്ടു നാടകം, തെയ്യം, പടയണി, മുടിയേറ്റ്, കൂടിയാട്ടം, കഥകളി, തുള്ളൽ എന്നിവയുടെ പരിചയം - ഈ കലകളുടെ അഭിനയരീതികൾ, വേഷവിധാനങ്ങൾ എന്നിവയിലെ വ്യത്യാസങ്ങൾ.

(5) ആയോധനകല - കേരളത്തിന്റെ ആയോധനപാരമ്പര്യം - കളരിപ്പയറ്റ് - കളരിയുടെ വിവിധസമ്പ്രദായങ്ങൾ - തെക്കൻ, വടക്കൻ എന്നിവ - പരിശീലനരീതി - കളരിയുടെ ആരോഗ്യപരവും ചികിത്സാപരവുമായ സാധ്യതകൾ - കളരിയുമായി ബന്ധപ്പെട്ട സംസ്കാരവും സാഹിത്യവും - കളരിപ്പയറ്റിന്റെ സ്വാധീനം ഇതരകലകളിൽ.

(6) വചനകല - വാചികപ്രധാനമായ വിവിധതരം കലകളെ സാമാന്യമായി പരിചയപ്പെടുത്തൽ - പാഠകം, ചാക്യാർക്കൂത്ത്, ഹരികഥ, കഥാപ്രസംഗം എന്നിവ.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## വസ്തുകേന്ദ്രിത കലകൾ

(1) ചിത്രകല - കേരളീയമായ വിവിധതരം ചിത്രരചനാസമ്പ്രദായങ്ങൾ - ചിത്രരചനാമാധ്യമങ്ങൾ - ഗുഹാചിത്രങ്ങൾ, ചുവർചിത്രങ്ങൾ - വിവിധതരം കളമെഴുത്തുകൾ - അഭിനയകലകളിലെ മുഖത്തെഴുത്തുകൾ - രാജാ രവിവർമ്മ, കെ.സി.എസ്. പണിക്കർ, എം.വി.ദേവൻ തുടങ്ങിയവരുടെ സംഭാവനകൾ, നമ്പൂതിരിയുടെ രേഖാചിത്രങ്ങൾ എന്നിവ പരിചയപ്പെടുത്തണം.

(2) ശില്പകല - ശില്പകലാമാധ്യമങ്ങൾ- കല്ല്, മണ്ണ്, തടി, ദന്തം, ലോഹം തുടങ്ങിയവ - വിവിധതരം ശില്പങ്ങൾ - വിഗ്രഹം, പ്രതിമ, മറ്റ് അലങ്കൃത രൂപങ്ങൾ എന്നിങ്ങനെ - കേരളീയരായ പ്രമുഖശില്പികൾ.

(3) വാസ്തുവിദ്യ - കേരളീയപാരമ്പര്യം - ഗൃഹനിർമ്മാണത്തിന്റെ വിവിധ സമ്പ്രദായങ്ങൾ - നാലുകെട്ട്, എട്ടുകെട്ട് തുടങ്ങിയവ - വാസ്തുലക്ഷണം.

- ഭൂമിയുടെ തെരഞ്ഞെടുപ്പ്, ജലസാന്നിധ്യം, വാസ്തുപുരുഷൻ, വിവിധ കോണുകൾ, വിവിധമുറികൾ/വാതിലുകൾ എന്നിവയുടെ സ്ഥാനനിർണ്ണയം, വിശ്വാസങ്ങൾ, പരിഹാരങ്ങൾ എന്നിവ - ഗൃഹനിർമ്മാണത്തിന്റെ സാധാരണ സമ്പ്രദായങ്ങൾ, അവയുമായി ബന്ധപ്പെട്ട ഗണിതശാസ്ത്രം.

**സഹായകഗ്രന്ഥങ്ങൾ**


1. കേരളവും സംഗീതവും - എസ്. ഗുപ്തൻ നായർ.
2. കേരളത്തിലെ നാടൻസംഗീതം - ഡോ. എം. വി. വിഷ്ണുനമ്പൂതിരി.
3. തോറ്റംപാട്ടുകൾ ഒരു പഠനം - എം. വി. വിഷ്ണുനമ്പൂതിരി.
4. പുള്ളുവൻപാട്ടും നാഗാരാധനയും - എം. വി. വിഷ്ണുനമ്പൂതിരി.
5. ദക്ഷിണേന്ത്യൻ സംഗീതം - എ. കെ. രവീന്ദ്രനാഥ്.
6. മാപ്പിളപ്പാട്ട് പാഠവും പഠനവും - ബാലകൃഷ്ണൻ വള്ളിക്കുന്ന്, ഡോ. ഉമർ തറമേൽ.
7. ഇശലുകളുടെ ഉദ്യാനം - (എഡി.) ഡോ. ഉമർ തറമേൽ.
8. ഒപ്പന എന്ന വട്ടപ്പാട്ട് - വി. എം. കുട്ടി.
9. മാപ്പിളക്കലകൾ - (എഡി.) ഒ. എം. കരുവാരക്കുണ്ട്.
10. മാപ്പിള ഫോക്‌ലോർ - പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ്
11. നാടൻകലകൾ നാടൻപാട്ടുകൾ - ഡോ. എം. വി. വിഷ്ണുനമ്പൂതിരി.
12. ഫോക്‌ലോർ - രാഘവൻ പയ്യനാട്.
13. കേരളഫോക്‌ലോർ - (എഡി.) രാഘവൻ പയ്യനാട്.
14. ഫോക്‌ലോർ നിഘണ്ടു - എം. വി. വിഷ്ണുനമ്പൂതിരി.
15. മോഹിനിയാട്ടം: ചരിത്രവും ആട്ടപ്രകാരവും - കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ.
16. മോഹിനിയാട്ടം : ആട്ടപ്രകാരവും മുദ്രകളും - വേണു ജി., നിർമ്മലാ പണിക്കർ.
17. തെയ്യം - ഡോ. എം. വി. വിഷ്ണുനമ്പൂതിരി.
18. പടേനി - കടമ്മനിട്ട വാസുദേവൻപിള്ള.
19. പടേനിയിലെ പാളക്കോലങ്ങൾ - കടമ്മനിട്ട വാസുദേവൻപിള്ള.
20. ഐവർനാടകം - ചുമ്മാർ ചൂണ്ടൽ.
21. കാക്കാരിശ്ശി നാടകം - ജി. ഭാർഗ്ഗവൻപിള്ള.
22. പുരുഷാർത്ഥക്കൂത്ത് - വി. ആർ. കൃഷ്ണചന്ദ്രൻ.
23. തുള്ളൽ ദൃശ്യവേദിയിൽ - അയ്മനം കൃഷ്ണക്കൈമൾ.
24. ചവിട്ടുനാടകം - സെബീനാറാഫി.
25. കേരളത്തിലെ നാടോടിനാടകങ്ങൾ - ഡോ. എസ്. കെ. നായർ.
26. കൂത്തും കൂടിയാട്ടവും - അമ്മാമൻ തമ്പുരാൻ.
27. കഥകളി വിജ്ഞാനകോശം - അയ്മനം കൃഷ്ണക്കൈമൾ.
28. മലബാറിലെ തിറയാട്ടങ്ങൾ - സി. ഗോപാലൻ നായർ.

29. മുടിയേറ്റ് - ചുമ്മാർ ചൂണ്ടൽ.
30. മുടിയേറ്റ് നാടോടിനേരരങ്ങ് - സി. ആർ. രാജഗോപാലൻ.
31. തിരുവാതിരയും സ്ത്രീകളുടെ മറ്റു വ്രതാനുഷ്ഠാനങ്ങളും - ദ്രൗപദി ജി. നായർ.
32. കേരളത്തിലെ നാടൻകലകൾ - എ. കെ. നമ്പ്യാർ.
33. താളങ്ങൾ താളവാദ്യങ്ങൾ - എ. എസ്. എൻ. നമ്പീശൻ.
34. കേരളത്തിലെ താളമേളങ്ങൾ - (എഡി.) പ്രൊഫ. വി. അരവിന്ദാക്ഷൻ.
35. കേരളത്തിലെ സംഗീതോപകരണങ്ങൾ - ഡോ. രവിവർമ്മ സനൽകുമാർ തമ്പുരാൻ.
36. വാസ്തുശാസ്ത്രം ഒരു സമഗ്രപഠനം - ഡോ. പി. വി. ഔസേപ്പ്.
37. കേരളത്തിലെ ചുവർചിത്രകല - എം. ജി. ശശിഭൂഷൺ.
38. തോല്പാവക്കൂത്ത് - പി. ജി. പട്ടാമ്പി.
39. പൊറാട്ടുനാടകവും മറ്റും - ജി. ഭാർഗ്ഗവൻപിള്ള.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1511.2** |
| **ഓപ്പൺ കോഴ്സ്** | : | **I** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## തിരക്കഥാരചന : തത്വവും പ്രയോഗവും

**പഠനലക്ഷ്യം**

സിനിമ രൂപീകരിക്കാനുള്ള പാഠമെന്ന നിലയിലാണ് തിരക്കഥയുടെ പ്രഥമ അസ്തിത്വം. സിനിമ ഒരു കലാമാധ്യമവും വ്യവസായ ഉത്പന്നവുമായതോടെ അതിന്റെ നിർമ്മിതിക്ക് മാർഗ്ഗരേഖയായ തിരക്കഥയ്ക്കും പ്രസക്തിയേറി. ടെലിവിഷൻ, മൊബൈൽ ഫോൺ തുടങ്ങിയ മാധ്യമങ്ങൾ ദൃശ്യചാരുതയോടെ കഥാഖ്യാനം നിർവഹിക്കുന്ന കാലത്ത് അവയുടെ പാഠമെന്ന നിലയിൽ തിരക്കഥയ്ക്കും സവിശേഷമായ പ്രസക്തിയുണ്ടായി. തിരക്കഥയുടെ പഠനത്തിന് പ്രധാനമായും മൂന്ന് മേഖലകളാണുള്ളത്. തിരക്കഥയുടെ രചനാശാസ്ത്രം പഠിപ്പിക്കുന്ന രീതി, തിരക്കഥ പരിവർത്തനപ്പെട്ട് സിനിമയാകുന്ന രീതി, തിരക്കഥയെ സാഹിത്യമായി കണ്ട് വായിക്കുകയും, വിശകലനം ചെയ്യുകയും ചെയ്യുന്ന രീതി എന്നിവയാണ് പഠനമേഖലകൾ. തിരക്കഥയുടെ രചനക്ക് ഭാവനയ്ക്കും സർഗ്ഗാത്മകതയ്ക്കുമൊപ്പം പ്രായോഗികമായ കുറെ അറിവുകൾകൂടി ആർജ്ജിച്ചെടുക്കേണ്ടതുണ്ട്.

### മൊഡ്യൂൾ : ഒന്ന്

സിനിമയുടെ പാഠമെന്ന നിലയിലുള്ള തിരക്കഥയുടെ പ്രസക്തി - താമർ ലെയിൻ, സെയ്ദ് ഫീൽഡ്, റെയ്മൺഡ് ജിം ഫ്രെൻഷാം തുടങ്ങിയവരുടെ തിരക്കഥാ നിർവചനങ്ങൾ- തിരക്കഥയിൽ അടങ്ങിയിരിക്കുന്ന പ്രധാന ഘടകങ്ങളായ പ്രമേയം, ഇതിവൃത്തം,

കഥാപാത്രങ്ങൾ, സംഭാഷണം, ദൃശ്യസൂചനകൾ, ശബ്ദസൂചനകൾ - തിരക്കഥയുടെ ഭാഷ - കഥ, നോവൽ, നാടകം തുടങ്ങിയ കൃതികളിൽ നിന്നും തിരക്കഥ പുലർത്തു വ്യത്യാസം. മലയാളത്തിലെ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ച തിരക്കഥകൾ.

### മൊഡ്യൂൾ : രണ്ട്

ആശയസ്വീകരണത്തിനുള്ള മാർഗ്ഗങ്ങൾ - ആശയങ്ങളെ തിരക്കഥയുടെ രൂപീകരണത്തിനായി വികസിപ്പിച്ചെടുക്കുന്ന രീതി - തിരക്കഥയുടെ ഘടന, നാടകീയ ഘടന, ഇതിവൃത്തത്തിൽ അടങ്ങിയിരിക്കുന്ന സമയം, സ്ഥലം, സമൂഹം, സാമ്പത്തികം, രാഷ്ട്രീയം, നിയമം, രചനയുടെ വിവിധ തന്ത്രങ്ങൾ - മൂർദ്ധന്യത്തിന്റെ നിർമ്മിതി - കലാപരമായ പകർത്തിയെഴുത്ത് - വാണിജ്യപരമായ പകർത്തിയെഴുത്ത് - കലാസിനിമയുടെയും വാണിജ്യസിനിമയുടെയും തിരക്കഥകൾ - സാഹിത്യകൃതികൾ തിരക്കഥയാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ.

### മൊഡ്യൂൾ : മൂന്ന്

### (1) തിരക്കഥാപഠനവും വിലയിരുത്തലും

**വിശദപഠനം**

തിരക്കഥ : പെരുവഴിയമ്പലം - പി. പത്മരാജൻ

(പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, ദൃശ്യസൂചനകൾ, ശബ്ദസൂചനകൾ, തിരക്കഥയുടെ ഭാഷ, സീൻ, മൂർദ്ധന്യം തുടങ്ങിയ ഘടകങ്ങൾ വിശകലനം ചെയ്യുക.)

### (2) തിരക്കഥാരചന

ഇഷ്ടപ്പെട്ട ഒരു കഥയിൽനിന്നോ സ്വന്തമായോ ഒരു തിരക്കഥ തയ്യാറാക്കുക.

**സഹായകഗ്രന്ഥങ്ങൾ**


1. തിരക്കഥാരചന, കലയും സിദ്ധാന്തവും - ജോസ് കെ. മാനുവൽ.
2. കഥയും തിരക്കഥയും - ജോസ്. കെ. മാനുവൽ, കൈരളി ബുക്സ്, കണ്ണൂർ.
3. കഥയും തിരക്കഥയും - ആർ. വി. എം. ദിവാകരൻ, ഒലിവ്, കോഴിക്കോട്.
4. തിരക്കഥ, സിനിമയുടെ ദൃശ്യപ്രകാശം - ഡോ. ഡൊമിനിക് ജെ. കാട്ടൂർ, കറന്റ് ബുക്സ്, കോട്ടയം.
5. മലയാളസിനിമാപഠനങ്ങൾ - വെങ്കിടേശ്വരൻ. ഡി.എസ്, ഡി.സി. കോട്ടയം.
6. ചലച്ചിത്രത്തിന്റെ ആഖ്യാനകം - ഡോ. ടി. ജിതേഷ്.
7. ഫിലിം ഡയറക്ഷൻ - സാജൻ തെരുവപ്പുഴ. സിഗ്നേച്ചർ ബുക്സ്, തൃശൂർ.
8. മലയാളസിനിമയും സാഹിത്യവും - മധു ഇറവങ്കര, ഡി.സി. ബുക്സ്,
9. തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും - ജോസ് കെ. മാനുവൽ.
10. സിനിമയിലെ ശരീരഭാഷ - ജോസ് കെ. മാനുവൽ, കറന്റ് ബുക്സ്, കോട്ടയം.
11. Screenplay - The Foundations of Screen Writing - Syd Field, Bantam Dell, New York, 2005.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1511.3** |
| **ഓപ്പൺ കോഴ്സ്** | : | **I** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## മലയാളപത്രപ്രവർത്തനം

### പഠനോദ്ദേശ്യം

മലയാള പത്രപ്രവർത്തനമേഖല ഭാഷയ്ക്കും സംസ്കാരത്തിനും സാഹിത്യത്തിനും നൽകിയിട്ടുള്ള സംഭാവന നിസ്സീമമാണ്. ജനതയുടെ ഭാഷയെയും സംസ്കാരത്തെയും സർഗ്ഗചോദനകളെയും പരിപോഷിപ്പിക്കുന്നതിൽ പത്രമാധ്യമങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ ഒരു പൊതുഭാഷ സൃഷ്ടിക്കുകയും വളർത്തിയെടുക്കുകയും ഭാഷയുടെ പ്രാദേശികഭേദങ്ങൾക്കപ്പുറത്ത് കേരളത്തെ ഒരുമിപ്പിച്ചു നിർത്തുകയും ചെയ്യുന്നതിൽ ഈ മാധ്യമം വഹിക്കുന്ന പങ്ക് വലുതാണ്. ഈ പശ്ചാത്തലത്തിൽ, ഭാഷ യുടെയും സാഹിത്യത്തിന്റെയും പഠനത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ് പത്രമാധ്യമ പഠനം.

### പാഠ്യപദ്ധതി

#### മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

ജനസമ്പർക്കത്തിന് ഒരാമുഖം - ആശയവിനിമയവും ജനസമ്പർക്ക മാധ്യമവും - ജനസമ്പർക്കമാധ്യമങ്ങളുടെ വൈവിധ്യം - അച്ചടി, റേഡിയോ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ് - വാർത്താവിനിമയ പ്രക്രിയ - ആധുനിക വാർത്താവിനിമയമാർഗ്ഗങ്ങൾ.

#### മൊഡ്യൂൾ : രണ്ട് (9 മണിക്കൂർ)

പത്രമാധ്യമത്തിന്റെ സവിശേഷ പ്രാധാന്യം - മലയാള പത്രപ്രവർത്തനത്തിന്റെ ഉത്ഭവവും വളർച്ചയും - ആദ്യകാലപത്രങ്ങൾ - മാസികകൾ - ആനുകാലിക പ്രസിദ്ധീകരണങ്ങൾ - സവിശേഷതകൾ.

#### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

വാർത്ത - വാർത്തയുടെ നിർവ്വചനം - വാർത്തയുടെ മൂല്യം - വാർത്താ സ്രോതസ്സുകൾ - വാർത്താബന്ധങ്ങൾ - വാർത്താവൈവിധ്യങ്ങൾ - വാർത്ത വരുന്നവഴി - വാർത്താ ഏജൻസികൾ - വാർത്താശേഖരണം - ആധുനിക സങ്കേതങ്ങൾ - റിപ്പോർട്ടിംഗ് രീതികൾ - ശൈലികൾ - പത്രഭാഷ - ഫീച്ചർ രചന, അഭിമുഖങ്ങൾ എന്നിവയുടെ രീതികൾ.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

പത്രത്തിന്റെ നിർമ്മാണരീതികൾ - വിവിധ ഘട്ടങ്ങൾ - എഡിറ്റിങ്ങും രൂപകൽപനയും - ലേ-ഔട്ടിന്റെ പ്രാധാന്യം - പ്രധാന വാർത്തകൾ - തലക്കെട്ടുകൾ - വിവിധ പത്രങ്ങളുടെ ഒന്നാംപേജ് ഡിസ്പ്ലേ - താരതമ്യം ചെയ്തു പഠിക്കുക.

**സഹായകഗ്രന്ഥങ്ങൾ**


1. വാർത്ത : പത്രവും വാർത്തകളും - ജോയി തിരുമൂലപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. പത്രലോകം - ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
3. ആ ലോകം മുതൽ e ലോകം വരെ - ഡോ. ജെ. വി. വിളനിലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. മാധ്യമങ്ങളും മലയാളസാഹിത്യവും - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
5. പത്രഭാഷ - കേരള പ്രസ് അക്കാദമി.
6. മാധ്യമ വിചിന്തനം - ഡോ. കെ. വി. തോമസ് / ഡോ. മാത്യു. ജെ. മുട്ടത്ത്, ലിപി പബ്ലിക്കേഷൻസ്.
7. മാറുന്ന ലോകം മാറുന്ന മാധ്യമലോകം - എൻ. പി. രാജേന്ദ്രൻ, മാതൃഭൂമി ബുക്സ്.
8. പത്രപ്രവർത്തനം, കഥയും പൊരുളും - മുരളി, മെലിൻഡ ബുക്സ്, തിരുവനന്തപുരം.
9. കേരളപത്രപ്രവർത്തനചരിത്രം - പുതുപ്പള്ളി രാഘവൻ, കേരളസാഹിത്യ അക്കാദമി.
10. മാധ്യമനയം ഇന്ത്യയുടെ സമഗ്രവികസനത്തിന് (എഡി.) ഡോ. ഐറിസ് കൊയ്ലിയോ/ഡോ. ലേഖാനരേന്ദ്രൻ.
11. ഫോർത്ത് എസ്റ്റേറ്റിന്റെ മരണം - എൻ. പി. രാജേന്ദ്രൻ, മാതൃഭൂമി ബുക്സ്.
12. പത്രധർമ്മം നിയമം - എൻ. പി. രാജേന്ദ്രൻ, വ്യൂ പോയിന്റ്, തിരുവനന്തപുരം.
13. ഭാഷയും മാധ്യമവും - വി. കെ. നാരായണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
14. വൃത്താന്ത പത്രപ്രവർത്തനം - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കേരള പ്രസ് അക്കാദമി.
15. പത്രപ്രവർത്തനം ഭിന്നമുഖങ്ങൾ - കേരള പ്രസ് അക്കാദമി.
16. മാധ്യമങ്ങളും മലയാളസാഹിത്യവും - എം. വി. തോമസ്, കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്.
17. Fundamentals of Journalism - Spencer Crump.
18. News Editing - Bruce Wesley.
19. Writing style - Washington Post.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **V** |
| **കോഴ്സ് കോഡ്** | : | **ML 1511.4** |
| **ഓപ്പൺ കോഴ്സ്** | : | **I** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## ചലച്ചിത്രപഠനം

**പഠനപദ്ധതി**

### മൊഡ്യൂൾ : ഒന്ന്

### ചലച്ചിത്രകല

ആധുനികകാലത്തിന്റെ കല - ശ്രദ്ധേയമായ സിനിമാസിദ്ധാന്തങ്ങൾ - തിരക്കഥ - സംവിധാനം - അഭിനയം - ഛായാഗ്രഹണം, ചിത്രസംയോജനം, പശ്ചാത്തലസംഗീതം തുടങ്ങിയ ഘടകങ്ങളുടെ പ്രസക്തി. ഓരോ ദേശത്തിനും ഭാഷയ്ക്കും അവരുടെ സംസ്കാരത്തിനുമനുസരിച്ചുള്ള സിനിമയുണ്ട്. ഹോളിവുഡ് സിനിമ, ഇറാനിയൻ സിനിമ, ജാപ്പനീസ് സിനിമ, ഹിന്ദിസിനിമ, തമിഴ്സിനിമ, മലയാളസിനിമ - ടെലിവിഷൻ, ഇന്റർനെറ്റ് സിനിമ, മൊബൈൽഫോൺ തുടങ്ങിയ മാധ്യമങ്ങളിലേക്കുള്ള സിനിമയുടെ വ്യാപനം - വിവിധതരം സിനിമകൾ കലയെന്ന നിലയിലും വ്യവസായമെന്ന നിലയിലും സിനിമയുടെ പ്രസക്തി - ചലച്ചിത്രപ്രതിഭകൾ.

### മൊഡ്യൂൾ : രണ്ട്

### തിരക്കഥയുടെ പ്രസക്തി

തിരക്കഥയെ സംബന്ധിച്ച നിർവചനങ്ങൾ - തിരക്കഥയിലടങ്ങിയിരിക്കുന്ന ഘടകങ്ങളായ പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, ദൃശ്യസൂചനകൾ, ശബ്ദസൂചനകൾ - ഈ ഘടകങ്ങൾ കൊണ്ട് രൂപീകരിക്കുന്ന തിരക്കഥയുടെ ഭാഷ - തിരക്കഥയുടെ ഘടന - തിരക്കഥാരചനയ്ക്ക് ആശയം സ്വീകരിക്കുന്ന രീതികൾ - തിരക്കഥാരചനയുടെ മേഖലകൾ - തിരക്കഥാവായനയുടെ രീതികൾ.

### മൊഡ്യൂൾ : മൂന്ന്

### തിരക്കഥയും സിനിമയും

തിരക്കഥയിലെ ലിഖിതഭാഷ പരിവർത്തനപ്പെട്ട് സിനിമയിലെ ദൃശ്യഭാഷയാകുന്നു. സംവിധായകന്റെ പ്രസക്തി, സിനിമയിലെ അഭിനയം, സിനിമാഗാനം, സിനിമയിലെ പശ്ചാത്തലം, ദൃശ്യബിംബങ്ങളുടെ അവതരണം - വീക്ഷണദിശകൾ, ക്യാമറയുടെ ചലനരീതികൾ - സീൻ സീക്വൻസ് - ചലച്ചിത്രഭാഷ, സിനിമയും സംസ്കാരവും, തിരക്കഥാകൃത്തും സംവിധായകനും - അഭിനേതാവ് കഥാപാത്രമാകുന്നു.

## മൊഡ്യൂൾ : നാല്

# തിരക്കഥയുടെ വായനയും സിനിമയുടെ കാഴ്ചയും

സെല്ലുലോയ്ഡ് എന്ന തിരക്കഥ വായിക്കുകയും സിനിമ കാണുകയും ചെയ്യുക. പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, ശബ്ദസൂചനകൾ, ദൃശ്യസൂചനകൾ തുടങ്ങിയവ തിരക്കഥയിലും സിനിമയിലും സംഭവിച്ചിരിക്കുന്നത് വിലയിരുത്തുക. സെല്ലുലോയ്ഡ് എന്ന സിനിമയുടെ സാമൂഹിക സാംസ്കാരിക മേഖലകളെപ്പറ്റി ചർച്ചചെയ്യുക.

## സിനിമാ വിശകലനം

**സ്വതന്ത്ര സിനിമകൾ**

ചിന്താവിഷ്ടയായ ശ്യാമള - ശ്രീനിവാസൻ

101 ചോദ്യങ്ങൾ - സിദ്ധാർത്ഥ ശിവ

**അനുകല്പന സിനിമകൾ**

നിർമ്മാല്യം - എം.ടി വാസുദേവൻ നായർ

(മൂലകഥ- പള്ളിവാളും കാൽച്ചിലമ്പും, എം.ടി. വാസുദേവൻ നായർ)

വിധേയൻ - അടൂർ ഗോപാലകൃഷ്ണൻ

(മൂലകൃതി- ഭാസ്കരപട്ടേലരും എന്റെ ജീവിതവും)

**അസൈൻമെന്റ് - I**

1. വ്യത്യസ്തമായ പ്രമേയങ്ങളെ അവലംബിച്ച് പരമാവധി 10 മിനിറ്റ് ദൈർഘ്യമുള്ള ലഘുചിത്രങ്ങൾക്കുവേണ്ടി തിരക്കഥകൾ രചിക്കുക. ഒറ്റയായോ അഞ്ചുപേർ ചേർന്നുള്ള സംഘങ്ങളായോ അസൈൻമെന്റ് ചെയ്യാവുന്നതാണ്.

**സഹായകഗ്രന്ഥങ്ങൾ, വെബ്സൈറ്റുകൾ**


1. സിനിമ - വീഡിയോ ടെക്നിക് - ഡോ. മുരളീകൃഷ്ണ, ഡി. സി. ബുക്സ്, 2008.
2. ചിത്രം ചലച്ചിത്രം - മങ്കട രവിവർമ്മ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,
4. ഡോക്യുമെന്ററി സിനിമ - എം. എം. വർക്കി, എൻ.ബി.എസ്സ്, 1999.
5. കഥയും തിരക്കഥയും - ഡോ. ജോസ് കെ. മാനുവൽ, കൈരളി ബുക്സ്, കണ്ണൂർ, 2009.
6. തിരക്കഥാരചന കലയും സിദ്ധാന്തവും - ജോസ്. കെ. മാനുവൽ, കറന്റ് ബുക്സ്, കോട്ടയം, 2003.
7. മാധ്യമങ്ങളും മലയാളസാഹിത്യവും - എം. വി. തോമസ്, കേരള സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്.
8. ചലച്ചിത്രപഠനങ്ങൾ - (എഡി:) പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം, 2008.

9. മാധ്യമങ്ങളും മലയാളസാഹിത്യവും - ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

10. സിനിമയും പ്രത്യയശാസ്ത്രവും - വി.കെ. ജോസഫ്, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1997.

11. ചലച്ചിത്രത്തിന്റെ പൊരുൾ - വിജയകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

12. കാഴ്ചയുടെ അശാന്തി - വി. രാജകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001.

13. സിനിമയുടെ വ്യാകരണം - ഡോ. ടി. ജിതേഷ്, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2009.

14. ലോകസിനിമ - വിജയകൃഷ്ണൻ - ഡി. സി. ബുക്സ്.

16. മലയാള സിനിമയും സാഹിത്യവും - മധു ഇറവങ്കര, ഡി. സി. ബുക്സ്.

17. തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും– ജോസ് കെ. മാനുവൽ, കറന്റ് ബുക്സ്, കോട്ടയം.

18. സിനിമയുടെ ലോകം - അടൂർ ഗോപാലകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.

19. സഞ്ചാരിയുടെ വീട്. റായ് സിനിമ - ഒരു പഠനം - ഐ. ഷൺമുഖദാസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996.

20. ഇന്ത്യൻ സിനിമ - എം. എഫ്. തോമസ്, ഡി. സി. ബുക്സ്.

21. ആധുനിക മലയാള സിനിമ - കെ. വി. രാമൻകുട്ടി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

22. 25 ലോകസിനിമകൾ - ജി. പി. രാമചന്ദ്രൻ, ചിന്ത പബ്ലിക്കേഷൻസ്, 2009.

26. ഡിജിറ്റൽ സിനിമ - ഇൻഫോ കൈരളി കമ്പ്യൂട്ടർ മാഗസിൻ, ഫെബ്രുവരി, 2009.

27. ചലച്ചിത്രത്തിന്റെ ആഖ്യാനകം - ഡോ. ടി. ജിതേഷ്, സൗത്ത് ഇന്ത്യൻ ഹിസ്റ്റോറിക്കൽ ഡോക്യുമെന്റ്സ് പബ്ലിക്കേഷൻസ്, നാഗർകോവിൽ.

28. സിനിമയുടെ വ്യാകരണം - ഡോ. ടി. ജിതേഷ്, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

29. തിരക്കഥ: സിനിമയുടെ ദൃശ്യപ്രകാരം - ഡോ. ഡൊമിനിക് ജെ. കാട്ടൂർ.

30. ഫിലിം ഡയറക്ഷൻ - സാജൻ തെരുവപ്പുഴ. സിഗ്നേച്ചർ ബുക്സ്, തൃശൂർ.

31. സിനിമയിലെ ശരീരഭാഷ - ജോസ് കെ. മാനുവൽ, കറന്റ് ബുക്സ്,

32. മലയാള സിനിമയും സാഹിത്യവും - മധു ഇറവങ്കര, ഡി.സി. ബുക്സ്.

33. Film Studies - The Basics, Amy Villarejo, Routledge Taylor & Francis, Group London & New York, Ane Books Pvt. Ltd, New Delhi, 2008.

34. The Major Film Theories - An Introduction. J. Dudley Andrew, Oxford University Press, New York.

35. How to Read a Film. Oxford University Press, New York.

36. Documentary, A History of the Non Fiction Film - Eric Bornouv.

33. What is Cinema - Andre Bazin (Trans. & Ed.) Hugh Grey, Vol.I & II, University of California Press, Barkeley.
34. Literature and Film. Robert Richardson, Indiana University Press, London.
35. Screenplay - The Foundations of Screen Writing - Syd Field, Bantam Dell, New York, 2005.
36. The Most Memorable Films of the World - H.N. Narahari Rao, Prism Books, Pvt. Ltd, Bangalore, Kochi, 2009.
37. The Cinemas of India - Yees Thoraval, Mac Millan India Ltd.
38. A History of the Cinema from its Origin to 1970 - Eric Rhode, Penguin Books.
39. http://archive.sensesofcinema.com
40. http://www.nano-technology.com
41. http://en.wikipedia.org/Wiki/History of Cinema
42. Film and Television Institute of India - www.ftiindia.com
43. National Film Archive of India - www.nfaipune.nic.in
44. Kerala State Film Development Corporation - www.ksfdc.in
45. Kerala Chalachitra Academy - www.keralafilm.com
46. C-Dit - www.cdit.org
47. http://www.imdb.com
48. Malayalam cinema.com
49. http://archive.senses of cinema.com

## സെമസ്റ്റർ : ആറ്

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1641** |
| **കോർ കോഴ്സ്** | : | **XI** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## മാധ്യമലോകം

**പഠനോദ്ദേശ്യം:**

മാധ്യമങ്ങളുടെ അനന്ത സാധ്യതയുള്ള ലോകം വിദ്യാർത്ഥികൾക്ക് പരിചിതമാക്കുക എന്നതാണ് കോഴ്സിന്റെ പ്രധാനലക്ഷ്യം. ശാസ്ത്രീയവും യുക്ത്യധിഷ്ഠിതവുമായ ചിന്തയിലൂടെ വിവരസാങ്കേതികവിദ്യയുടെ കാലത്ത് ജീവിക്കുവാൻ പഠിതാക്കൾക്ക് അവസരം ഉണ്ടാവണം. നവീനവിജ്ഞാനം പകർന്നുനൽകുന്ന സ്രോതസ്സുകളെക്കുറിച്ച് വിദ്യാർത്ഥികളെ അഭിജ്ഞരാക്കുക, മാധ്യമങ്ങളുടെ വളർച്ചയിലൂടെ സമൂഹത്തിനു കൈവന്ന സാംസ്കാരികോന്നമനത്തെക്കുറിച്ച് അറിവുനൽകുക, റേഡിയോ, ടെലിവിഷൻ പരിപാടികളുടെ ആസ്വാദനത്തിനും വിലയിരുത്തലിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക, പ്രതിഭാധനരായ കുട്ടികൾക്ക് മാധ്യമലോകത്തേക്കു കടന്നുവരാൻ പ്രചോദനമേകുക – ഇതെല്ലാം ഈ കോഴ്സിന്റെ ലക്ഷ്യങ്ങളാണ്.

**രീതിശാസ്ത്രം**

ഈ കോഴ്സിനെ അഞ്ചു മൊഡ്യൂളായി തിരിച്ചിരിക്കുന്നു. കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും പ്രവണതകളും ആവശ്യകതകളും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കുന്ന രീതിയിൽ ക്ലാസ്സുകൾ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. ശാസ്ത്രവീക്ഷണവും യുക്തിപരതയുമുള്ള അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ഈ കോഴ്സ് നന്നായി കൈകാര്യം ചെയ്യുവാൻ സാധിക്കും. കമ്പ്യൂട്ടർ, CD/DVD പ്രൊജക്ടർ, LCD സ്ക്രീൻ, സറൗണ്ട് സിസ്റ്റം എന്നിവയുള്ള ഒരു ഡിജിറ്റൽ ലാബ് മലയാളം ഡിപ്പാർട്ടുമെന്റിനോടു ചേർന്ന് സജ്ജീകരിക്കുന്നത് ഉചിതമായിരിക്കും.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

### പത്രമാധ്യമങ്ങൾ

**അച്ചടി – ചരിത്രം**

ആരംഭപ്രവർത്തനങ്ങൾ – ഗുട്ടൻബർഗ് – ലറ്റർ പ്രസ് – റോട്ടറിപ്രസ് – ഓഫ് സെറ്റ് പ്രസ് – സ്ക്രീൻപ്രിന്റിംഗ്. ആധുനികകാലത്തെ ഉപകരണങ്ങൾ (ഫോട്ടോ കോപ്പിയർ, ഇങ്ക്ജെറ്റ് പ്രിന്റർ, ഡോട്ട്മാട്രിക്സ് പ്രിന്റർ, ലേസർ പ്രിന്റർ) ഡിജിറ്റൽ പ്രസ് – 3D പ്രിന്റിംഗ്.

**അച്ചടിയും പത്രപ്രവർത്തനവും**

നവോത്ഥാനവും അച്ചടിയും - പത്രങ്ങളുടെ ഉദയം - പത്രമാധ്യമത്തിന്റെ പ്രാധാന്യം - ആദ്യകാല വിദേശപത്രങ്ങൾ - ആദ്യകാലത്തെ പ്രധാന ഇന്ത്യൻ പത്രങ്ങൾ - മലയാളപത്രങ്ങൾ - പ്രധാന മാസികകളും വാരികകളും - വിശേഷാൽപ്രതികൾ - ലിറ്റിൽ/ലെറ്റർ മാഗസിനുകൾ - വെബ് പത്രങ്ങൾ - എഡിറ്റോറിയലിന്റെ പ്രാധാന്യം - വിശ്വാസ്യത നഷ്ടമാകുന്ന നിലപാടുകൾ - നാലാംസ്തംഭം എന്ന ഉത്തരവാദം.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## ശ്രാവ്യ മാധ്യമങ്ങൾ

റേഡിയോ - റേഡിയോയുടെ കണ്ടുപിടിത്തം - മാർക്കോണി - പ്രക്ഷേപണത്തിന്റെ ആരംഭം - ചരിത്രം - ഇന്ത്യയിലെ ആദ്യ റേഡിയോപ്രക്ഷേപണം - റേഡിയോ പ്രക്ഷേപണം മലയാളത്തിൽ - കേരളം, ശ്രീലങ്ക (സിലോൺ) ഗൾഫ് നാടുകൾ - FM, SW, MW പ്രക്ഷേപണങ്ങൾ - ഹാം റേഡിയോ - വാണിജ്യ പ്രക്ഷേപണം - റേഡിയോ എന്ന സർക്കാർ മാധ്യമം - വാർത്ത - റേഡിയോയിലെ ജനക്ഷേമ പരിപാടികൾ - ജനപ്രിയ പരിപാടികൾ - റേഡിയോ നാടകം - സവിശേഷത - റേഡിയോയ്ക്കുവേണ്ടി എഴുതുമ്പോൾ - പ്രസാർഭാരതി - റേഡിയോയുടെ രണ്ടാംവരവ് - മാറുന്ന രീതികൾ.

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## ദൃശ്യ മാധ്യമങ്ങൾ

ടെലിവിഷൻ - സംപ്രേഷണത്തിന്റെ ആരംഭം - പ്രക്ഷേപണവും സംപ്രേഷ ണവും - ബ്രോഡ്കാസ്റ്റിംഗ്/ടെലികാസ്റ്റിംഗ് കമ്പനികൾ - ബിബിസി, ആർസിഏ, എൻബിസി - ഉപഗ്രഹസംപ്രേഷണം - കേബിൾ ചാനലുകൾ - ഒ.ബി.വാൻ - തത്സമയ സംപ്രേഷണം - ക്രോമാകീയിംഗ് - വാർത്താചാനലുകൾ - പ്രൈം ടൈം റേറ്റിംഗ് - പിക്ചർ ഇൻ പിക്ചർ - ഡി.ടി.എച്ച് - എൽസിഡി - എൽഈഡി. ടെലിവിഷൻ പരിപാടികൾ - സീരിയലുകളുടെ പൊതുസ്വഭാവം - ചലച്ചിത്രാധിഷ്ഠിത പരിപാടികൾ - റിയാലിറ്റിഷോ - ലൈവ് ഷോകൾ - അവതാരകർ - അവതാരകരുടെ ഭാഷ - ടി. വി. പരസ്യങ്ങൾ, ടെലിവിഷന്റെ സ്വാധീനം - ഗുണദോഷങ്ങൾ.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## നവ മാധ്യമങ്ങൾ

ഇൻഫർമേഷൻ യുഗം - വിവരസാങ്കേതിക വിദ്യ ആശയവിനിമയരംഗത്ത് സൃഷ്ടിച്ച വിപ്ലവം, വേൾഡ് വൈഡ് വെബ് (WWW), ഇ-സാഹിത്യം, ഇ-പത്രങ്ങൾ, ഇ-മെയിൽ, ഇന്റർനെറ്റ് റേഡിയോ, വാർത്താധിഷ്ഠിത വെബ്സൈറ്റുകൾ, ഇ-ബുക്ക്, ബ്ലോഗ്, വെബ് പ്രസാധനം, ഇ-കൊമേഴ്സ്, സാമൂഹിക മാധ്യമങ്ങൾ - യൂ ട്യൂബ്, ഫേസ് ബുക്ക്, ട്വിറ്റർ, വാട്സ് അപ് - ട്രോൾ - സാമാന്യ പരിചയം.

## മൊഡ്യൂൾ : അഞ്ച് (18 മണിക്കൂർ)

## മാധ്യമ വിമർശനം

മാധ്യമ വിമർശനം - മാധ്യമങ്ങളുടെ ധാർമ്മികത - ജനപ്രിയ സംസ്കാരവും മാധ്യമങ്ങളും - പൊതുമണ്ഡലവും മാധ്യമങ്ങളും - നവമാധ്യമങ്ങളും സമൂഹവും - സാമൂഹിക മാധ്യമങ്ങളും ജനാധിപത്യവും - ഗുണങ്ങളും ദോഷങ്ങളും.

**വിശദപഠനം**

1. അധികാരവും മാധ്യമങ്ങളും - ബി. ആർ. പി. ഭാസ്കർ (മാധ്യമപഠനങ്ങൾ - എഡി. പന്മന രാമചന്ദ്രൻ നായർ).

**സഹായകഗ്രന്ഥങ്ങൾ**


1. മാധ്യമങ്ങളും മലയാളസാഹിത്യവും - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. മാധ്യമങ്ങളും മലയാളസാഹിത്യവും - എം. വി. തോമസ്, കേരള സാംസ്ക്കാരിക പ്രസിദ്ധീകരണവകുപ്പ്.
3. വാർത്ത: പത്രവും വാർത്തകളും - ജോയി തിരുമൂലപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. പത്രപ്രവർത്തനം, ഭിന്നമുഖങ്ങൾ - കേരള പ്രസ് അക്കാദമി.
5. കേരളപത്രപ്രവർത്തനചരിത്രം - പുതുപ്പള്ളി രാഘവൻ, കേരളസാഹിത്യഅക്കാദമി.
6. മലയാളഭാഷയും ആഗോളവത്ക്കരണവും - കേരളസർവ്വകലാശാലാ പ്രസിദ്ധീകരണം.
7. കമ്പ്യൂട്ടർ പരിചയവും പ്രയോഗവും - ഡോ. അച്യുത്ശങ്കർ എസ്. നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
8. ആ ലോകം മുതൽ ഇ-ലോകം വരെ - ഡോ. ജെ. വി. വിളനിലം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.
9. ഇൻഫർമേഷൻ ടെക്നോളജി - ഡോ. അച്യുത് ശങ്കർ എസ്. നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
10. ഇനി വായന, ഈ വായന - വി. കെ. ആദർശ്, ഡി. സി. ബുക്സ്.
11. സൈബർ മലയാളം - (എഡി.) സുനീത ടി. വി., കറന്റ് ബുക്സ്, തൃശ്ശൂർ.
12. ഫോർത്ത് എസ്റ്റേറ്റിന്റെ മരണം - എൻ. പി. രാജേന്ദ്രൻ, മാതൃഭൂമി ബുക്സ്.
13. ഇന്റർനെറ്റും യൂണികോഡും മലയാളഭാഷാപ്രശ്നങ്ങളും - ഡോ. മഹേഷ് മംഗലാട്ട്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009 ഫെബ്രുവരി 17.
14. കൊടകര പുരാണം - സജീവ് എടത്താടൻ, കറന്റ് ബുക്സ്.
15. മാധ്യമവിചിന്തനം - ഡോ. കെ. വി. തോമസ്/ ഡോ. മാത്യു ജെ. മുട്ടത്ത്.
16. ന്യൂസ് ഡസ്കിലെ കാവിയും ചുവപ്പും - കമൽറാം സജീവ്, ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്, 2014
17. നവമാധ്യമങ്ങൾ: ഭാഷ, സാഹിത്യം, സംസ്കാരം - ജോസ് കെ മാനുവൽ, 2014 നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
18. How to do everything with the Internet - Jones, Dennis, Mc Graw-Hill, New York, 2004.
19. Finding information on the Internet: - A Tutorial www.lib.berkeley.edn/teaching/guides/internet/findinfo/html.
20. http://google.com/transliterate/indic/malayalam.
21. http://howtostartamalayalamblog

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1642** |
| **കോർ കോഴ്സ്** | : | **XII** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## മലയാളവ്യാകരണം

**പഠനോദ്ദേശ്യം**

1. വർണ്ണം, അക്ഷരം, പദം, വാക്യം എന്നീ തലങ്ങളിൽ മലയാളത്തിന്റെ അടിസ്ഥാന സ്വഭാവം എന്തെന്ന് മനസ്സിലാക്കി തെറ്റുകൂടാതെ മലയാളം ഉപയോഗിക്കാൻ പ്രാപ്തരാക്കുക.
2. ഭാഷയുടെ അടിസ്ഥാന തത്ത്വങ്ങളിലൂന്നിയ വ്യാകരണപഠനത്തിലൂടെ ബിരുദ തല മലയാളപഠനം കരുത്തുറ്റതാക്കുക.
3. ഒരു ജീവൽഭാഷ എന്ന നിലയിൽ ചലനാത്മകമായ മലയാളഭാഷയും ഭാഷാ നിയമങ്ങളും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത ബോധ്യ പ്പെടുത്തുക.
4. ഭാഷയെ വിശകലനം ചെയ്ത് ഭാഷാസ്വരൂപം നിർണ്ണയിക്കാൻ പ്രാപ്തരാക്കുക.
5. മലയാളഭാഷയെ അപഗ്രഥിച്ച് പ്രയോഗങ്ങളെ മനസ്സിലാക്കുക.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

**ഭാഷയും വ്യാകരണവും** - വ്യാകരണ നിർവ്വചനം - മലയാളഭാഷയും വ്യാകരണവും - മലയാളവ്യാകരണചരിത്രം.

**അക്ഷരമാല** - ധ്വനി - വർണ്ണം - അക്ഷരം - ലിപി - മലയാളത്തിലെ അക്ഷരമാല - അക്ഷരസംഖ്യ - അധികാക്ഷര നിരൂപണം (കേരളപാണിനീയത്തിലും ലീലാതിലക ത്തിലും) സംവൃതോകാരം - അകാരത്തിന്റെ ധ്വനിഭേദങ്ങൾ - അക്ഷരങ്ങളുടെ ഉച്ചാരണ പ്രക്രിയ - ഉച്ചാരണസ്ഥാനങ്ങൾ - ഉച്ചാരണരീതി - വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതിയുണ്ടാകുന്നതിനുള്ള കാരണങ്ങൾ - വർണ്ണവികാരം - ഭാഷാപരിണാമം - ആറു നയങ്ങൾ - ലീലാതിലകത്തിലെ ഭാഷാ(കേരളഭാഷ)വിവരണങ്ങൾ. (ലീലാതിലകം രണ്ടാം ശില്പം).

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

**ശബ്ദവിഭാഗം** - വാചകം, ദ്യോതകം, നാമം, കൃതി, ഭേദകം, നിപാതം, അവ്യയം, ഗതി, ഘടകം, വ്യാക്ഷേപകം, പ്രകൃതി - പ്രത്യയങ്ങൾ എന്നിവ.
**സന്ധി** - സാമാന്യവിവരണം - പലതരം സന്ധിവിഭജനങ്ങൾ - ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി - ലീലാതിലകത്തിലെ സന്ധിസൂത്രങ്ങൾ (ലീലാതിലകം മൂന്നാം ശില്പം).

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

**നാമവിഭാഗം** - ഭാഷയിലെ ലിംഗവ്യവസ്ഥ - പ്രത്യയങ്ങൾ - സമാസരൂപങ്ങൾ - നപുംസകരൂപസൃഷ്ടി. വചനവ്യവസ്ഥ - വചന പ്രത്യയങ്ങൾ. വിഭക്തി - വിഭക്തി നിർവ്വചനം - പ്രത്യയങ്ങൾ (ആഗമചരിത്രം വേണ്ട) - പുതിയ പേരുകൾ നല്കിയ തിന്റെ ഔചിത്യം. വിഭക്ത്യാഭാസം, കാരകം - വിഭക്തി കാരകബന്ധം, തദ്ധിതം എന്നിവയുടെ സാമാന്യപരിചയം, ലീലാതിലകത്തിലെ പരഭാഗനിരൂപണം (രണ്ടാം ശില്പം).

## മൊഡ്യൂൾ : നാല് (27 മണിക്കൂർ)

**ക്രിയാവിഭാഗം:** പ്രകൃതി (കേവലം, പ്രയോജകം), സ്വഭാവം (കാരിതം, അകാരിതം), കാലം (ഭൂത ഭാവി വർത്തമാനകാലരൂപങ്ങളും അവയുടെ പ്രത്യയങ്ങളും), പ്രകാരം, പ്രയോഗം (കർത്തരി, കർമ്മണി), മുറ്റുവിന - പറ്റുവിന - പറ്റുവിനകളുടെ വിഭജനം (പേരെച്ചം, വിനയെച്ചം), സകർമ്മകം - അകർമ്മകം, അനുപ്രയോഗം, നാമധാതു, ഖിലധാതു, കൃത്ത് (കൃതികൃത്ത്, കാരകകൃത്ത്) എന്നിവയെക്കുറിച്ചുള്ള സാമാന്യപരി ജ്ഞാനം, നിഷേധപ്രകരണം.

## മൊഡ്യൂൾ : അഞ്ച് (9 മണിക്കൂർ)

**വാക്യവിചാരം** - സമുച്ചയം - വികല്പം - അവയുടെ സജാതീയത - വാക്യത്തിലെ പദക്രമം - പൊരുത്തം - അന്യഭാഷാസ്വാധീനം മലയാളവാക്യഘടനയിൽ - വിവിധ തരം വാക്യങ്ങൾ - ചൂർണ്ണിക, സങ്കീർണ്ണവാക്യം, മഹാവാക്യം- അന്വയം - അർദ്ധ വാക്യങ്ങൾ - സമാസം - വിവിധ സമാസങ്ങൾ - സാമാന്യ വിവരണം.

**വിശദപഠനം**

1. കേരളപാണിനീയം : ഏ. ആർ. രാജരാജവർമ്മ.
2. ലീലാതിലകം - ഒന്ന്, രണ്ട്, മൂന്ന് ശില്പങ്ങൾ.

**സഹായകഗ്രന്ഥങ്ങൾ**

1. കേരളപാണിനീയ ഭാഷ്യം : സി. എൽ. ആന്റണി.
2. കേരള ഭാഷാ വിജ്ഞാനീയം : ഡോ. കെ. ഗോദവർമ്മ.
3. ഭാഷാപഠനങ്ങൾ : സി. എൽ. ആന്റണി.
4. കൈരളീശബ്ദാനുശാസനം : കെ. സുകുമാരപിള്ള.
5. മലയാണ്മയുടെ വ്യാകരണം : ജോർജ് മാത്തൻ.
6. മലയാളഭാഷാ വ്യാകരണം : ഡോ. ഹെർമ്മൻ ഗുണ്ടർട്ട്.
7. വ്യാകരണമിത്രം : ശേഷഗിരി പ്രഭു.
8. കേരളപാണിനീയം പാഠങ്ങൾ : സി. വി. വാസുദേവ ഭട്ടതിരി.
9. കേരള ഭാഷാ വ്യാകരണം : ഇ. വി. എൻ. നമ്പൂതിരി.
10. വ്യാകരണവിവേകം : സി. എൻ. മൂസത്.
11. വാക്യഘടന : ഇ. വി. എൻ. നമ്പൂതിരി.
12. മലയാള ഭാഷാ വ്യാകരണം ഒരു സമഗ്രപഠനം : പ്രൊഫ. ആദിനാട് ഗോപി.

13. ശബ്ദസൗഭഗം : ഫാ. ജോ കുന്നപ്പള്ളി.
14. ദ്രാവിഡ ഭാഷാശാസ്ത്രം : റോബർട്ട് കാൽഡ്വൽ (വിവ: എസ്. കെ. നായർ).
15. കേരളപാണിനീയം - വ്യാഖ്യാനവും വിചിന്തനവും: പ്രൊഫ. സുന്ദരം ധനുവച്ചപുരം.
16. ഭാഷാവ്യാകരണപഠനം - പ്രൊഫ. എസ്. അച്യുത വാര്യർ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1643** |
| **കോർ കോഴ്സ്** | : | **XIII** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## മലയാളകവിത - ഉത്തരഘട്ടം

### ഉത്തരകാവ്യമാലിക (കേരളസർവ്വകലാശാല പ്രസിദ്ധീകരണം)

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

1. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്നോളം മലയാളകവിതയിലുണ്ടായ ഭാഷാപരവും ഭാവുകത്വപരവുമായ പരിണാമം മനസ്സിലാക്കുക.
2. മലയാളകവിതയിലെ നവോത്ഥാനാനന്തര പ്രവണതകളെക്കുറിച്ചു മനസ്സിലാക്കുക.
3. പാശ്ചാത്യകവിതാസമ്പർക്കത്തിന്റെ ഫലമായി മലയാളകവിതയുടെ രൂപത്തിൽ സംഭവിച്ച മാറ്റം ഗ്രഹിക്കുക.
4. പ്രതീകം, ബിംബകല്പന തുടങ്ങിയ ആവിഷ്കരണോപാധികളുടെ വിനിയോഗ ത്തെപ്പറ്റി അറിയുക.
5. ആധുനികതയുടെ കടന്നുവരവിനെ ചരിത്രപരമായും കാവ്യാപഗ്രഥനത്തിലൂടെയും തിരിച്ചറിയുക.
6. ആധുനികാനന്തരകവിതയുടെ സ്വഭാവം മനസ്സിലാക്കുക.
7. സമകാലിക മലയാളകവിതയെ പരിചയപ്പെടുക.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (27 മണിക്കൂർ)

### കാല്പനിക കവിത - പൂർവ്വഘട്ടം

കാല്പനികപൂർവ്വകവിത - കാല്പനികത - ഭാവഗാനം - ഏ. ആർ. രാജരാജവർമ്മ - വിലാപകാവ്യപ്രസ്ഥാനം - ആധുനികതയുടെ ആദ്യകിരണങ്ങൾ - കവിത്രയം - ആശാൻ - ഉള്ളൂർ - വള്ളത്തോൾ - ഇതിവൃത്ത സ്വീകരണം - ദേശീയബോധം - സ്വാതന്ത്ര്യചിന്ത - കർമ്മവീര്യം - പൗരാണികത്വാഭിമാനം - നിയോക്ലാസ്സിക് അംശങ്ങൾ - ശില്പപരമായ സവിശേഷതകൾ - കവിതാവിവർത്തനം - പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷം.

**വിശദപഠനം**

| | | | |
|---|---|---|---|
| 1. | വീണപൂവ് | - | കുമാരനാശാൻ |
| 2. | പ്രേമസംഗീതം | - | ഉള്ളൂർ |
| 3. | ശിഷ്യനും മകനും | - | വള്ളത്തോൾ |

## മൊഡ്യൂൾ : രണ്ട് (9 മണിക്കൂർ)

## കാല്പനിക കവിത: ഉത്തരഘട്ടം

കാല്പനികത - ഇടപ്പള്ളി - ചങ്ങമ്പുഴ - പാശ്ചാത്യകാവ്യരൂപങ്ങളുടെ സ്വാധീനം - വിഷാദം - പ്രണയം - മൃത്യു - വ്യത്യസ്ത പ്രമേയപരിസരങ്ങൾ - പാസ്റ്ററൽ എലിജി - കവിതയും സംഗീതവും - വൈയക്തികതയുടെ ആവിഷ്കരണം - സിംബലിസ്റ്റിക് മിസ്റ്റിക് പ്രസ്ഥാനങ്ങളുടെ സ്വാധീനം - കാല്പനികതയുടെ തരളഭാവങ്ങളിൽനിന്ന് ഗഹനതലങ്ങളിലേക്ക് - ആഖ്യാന കവിത - കവിതയുടെ ജീവിതാഭിമുഖ്യം.

**വിശദപഠനം**

| | | | |
|---|---|---|---|
| 1. | കാവ്യനർത്തകി | - | ചങ്ങമ്പുഴ |
| 2. | എന്റെ വേളി | - | ജി. ശങ്കരക്കുറുപ്പ് |
| 3. | കണ്ണീർപ്പാടം | - | വൈലോപ്പിള്ളി |
| 4. | ഹനുമത്സേവ തുഞ്ചൻപറമ്പിൽ | - | ഇടശ്ശേരി |
| 5. | ഉദ്യാനപാലകൻ | - | പി. കുഞ്ഞിരാമൻ നായർ * |

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## ഭാവാന്തരങ്ങൾ

കവിത - രാഷ്ട്രീയ - സാമൂഹിക വിമർശനം - പുരോഗമന സാഹിത്യ പ്രസ്ഥാനം - കാല്പനികതയ്ക്കെതിരെയുള്ള സമീപനം - യഥാതഥ രീതിയും കവിതയും - ദീർഘകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും - പ്രതിപാദനരീതിയിലെ കാല്പനിക വിരുദ്ധത - പുതിയ ഭാവുകത്വത്തിന്റെ അങ്കുരങ്ങൾ - കാല്പനികത്വത്തിന്റെ തുടർച്ചകൾ - ആധുനികതയിലേക്ക്.

**വിശദപഠനം**

| | | |
|---|---|---|
| 1. | ഉപ്പ് | - ഒ. എൻ. വി |
| 2. | വനിതാകമ്മീഷണർ | - സുഗതകുമാരി |
| 3. | യുഗളപ്രസാദൻ | - വിഷ്ണുനാരായണൻ നമ്പൂതിരി |

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## ആധുനിക കവിത

പാശ്ചാത്യ ആധുനികതയുടെ സ്വാധീനം - പുതിയ മധ്യവർഗത്തിന്റെ കവിത - വ്യക്തിത്വശിഥിലീകരണം - വിശ്വാസത്തകർച്ച - നഗരവൽക്കരണം - പുരാണ സന്ദർഭങ്ങളുടെ നവീനോപയോഗം - രൂപപരമായ ആധുനികതയിൽ നിന്ന് രാഷ്ട്രീയ

ആധുനികതയിലേക്ക് - വിപ്ലവകവിത ആഫ്രിക്കൻ - ലാറ്റിനമേരിക്കൻ കവിതകളുടെ സ്വാധീനം - ആധുനികതയുടെ കാലത്തുതന്നെ വഴിമാറി നടന്നവർ - ഉത്തരാധുനിക കവിതയിലേക്കുള്ള കാൽവയ്പ്.

**വിശദപഠനം**

1. മേഘരൂപൻ - ആറ്റൂർ
2. വഴി വെട്ടുന്നവരോട് - എൻ. എൻ. കക്കാട്.
3. ശാന്ത - കടമ്മനിട്ട
4. യാത്രപ്പാട്ട് - ഡി. വിനയചന്ദ്രൻ
5. ലൈബ്രേറിയൻ മരിച്ചതിൽ പിന്നെ - പി. പി. രാമചന്ദ്രൻ

## മൊഡ്യൂൾ : അഞ്ച് (18 മണിക്കൂർ)

## ആധുനികാനന്തര കവിത

സമകാലിക കവിതയിലെ വിവിധ പ്രവണതകൾ - സ്വത്വപരമായ നിലപാടുകൾ- പരിസ്ഥിതി - സ്ത്രീ - ദളിത് പ്രതിനിധാനം - മാധ്യമസ്വാധീനം - പുതുകവിതയുടെ രൂപപരമായ സവിശേഷതകൾ - ബഹുസ്വരതയുടെ ആവിഷ്കരണം.

**വിശദപഠനം**

1. അമ്മമാർ - എം. ബി. മനോജ്
2. അമ്മ മലയാളം - കുരീപ്പുഴ ശ്രീകുമാർ
3. മുറ്റമടിക്കുമ്പോൾ - അനിതാതമ്പി
4. ഇടതുകൈ - വീരാൻകുട്ടി
5. പാസ്‌വേഡ് - മോഹനകൃഷ്ണൻ കാലടി

**സഹായകഗ്രന്ഥങ്ങൾ**

1. മലയാള കവിതാസാഹിത്യചരിത്രം - ഡോ. എം. ലീലാവതി.
2. വർണ്ണരാജി - ഡോ. എം. ലീലാവതി.
3. കവിതാപഠനങ്ങൾ - (എഡി.) പ്രൊഫ. പന്മനരാമചന്ദ്രൻ നായർ.
4. കവിതയും ജനതയും - സച്ചിദാനന്ദൻ.
5. മുഹൂർത്തങ്ങൾ - സച്ചിദാനന്ദൻ.
6. നവോത്ഥാനാനന്തര മലയാളകവിത - ഡോ. എസ്. രാജശേഖരൻ.
7. കവിയുടെ കലാതന്ത്രം - ഡോ. ദേശമംഗലം രാമകൃഷ്ണൻ.
8. ആധുനികത മലയാള കവിതയിൽ - ഡോ. എൻ. അജയകുമാർ.
9. പുതുമൊഴിവഴികൾ - (ആമുഖം) - ആറ്റൂർ രവിവർമ്മ.
10. പെൺവഴികൾ - (ആമുഖം) - കെ. ജി. ശങ്കരപ്പിള്ള.
11. കവിതയുടെ ഗ്രാമങ്ങൾ - ഇ. പി. രാജഗോപാലൻ.
12. കവിതയും മനഃശാസ്ത്രവും - എം. എൻ. വിജയൻ.
13. മലയാളകവിത - ആധുനികാനന്തരം - ഡോ. സി. ആർ. പ്രസാദ്.

14. ഹരിതദർശനം – ആധുനികാനന്തര മലയാളകവിതയിൽ – ഡോ. സി. ആർ. പ്രസാദ്.
15. ഭാവഗീതത്തിന്റെ അടയാളങ്ങൾ മലയാളകവിതയിൽ – ഡോ. ആർ. എസ്. രാജീവ്
16. കാവ്യം അന്നരസമയം – ഡോ. പി. സോമൻ.
17. കവിതയുടെ രഥോത്സവം – ഡോ. അജയപുരം ജ്യോതിഷ്കുമാർ.
18. വാക്കിന്റെ വഴിച്ചന്തം – ഡോ. അജയപുരം ജ്യോതിഷ്കുമാർ.
19. കടമ്മനിട്ടയിലെ കവി – (എഡി.). കെ. എസ്. രവികുമാർ.
20. ഭാവുകത്വത്തിന്റെ വഴികൾ – എം. കൃഷ്ണൻ നമ്പൂതിരി.
21. കടലിൽ തങ്ങിയ കാന്തഭൂമി – ഡോ. ബി. വി. ശശികുമാർ.
22. ആധുനികതയുടെ പാഠങ്ങൾ – മലയാളകവിതയിലെ സ്ത്രീപക്ഷ രാഷ്ട്രീയം – യാക്കോബ് തോമസ്.
23. കവിതയുടെ ജീവചരിത്രം – കൽപ്പറ്റ നാരായണൻ.
24. തരിശുനിലത്തിലെ കാവ്യസഞ്ചാരികൾ – ഡോ. ടി. കെ. സന്തോഷ്കുമാർ.
25. കരിയിലക്കിളികൾ കലമ്പുന്നുണ്ട് – ഡോ. സി. ഉണ്ണിക്കൃഷ്ണൻ.
26. ഒ. എൻ. വി. പഠനം – (എഡി) കെ. ബി. ശെൽവമണി.
27. അക്കിത്തം: ആത്മഭാഷണങ്ങൾ – ഡോ. എൻ. പി. വിജയകൃഷ്ണൻ, ഗ്രീൻ ബുക്സ്, 2010.
28. ആറ്റൂർ വഴികൾ: കവിതാപഠനങ്ങൾ – വി. യു. സുരേന്ദ്രൻ (എഡി.), ഗ്രീൻ ബുക്സ്, 2016.
29. കളിയച്ഛന്റെ കാവ്യപാഠങ്ങൾ – ഡോ. എൻ പി. വിജയകൃഷ്ണൻ, ഗ്രീൻ ബുക്സ്.
30. അപൂർവ്വഹൃദയ സംവാദം – ഡോ. ആർ അശ്വതി.
31. ആത്മസംവാദം – ഡോ. എം. കൃഷ്ണൻ നമ്പൂതിരി, ഡോൺ ബുക്സ്.
32. ഉത്തരാധുനികകവിതാപഠനം – ഡോ. എം. എസ്. പോൾ, കേരളസാഹിത്യ അക്കാദമി.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1644** |
| **കോർ കോഴ്സ്** | : | **XIV** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## നാടോടിവിജ്ഞാനീയം

**പഠനോദ്ദേശ്യം**

1. കേരളസംസ്കൃതിയും പാരമ്പര്യവുമായി ബന്ധപ്പെട്ട നാടോടി വിജ്ഞാനീയത്തെക്കുറിച്ച് അറിയാനുള്ള അവസരം ഒരുക്കുക.
2. നാടോടിവിജ്ഞാനീയം എന്ന പഠനശാഖയെ ഏറ്റവും പുതിയ ചിന്തകളുടെയും സമീപനത്തിന്റെയും വെളിച്ചത്തിൽ മനസ്സിലാക്കുക.
3. നാടൻ സംസ്കാരരൂപങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

4. നാട്ടറിവുകളുടെ വ്യത്യസ്ത ജനുസ്സുകളും തരതമഭേദങ്ങളും പരിചയപ്പെടുക.
5. ഫോക്‌ലോർ ശേഖരണത്തിനുള്ള ശാസ്ത്രീയമായ പ്രയോഗവൈദഗ്ദ്ധ്യം നേടുക.
6. സാഹിത്യപഠനത്തിന് നാടൻ സാഹിത്യത്തിന്റെയും വാമൊഴി വഴക്കത്തിന്റെയും കരുക്കൾ പ്രയോജനപ്പെടുത്തുക.
7. ഫോക്‌ലോറിന്റെ സൗന്ദര്യശാസ്ത്രപരവും സാംസ്കാരികവുമായ ഘടകങ്ങൾ മനസ്സിലാക്കുക.
8. പഠനയാത്രകളിലൂടെ കേരളത്തിന്റെ സാംസ്കാരിക ബഹുസ്വരതയെ പരിചയപ്പെടുക.

## രീതിശാസ്ത്രം

വിദ്യാർത്ഥി കേന്ദ്രീകൃതമായ ഒരു പഠനരീതി ഈ കോഴ്സിലും അനുവർത്തിക്കണം. നാടോടിവിജ്ഞാനീയത്തിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം ഭാഷയിൽ നിന്ന് മാതൃകകൾ കണ്ടെത്തി, വിശകലനം ചെയ്ത് അറിവ് ആഴത്തിലുള്ളതാക്കാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാംസ്കാരികമായും ചരിത്രപരമായും പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് കേരളത്തിന്റെ നാടോടികലാപാരമ്പര്യവും സാംസ്കാരിക ബഹുസ്വരതയും പരിചയപ്പെടാനും റിപ്പോർട്ടുകൾ തയ്യാറാക്കാനും വേണ്ട അവസരം വിദ്യാർത്ഥികൾക്ക് ഒരുക്കിക്കൊടുക്കണം. അതിനുവേണ്ടി പഠനയാത്ര (സ്റ്റഡിടൂർ പ്രോഗ്രാം) സംഘടിപ്പിക്കണം. അതിനുള്ള സാമ്പത്തികസഹായം പ്ലാൻഫണ്ടിൽ നിന്നും അനുവദിക്കേണ്ടതാണ്.

## പാഠ്യപദ്ധതി

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

നാടോടിവിജ്ഞാനീയം - നിർവചനം - ഈ വിജ്ഞാനശാഖ രൂപപ്പെടാനിടയായ സാമൂഹിക - സാംസ്കാരിക പശ്ചാത്തലം - നാടോടിവിജ്ഞാനീയത്തിന്റെ ലക്ഷ്യവും വ്യാപ്തിയും - പഠനരീതികൾ - ഫീൽഡ് സയൻസ് എന്ന നിലയിൽ - പുതിയ പ്രവണതകൾ - ഫോക്‌ലോറിസം - നിയുക്ത ഫോക്‌ലോർ - നാഗരിക ഫോക്‌ലോർ - സമകാലിക പരിസരം - ജനപ്രിയകല - മാധ്യമങ്ങളും ഫോക്‌ലോറും - പരസ്യങ്ങൾ - ഫോക്‌ലോർ വർഗീകരണം - കേരളത്തിലെ നാടോടിവിജ്ഞാനീയം - വിവിധ വിഭാഗങ്ങൾ - പഠനചരിത്രം - സമാഹരണം - സംരക്ഷണം - ഫോക്‌ലോർ മ്യൂസിയം.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

### സാമൂഹിക സംസ്കൃതി

സമൂഹവും ഫോക്‌ലോറും - കേരളത്തിലെ നാടോടി വിശ്വാസങ്ങൾ - ആചാരങ്ങൾ - അനുഷ്ഠാനങ്ങൾ - ആഘോഷങ്ങൾ - ഭൗതികജീവിതം - തൊഴിൽ - വസ്ത്രധാരണം പാർപ്പിടം - ഭക്ഷണരീതി - നാടൻ കൈവേലകൾ - കൃഷി - മീൻപിടിത്തം - നാടൻ കളികൾ - പ്ലാന്റ് ലോർ - ഇക്കോ ലോർ - സ്ലം ലോർ.

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## വാമൊഴി വഴക്കങ്ങൾ

കേരളത്തിലെ നാടോടി വാങ്മയങ്ങൾ - നാടൻപാട്ടുകൾ - വീരഗാനങ്ങൾ - തൊഴിൽപ്പാട്ടുകൾ - വിനോദഗാനങ്ങൾ - അനുഷ്ഠാനഗാനങ്ങൾ - നാടോടികഥാ ഗാനങ്ങൾ - നാടൻകഥകൾ - ഐതിഹ്യങ്ങൾ - പുരാവൃത്തങ്ങൾ - പഴഞ്ചൊല്ലുകൾ - കടങ്കഥകൾ - വാമൊഴിക്കഥകൾ - നാടോടിഭാഷണം.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## നാടോടി രംഗകലാരൂപങ്ങൾ

ആഖ്യാനപരവും വിനോദപരവുമായ നൃത്തങ്ങൾ - സംഘനൃത്തങ്ങൾ - നാടോടി നാടകം - നാടോടി സംഗീതം - തെയ്യം പൂതനും തിറയും - കോമരം - സർപ്പം തുള്ളൽ - മുടിയേറ്റ് - കാളിയൂട്ട് - കളംപാട്ട് - ആദിവാസിനൃത്തം - തിരുവാതിര - ഒപ്പന - മാർഗംകളി - കാക്കാരിശ്ശി - കണ്യാർകളി - പുറാട്ട് - ഇവയെക്കുറിച്ചെല്ലാം സാമാന്യധാരണ നേടണം.

**സഹായകഗ്രന്ഥങ്ങൾ**

1. നാടോടിവിജ്ഞാനീയം - എം. വി. വിഷ്ണുനമ്പൂതിരി.
2. ഫോക്‌ലോർ - രാഘവൻ പയ്യനാട്.
3. കേരള ഫോക്‌ലോർ - രാഘവൻ പയ്യനാട്.
4. ഫോക്‌ലോർ പഠനം - സിദ്ധാന്തതലം - (എഡി.) എൻ. ഭക്തവത്സല റെഡ്ഡി.
5. ഫോക്‌ലോറിന് ഒരു പഠനപദ്ധതി - രാഘവൻ പയ്യനാട്.
6. നാടൻകലകൾ, നാടൻപാട്ടുകൾ - എം. വി. വിഷ്ണുനമ്പൂതിരി.
7. ഫോക്‌ലോർ നിഘണ്ടു - എം. വി. വിഷ്ണു നമ്പൂതിരി.
8. നമ്മുടെ ദൃശ്യകല - കെ. ആർ. പിഷാരടി.
9. നാട്ടരങ്ങ് - ജി. ഭാർഗവൻ പിള്ള.
10. നാടുമറന്ന നാട്ടുപഴമ - ആര്യനാട് സത്യൻ.
11. ഫോക്‌ലോർ കൃതിയും സ്മൃതിയും - കെ. എസ്. പ്രകാശ്.
12. ഫോക്‌ലോർ സിദ്ധാന്തവും പ്രയോഗവും - കെ. എം. ഭരതൻ.
13. ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും - രാഘവൻ പയ്യനാട്.
14. വാമൊഴിയുടെ സൗന്ദര്യശാസ്ത്രം - ഡോ. എൻ. അജിത്കുമാർ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1651.1** |
| **ഓപ്പൺ കോഴ്സ്** | : | **II ഐച്ഛികം (Elective)** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## താരതമ്യസാഹിത്യം

**പഠനോദ്ദേശ്യം:**

സാഹിത്യത്തിന്റെ സാമൂഹിക ബന്ധത്തിലും സാംസ്കാരികാടിത്തറയിലും ഊന്നുന്ന പഠനസമ്പ്രദായമാണ് താരതമ്യസാഹിത്യം. സാഹിത്യത്തെ ഉപകരണവും താരതമ്യത്തെ മാർഗ്ഗവും ആക്കുന്ന ഈ അന്വേഷണരീതിയുടെ അടിസ്ഥാനലക്ഷ്യം സംസ്കാരപഠന മാണ്. സാഹിത്യത്തിന്റെ ദേശീയവും അന്തർദ്ദേശീയവും ആയ ഊർജ്ജസ്സുകളെ തിരിച്ച റിയുക, ദേശ, കാല, ഭാഷ, രാഷ്ട്രപരമായ വ്യത്യസ്തതകൾക്കിടയിലും മാനവികമായ മൗലിക സാധാരണതകളെ കണ്ടെത്തുക, ദേശീയതയിൽ ചുവടുറപ്പിച്ചുകൊണ്ട് അന്തർദേശീയവീക്ഷണത്തിലേക്ക് വളരുക, ഭാരതത്തിന്റെ സാംസ്ക്കാരിക സവിശേ ഷതകളെ മനസ്സിലാക്കുക, സിദ്ധാന്തങ്ങൾ മനസ്സിലാക്കാനുള്ള ശേഷി കൈവരിക്കുക എന്നിവയാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

താരതമ്യസാഹിത്യം എന്ന പഠനശാഖയുടെ ഉത്ഭവവും വികാസവും - നവോ ത്ഥാനവും താരതമ്യസാഹിത്യവും - നവോത്ഥാനദശയിൽ പ്രകടമാവുന്ന ബോധ വികാസം - അന്യസംസ്കൃതികളോടുള്ള ആഭിമുഖ്യം - ഹ്യൂമനിസത്തിന്റെ വളർച്ച - താരതമ്യസാഹിത്യം : നിർവ്വചനങ്ങൾ - സ്വഭാവം - താരതമ്യസാഹിത്യം സംസ്കാരപഠന മാകുന്നതെങ്ങനെ? സ്വാധീനതാപഠനം - പ്രത്യക്ഷസ്വാധീനം - പരോക്ഷസ്വാധീനം.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

ദേശീയസാഹിത്യം (National Literature) - സാമാന്യസാഹിത്യം (General Literature) - വിശ്വസാഹിത്യം (World Literature).

**പഠനതലങ്ങൾ**

1. രൂപനിഷ്ഠം - സാഹിത്യരൂപങ്ങളുടെ വിഭജനവും വർഗ്ഗീകരണവും - അന്യ സ്വാധീനങ്ങൾ.
2. പ്രസ്ഥാനനിഷ്ഠം - പ്രസ്ഥാനങ്ങളും താരതമ്യവും - പ്രസ്ഥാനരൂപീകരണത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലം.

### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

താരതമ്യസാഹിത്യം - ഭാരതീയ സമീപനം - ഭാഷാപരവും സാംസ്കാരികവുമായ വൈവിധ്യം - പഠനസാധ്യതകൾ.

**പ്രായോഗിക പഠനം**

1. എലിജി റിട്ടൺ ഇൻ എ കൺട്രി ചർച്ച്‌യാർഡ് (തോമസ് ഗ്രേ) - ഒരു വിലാപം (വി. സി. ബാലകൃഷ്ണപ്പണിക്കർ).
2. പത്മാനദിയിലെ മുക്കുവർ - (മണിക് ബാനർജി) - ചെമ്മീൻ (തകഴി).
3. എ ഹംഗർ ആർട്ടിസ്റ്റ് (കാഫ്ക) - ജന്മദിനം (വൈക്കം മുഹമ്മദ് ബഷീർ).

**സഹായകഗ്രന്ഥങ്ങൾ**

1. ഭാരതീയ സാഹിത്യചരിത്രം - (എഡി.) ഡോ. കെ. എം. ജോർജ്.
2. താരതമ്യസാഹിത്യപീഠിക - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
3. താരതമ്യസാഹിത്യപരിചയം - (എഡി.) ചാത്തനാത്ത് അച്യുതനുണ്ണി.
4. താരതമ്യസാഹിത്യപ്രമാണങ്ങൾ - പി. ഒ. പുരുഷോത്തമൻ.
5. താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
6. സാഹിത്യപഞ്ചാനനന്റെ കൃതികൾ (വാല്മീകിയും ഹോമറും) - കേരള സാഹിത്യ അക്കാദമി.
7. സാഹിത്യനികഷം (ഷേക്സ്പിയറും കാളിദാസനും) - എം. ആർ. നായർ, മാതൃഭൂമി ബുക്സ്.
8. താരതമ്യസാഹിത്യം - പി. ഒ. പുരുഷോത്തമൻ, ജി. പദ്മറാവു: അമൂല്യ പബ്ലിക്കേഷൻസ്, കൊച്ചി.
9. Comparative Literature - Susan Bassnettie.
10. Studies in Comparative Literature - Ed. K. Ayyappa Panicker Bernard Femm.
11. Comparative Literary Studies - S. S. Praweer.
12. Comparative Literature & Literary Theory - Ulrich Weisselim.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1651.2** |
| **ഓപ്പൺ കോഴ്സ്** | : | **II ഐച്ഛികം (Elective)** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## ഭാഷാസാഹിത്യസംവാദങ്ങൾ

ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിനും പരിവർത്തനത്തിനും പല കാലങ്ങളിലുണ്ടാകുന്ന സംവാദങ്ങൾ കാരണമാകാറുണ്ട്. ഭാഷാസാഹിത്യമണ്ഡലങ്ങളെ ചലനാത്മകമാക്കാനും പുതിയതരം അന്വേഷണങ്ങൾക്കും കണ്ടെത്തലുകൾക്കും ആരോഗ്യകരവും കാലോചിതവുമായ മാറ്റത്തിനും സംവാദങ്ങൾ നിർണ്ണായകമായ

പങ്കുവഹിക്കുന്നുണ്ട്. ചിലപ്പോൾ എഴുത്തിന്റെ ദിശയെയോ മറ്റു ചിലപ്പോൾ ഭാവുകത്വത്തിന്റെ ദിശയെയോ മാറ്റിത്തീർക്കാനും സംവാദങ്ങൾ ഇടയാക്കുന്നു. സമരങ്ങൾ സമൂഹത്തെയെന്ന പോലെ സംവാദങ്ങൾ സാഹിത്യത്തെ പരിവർത്തിപ്പിക്കാം. ഭാഷയെയോ സാഹിത്യത്തെയോ സംബന്ധിച്ച പുതിയ അറിവുകൾ, സമീപനങ്ങൾ, സാമൂഹികമോ രാഷ്ട്രീയമോ ആയ ചില ആശയങ്ങളുടെ സ്വാധീനം എന്നിവയൊക്കെ സംവാദങ്ങളുണ്ടാകാൻ കാരണമാകാറുണ്ട്. സാഹിത്യത്തിന്റെ അടിസ്ഥാനപരമായ ഘടനയിലോ ഉദ്ദേശ്യലക്ഷ്യങ്ങളിലോ ക്രമേണയാണെങ്കിലും ചില തിരുത്തലുകളോ ചലനങ്ങളോ ഉണ്ടാക്കാൻ സംവാദങ്ങൾ കൊണ്ട് സാധിക്കാറുണ്ട്. വായനയുടെ ദിശാനിർണ്ണയനത്തിനുപോലും സംവാദങ്ങൾ വഴിതുറക്കാം.

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും മേഖലകളിൽ ഗവേഷണാത്മകവും ഉന്മേഷകരവുമായ ചലനങ്ങളുണ്ടാക്കുകയും പുതിയ വഴികളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത സംവാദങ്ങളുടെ പരിചയപ്പെടലാണ് ഈ കോഴ്സിലൂടെ ഉദ്ദേശിക്കുന്നത്. സാഹിത്യത്തെ നവീകരിക്കുന്നതിനാവശ്യമായ ഊർജ്ജസ്വലമായ ഇടപെടലുകളായി മാറിയ ഭാഷാസാഹിത്യസംവാദങ്ങളാണിവിടെ ഉൾപ്പെടുത്തുന്നത്. ഇത് മലയാളസാഹിത്യചരിത്രത്തിന്റെ വളർച്ചയുടെയും അഭിരുചിപരിണാമത്തിന്റെയും രേഖാചിത്രം കൂടി നല്കുന്നതാണ്. ചില സംവാദങ്ങൾ സ്വത്വബോധത്തെ പ്രകാശിപ്പിക്കുമ്പോൾ മറ്റു ചിലത് വ്യവസ്ഥാപിതമായ അധീശപ്രവണതകൾക്കു നേരെയുള്ള പ്രതിഷേധങ്ങളായും സാമൂഹികമോ ആശയപരമോ ആയ തുറസ്സുകളായും മാറുന്നതു കാണാം. പ്രതിഷേധവും പ്രതിരോധവും നവീനാശയങ്ങളും ഇടകലർന്ന സംവാദഭൂമിയിലൂടെയുള്ള സഞ്ചാരം, ഭാഷാസാഹിത്യമണ്ഡലങ്ങളിലെ പരിണാമത്തിന്റെ സ്വഭാവങ്ങളിലൊന്നിനെ ബോധ്യപ്പെടുത്തും. സംവാദത്തിന്റെയും ഇടപെടലിന്റെയും ക്രിയാത്മകമായ അവബോധം കുട്ടികളിൽ വളർത്താനും അത് ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്താനും പ്രേരിപ്പിക്കണം.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

### ഭാഷാബദ്ധസംവാദങ്ങൾ

മലയാളഭാഷോല്പത്തിവാദങ്ങളുടെ സാമാന്യപരിചയം (പ്രധാനപ്പെട്ടവ മാത്രം) - തമിഴ്ജന്യവാദം, സംസ്കൃതജന്യവാദം, മിശ്രഭാഷാവാദം, സ്വതന്ത്രഭാഷാവാദം തുടങ്ങിയവ - ലീലാതിലകത്തിലൂടെ ഉയർന്നുവന്ന കൂന്തൽവാദം - കൂന്തൽവാദത്തിൽ പ്രകടമാകുന്ന മലയാളത്തിന്റെ സ്വത്വബോധം, സംവാദത്തിന്റെ താർക്കികരീതി - ദ്വിതീയാക്ഷരപ്രാസവാദം - പ്രാസവാദത്തിന്റെ കാരണങ്ങൾ, എഴുത്തിൽ രൂപമാണോ ഉള്ളടക്കമാണോ പ്രധാനമെന്ന തർക്കം, വായനക്കാർ നിരൂപകർ എഴുത്തുകാർ എന്നിവരുടെ ഇടപെടൽ, സാഹിത്യചർച്ചയിൽ ഒരു പൊതുമണ്ഡലത്തിന്റെ രൂപവത്കരണം, ഭാഷയിൽനിന്ന് ഭാവുകത്വചിന്തയിലേക്കുള്ള മാറ്റം, പുതിയ ഭാവുകത്വത്തിന്റെ കടന്നുവരവ് - മലയാളത്തിന്റെ ക്ലാസ്സിക്കൽപദവിയെ സംബന്ധിച്ച വിവാദങ്ങൾ - മലയാളത്തിന്റെ പഴക്കം, സംഘസാഹിത്യത്തിലുള്ള പങ്കാളിത്തം എന്നിവ.

### മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

### സാഹിത്യബദ്ധസംവാദങ്ങൾ

മലയാളസാഹിത്യവുമായി ബന്ധപ്പെട്ടുണ്ടായ സംവാദങ്ങൾ - കവിരാമായണവാദം - അതിനുപിന്നിലെ സാഹിതീയമായ നിലപാടുകൾ - ബാലാകലേശവാദം - നാടകത്തിന്റെ രൂപവും ഉള്ളടക്കവും ചർച്ചചെയ്യപ്പെടുന്നു - രൂപഭദ്രതാവാദം -

എഴുത്തിന്റെ രൂപത്തെ മുൻനിർത്തിയുള്ള ചർച്ച - കല കലയ്ക്കുവേണ്ടിയോ ജീവിത ത്തിനുവേണ്ടിയോ എന്ന വാദം - കലയുടെ അടിസ്ഥാനലക്ഷ്യത്തെ സ്പർശിക്കുന്ന ചർച്ച, എഴുത്തിലെ പ്രതിബദ്ധതാസങ്കല്പം - ഇസങ്ങൾക്കപ്പുറവും ഇസങ്ങൾക്കിപ്പുറവും - ആധുനികതാവാദം, ഉത്തരാധുനികതാവാദം എന്നിവയുടെ നിലപാടുകൾ, അവയുടെ സാംഗത്യത്തെയും പ്രസക്തിയെയും ചൊല്ലിയുള്ള ചർച്ചകൾ - ലീലാനിരൂപണം, ചിത്രയോഗനിരൂപണം എന്നിവ മുൻനിർത്തിയുണ്ടായ സംവാദങ്ങൾ - ചില അനുകരണ/ ചോരണവാദങ്ങൾ - കന്യാവനങ്ങൾ, ഒരു സങ്കീർത്തനം പോലെ എന്നിവയെപ്പറ്റിയു ണ്ടായവ - ഇത്തരം സംവാദങ്ങൾ സാഹിത്യമണ്ഡലത്തിലുണ്ടാക്കിയ പരിവർത്തനങ്ങൾ, നേട്ടങ്ങൾ.

### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## സംവാദങ്ങൾക്കു പിന്നിലെ വ്യത്യസ്ത താത്പര്യങ്ങൾ

സാഹിത്യത്തെ മുൻനിർത്തിയുണ്ടായ ചില സംവാദങ്ങൾക്കു പിന്നിൽ സാമു ദായികവും വരേണ്യവുമായ താത്പര്യങ്ങളുണ്ടായിരുന്നുവെന്ന കാഴ്ചപ്പാട് - അവയുടെ പശ്ചാത്തലാവബോധം - മലയാള സാഹിത്യം ഇന്നത്തെ നിലയിൽ ജനാധിപത്യപരവും ബഹുസ്വരവുമായതിനു പിന്നിലെ സാഹിത്യബാഹ്യമായ പ്രതിസന്ധികളും പ്രതി രോധങ്ങളും - കവിരാമായണവാദം ജാത്യാധിപത്യത്തിനെതിരെയുള്ള സർഗ്ഗാത്മക കലഹമെന്ന നിലയിൽ - സാഹിത്യം അവർണ്ണരുടെകൂടി പ്രവർത്തനമണ്ഡലമായി അംഗീകരിപ്പിക്കാനുള്ള യത്നം - അതിന്റെ തുടർച്ചയായി പണിക്കർവാദം, ശൗണ്ഡിക വാദം എന്നിവയുടെ രൂപപ്പെടൽ - ബാലാകലേശവാദത്തെ തുടർന്നുണ്ടായ വ്യത്യ സ്താഭിപ്രായങ്ങൾ - പെണ്ണെഴുത്തിന്റെയും ദലിതെഴുത്തിന്റെയും ആശയങ്ങളുമായി ബന്ധപ്പെട്ടുണ്ടായ ലിംഗ, വർഗ്ഗ വിരുദ്ധനിലപാടുകൾ എന്നിവയുടെ പരിശോധന - സാഹിത്യബാഹ്യമെന്നു കരുതപ്പെടുന്ന സംവാദങ്ങൾ സാഹിത്യത്തിലുണ്ടാക്കുന്ന സംഘർഷങ്ങൾ, പരിവർത്തനങ്ങൾ.

**സഹായകഗ്രന്ഥങ്ങൾ**


1. ലീലാതിലകം - (വ്യാഖ്യാ.) ഇളംകുളം കുഞ്ഞൻപിള്ള.
2. ലീലാതിലകം - (വ്യാഖ്യാ.) ശൂരനാട്ടു കുഞ്ഞൻപിള്ള
3. കേരളസാഹിത്യചരിത്രം - ഉള്ളൂർ എസ്. പരമേശ്വരയ്യർ.
4. മധ്യകാലമലയാളം - ഡോ. പി. വി. വേലായുധൻപിള്ള.
5. കേരളഭാഷയുടെ വികാസപരിണാമങ്ങൾ - ഇളംകുളം കുഞ്ഞൻപിള്ള.
6. കേരളപാണിനീയം (പീഠിക) - ഏ. ആർ. രാജരാജവർമ്മ.
7. പൂർവ്വകേരളഭാഷ - കെ. എം. പ്രഭാകരവാര്യർ.
8. കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള.
9. മലയാള കവിതാസാഹിത്യചരിത്രം - എം. ലീലാവതി.
10. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - (എഡി.), കെ. എം. ജോർജ്.
11. പ്രാസവാദം - (സമ്പാ.) എസ്. കെ. വസന്തൻ.
12. വെണ്മണിപ്രസ്ഥാനം - അകവൂർ നാരായണൻ.
13. രൂപഭദ്രത - ജോസഫ് മുണ്ടശ്ശേരി.

14. ആധുനികസാഹിത്യം - എസ്. ഗുപ്തൻ നായർ.
15. എം. ഗോവിന്ദന്റെ ലേഖനങ്ങൾ - എം. ഗോവിന്ദൻ.
16. സി. ജെ.യുടെ ലേഖനങ്ങൾ - സി. ജെ. തോമസ്.
17. മലയാളസാഹിത്യവിമർശനം - സുകുമാർ അഴീക്കോട്.
18. തിരസ്കാരം - കെ. പി. അപ്പൻ.
19. ആധുനികതയുടെ ജീർണ്ണമുഖം - തായാട്ട് ശങ്കരൻ.
20. ആധുനികതയുടെ മധ്യാഹ്നം - നരേന്ദ്രപ്രസാദ്.
21. ആധുനികോത്തരതയുടെ കേരളീയപരിസരം - പി. കെ. പോക്കർ.
22. ആധുനികോത്തരം : വികലനവും വിമർശനവും - ഡോ. വി. സി. ശ്രീജൻ.
23. ദളിതപാതകൾ - (എഡി.) ബോബി തോമസ്.
24. സാഹിത്യവിവാദങ്ങളിലൂടെ - ഡോ. വി. ജയപ്രസാദ്
25. ഇസങ്ങൾക്കപ്പുറം - എസ്. ഗുപ്തൻനായർ.
26. ഇസങ്ങൾക്കിപ്പുറം - പി. ഗോവിന്ദപ്പിള്ള.
27. കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം - എം. ആർ. ചന്ദ്രശേഖരൻ.
28. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - എം. എസ്. ദേവദാസ്.

| | | |
|---|---|---|
| **സെമസ്റ്റർ** | **:** | **VI** |
| **കോഴ്സ് കോഡ്** | **:** | **ML 1651.3** |
| **ഓപ്പൺ കോഴ്സ്** | **:** | **II ഐച്ഛികം (Elective)** |
| **സമയക്രമം** | **:** | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | **:** | **2** |

## കേരളീയകലകൾ

**പാഠനോദ്ദേശ്യം:**

കലകളുടെ വിശാലമായ സൗന്ദര്യലോകത്തേക്ക് വിദ്യാർത്ഥികളെ ആനയിക്കുകയും അവരുടെ കലാവാസനകൾക്ക് ഉന്മേഷവും പ്രേരണയുമുണ്ടാക്കുകയും കലാസ്വാദനത്തിലൂടെ മാനസികമായ വികാസം സാധ്യമാക്കുകയും ചെയ്യുകയെന്നതാണ് ഈ കോഴ്സിന്റെ പ്രാഥമികോദ്ദേശ്യം. കേരളീയകലകളുടെ പൊതു അവലോകനത്തിലൂടെ അവയുടെ ഉള്ളിലേക്കിറങ്ങിക്കൊണ്ട് കേരളത്തിന്റെ കലാചരിത്രവും സംസ്കാരവും മനസ്സിലാക്കാനും വാക്കും വസ്തുവും ശരീരവും സമന്വയിക്കുന്ന കേരളീയഭാവനയുടെ ഔന്നത്യം തിരിച്ചറിയാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതിനാണ് ഊന്നൽ നല്കേണ്ടത്. അസൈൻമെന്റിന് ഏതെങ്കിലും കലാരൂപത്തിന്റെ അവതരണം നേരിൽക്കണ്ട് വിവരണം നല്കുന്നതിനും പ്രേരിപ്പിക്കാവുന്നതാണ്. പരസ്പരപൂരകങ്ങളാണെങ്കിലും കേരളീയകലകളെ സാമാന്യമായി മാധ്യമത്തെ അടിസ്ഥാനമാക്കി രണ്ടായി തിരിച്ചുകൊണ്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന അനേകം കലകളുണ്ടെങ്കിലും പ്രധാനപ്പെട്ടവയെ പരിചയപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തിലാണ് പേരുകൾ പരാമർശിക്കുന്നത്.

**പാഠ്യപദ്ധതി**

## മൊഡ്യൂൾ : ഒന്ന് (36 മണിക്കൂർ)

## ശരീരകേന്ദ്രിത കലകൾ

(1) കല - വ്യത്യസ്ത നിർവ്വചനങ്ങൾ - വിഭജനസമ്പ്രദായങ്ങൾ - സുകുമാര/സൗന്ദര്യാത്മക കലകൾ, സോപയോഗ/പ്രയോജനാത്മക കലകൾ, ദ്വിമാന/ത്രിമാന/അനേകമാന(multi-dimensional)കലകൾ, നിശ്ചല/ചലനാത്മക കലകൾ, ക്ലാസ്സിക/അനുഷ്ഠാന/വിനോദന കലകൾ, ദേശി, മാർഗ്ഗി എന്നിങ്ങനെയുള്ളവ - അറുപത്തിനാലുകലകൾ - കലകളുടെ വികാസചരിത്രം - കലകളുടെ വിവിധതരം ആവിഷ്കരണ മാധ്യമങ്ങൾ - ശരീരം, ഇതരവസ്തുക്കൾ - കലാപ്രയോജനം - കേരളീയ കലകളുടെ വൈവിധ്യം - സവിശേഷതകൾ.

(2) കേരളീയസംഗീതം - നാടൻ/വംശീയ/ആദിവാസി സംഗീതം - പാട്ടു രൂപങ്ങൾ - പാട്ടുകളുടെ വർഗ്ഗീകരണം - പ്രയോഗസന്ദർഭങ്ങൾ - സർപ്പം പാട്ട് (പുള്ളുവൻപാട്ട്), തോറ്റംപാട്ട്, ഓണപ്പാട്ട്, വില്പാട്ട്, താരാട്ടുപാട്ട്, കൃഷിപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, മാപ്പിളപ്പാട്ട്, മാർഗ്ഗംകളിപ്പാട്ട്, ഗദ്ദികപ്പാട്ട് എന്നിവയുടെ സാമാന്യപരിചയം.

ശാസ്ത്രീയസംഗീതത്തിനു കേരളത്തിന്റെ സംഭാവന - ഇരയിമ്മൻ തമ്പി, സ്വാതി തിരുനാൾ, ആധുനികകാലത്തെ സംഗീതജ്ഞർ എന്നിവരെ പരിചയപ്പെടൽ.

കേരളത്തിലെ വാദ്യസംഗീതത്തിന്റെ വൈവിധ്യം - വിവിധതരം വാദ്യോപകരണങ്ങൾ - തുകൽ, തന്ത്രി, സുഷിര, ഘന വാദ്യങ്ങൾ - പഞ്ചവാദ്യം, തായമ്പക എന്നിവ.

(3) നൃത്തം - കേരളത്തിലെ വിവിധതരം നൃത്തരൂപങ്ങൾ - താളാത്മകമായ ആദിവാസി നൃത്തങ്ങൾ, അനുഷ്ഠാനരൂപങ്ങളോടും അഭിനയകലകളോടും ചേർന്നുള്ള നൃത്തങ്ങൾ, തിരുവാതിരകളി, ഒപ്പന, മാർഗ്ഗംകളി, മോഹിനിയാട്ടം തുടങ്ങിയവ.

(4) അഭിനയകലകൾ - വിവിധതരം അഭിനയരൂപങ്ങൾ - നൃത്യ, നാട്യ വിന്യസനം - നാടൻ (വിനോദ, അനുഷ്ഠാന) കലകൾ, ശാസ്ത്രീയകലകൾ എന്നിവയുടെ വിവേചനം - കാക്കാരിശ്ശിനാടകം, പൊറാട്ടുനാടകം, ചവിട്ടു നാടകം, തെയ്യം, പടയണി, മുടിയേറ്റ്, കൂടിയാട്ടം, കഥകളി, തുള്ളൽ എന്നിവയുടെ പരിചയം - ഈ കലകളുടെ അഭിനയ രീതികൾ, വേഷവിധാനങ്ങൾ എന്നിവയിലെ വ്യത്യാസങ്ങൾ.

(5) ആയോധനകല - കേരളത്തിന്റെ ആയോധനപാരമ്പര്യം - കളരിപ്പയറ്റ് - കളരിയുടെ വിവിധ സമ്പ്രദായങ്ങൾ - തെക്കൻ, വടക്കൻ എന്നിവ - പരിശീലനരീതി - കളരിയുടെ ആരോഗ്യപരവും ചികിത്സാപരവുമായ സാധ്യതകൾ - കളരിയുമായി ബന്ധപ്പെട്ട സംസ്കാരവും സാഹിത്യവും - കളരിപ്പയറ്റിന്റെ സ്വാധീനം ഇതരകലകളിൽ.

(6) വചനകല - വാചികപ്രധാനമായ വിവിധതരം കലകളെ സാമാന്യമായി പരിചയപ്പെടുത്തൽ - പാഠകം, ചാക്യാർക്കൂത്ത്, ഹരികഥ, കഥാപ്രസംഗം എന്നിവ.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## വസ്തുകേന്ദ്രിത കലകൾ

(1) ചിത്രകല - കേരളീയമായ വിവിധതരം ചിത്രരചനാസമ്പ്രദായങ്ങൾ - ചിത്രരചനാ മാധ്യമങ്ങൾ - ഗുഹാചിത്രങ്ങൾ, ചുവർചിത്രങ്ങൾ - വിവിധ തരം കളമെഴുത്തുകൾ - അഭിനയകലകളിലെ മുഖത്തെഴുത്തുകൾ - രാജാ രവിവർമ്മ, കെ.സി.എസ്. പണിക്കർ, എം.വി.ദേവൻ തുടങ്ങിയവരുടെ സംഭാവനകൾ, നമ്പൂതിരിയുടെ രേഖാചിത്രങ്ങൾ എന്നിവ പരിചയപ്പെടുത്തണം.

(2) ശില്പകല - ശില്പകലാമാധ്യമങ്ങൾ - കല്ല്, മണ്ണ്, തടി, ദന്തം, ലോഹം തുടങ്ങിയവ - വിവിധതരം ശില്പങ്ങൾ - വിഗ്രഹം, പ്രതിമ, മറ്റ് അലങ്കൃത രൂപങ്ങൾ എന്നിങ്ങനെ - കേരളീയരായ പ്രമുഖശില്പികൾ.

(3) വാസ്തുവിദ്യ - കേരളീയപാരമ്പര്യം - ഗൃഹനിർമ്മാണത്തിന്റെ വിവിധ സമ്പ്ര ദായങ്ങൾ - നാലുകെട്ട്, എട്ടുകെട്ട് തുടങ്ങിയവ - വാസ്തുലക്ഷണം - ഭൂമിയുടെ തെര ഞ്ഞെടുപ്പ്, ജലസാന്നിധ്യം, വാസ്തുപുരുഷൻ, വിവിധ കോണുകൾ, വിവിധമുറികൾ / വാതിലുകൾ എന്നിവയുടെ സ്ഥാനനിർണ്ണയം, വിശ്വാസങ്ങൾ, പരിഹാരങ്ങൾ എന്നിവ - ഗൃഹനിർമ്മാണത്തിന്റെ സാധാരണ സമ്പ്രദായങ്ങൾ, അവയുമായി ബന്ധപ്പെട്ട ഗണിതശാസ്ത്രം.

**സഹായകഗ്രന്ഥങ്ങൾ**

1. കേരളവും സംഗീതവും - എസ്. ഗുപ്തൻ നായർ.
2. കേരളത്തിലെ നാടൻസംഗീതം - ഡോ. എം. വി. വിഷ്ണുനമ്പൂതിരി.
3. തോറ്റംപാട്ടുകൾ ഒരു പഠനം - എം. വി. വിഷ്ണുനമ്പൂതിരി.
4. പുള്ളുവൻപാട്ടും നാഗാരാധനയും - എം. വി. വിഷ്ണുനമ്പൂതിരി.
5. ദക്ഷിണേന്ത്യൻ സംഗീതം - എ. കെ. രവീന്ദ്രനാഥ്.
6. മാപ്പിളപ്പാട്ട് പാഠവും പഠനവും - ബാലകൃഷ്ണൻ വള്ളിക്കുന്ന്, ഡോ. ഉമർ തറമേൽ.
7. ഇശലുകളുടെ ഉദ്യാനം - (എഡി.) ഡോ. ഉമർ തറമേൽ.
8. ഒപ്പന എന്ന വട്ടപ്പാട്ട് - വി. എം. കുട്ടി.
9. മാപ്പിളക്കലകൾ - (എഡി.) ഒ. എം. കരുവാരക്കുണ്ട്.
10. മാപ്പിള ഫോക്‌ലോർ - പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ്.
11. നാടൻകലകൾ നാടൻപാട്ടുകൾ - ഡോ. എം. വി. വിഷ്ണു നമ്പൂതിരി.
12. ഫോക്‌ലോർ - രാഘവൻ പയ്യനാട്.
13. കേരള ഫോക്‌ലോർ - (എഡി.) രാഘവൻ പയ്യനാട്.
14. ഫോക്‌ലോർ നിഘണ്ടു - എം. വി. വിഷ്ണു നമ്പൂതിരി.
15. മോഹിനിയാട്ടം: ചരിത്രവും ആട്ടപ്രകാരവും - കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ.
16. മോഹിനിയാട്ടം : ആട്ടപ്രകാരവും മുദ്രകളും - വേണു ജി., നിർമ്മലാ പണിക്കർ.
17. തെയ്യം - ഡോ. എം. വി. വിഷ്ണുനമ്പൂതിരി.
18. പടേനി - കടമ്മനിട്ട വാസുദേവൻ പിള്ള.
19. പടേനിയിലെ പാളക്കോലങ്ങൾ - കടമ്മനിട്ട വാസുദേവൻപിള്ള.
20. ഐവർനാടകം - ചുമ്മാർ ചൂണ്ടൽ.
21. കാക്കാരിശ്ശി നാടകം - ജി. ഭാർഗ്ഗവൻപിള്ള.
22. പുരുഷാർത്ഥക്കൂത്ത് - വി. ആർ. കൃഷ്ണചന്ദ്രൻ.
23. തുള്ളൽ ദൃശ്യവേദിയിൽ - അയ്മനം കൃഷ്ണക്കൈമൾ.
24. ചവിട്ടുനാടകം - സെബീനാറാഫി.
25. കേരളത്തിലെ നാടോടിനാടകങ്ങൾ - ഡോ. എസ്. കെ. നായർ.
26. കൂത്തും കൂടിയാട്ടവും - അമ്മാമൻ തമ്പുരാൻ.
27. കഥകളി വിജ്ഞാനകോശം - അയ്മനം കൃഷ്ണക്കൈമൾ.
28. മലബാറിലെ തിറയാട്ടങ്ങൾ - സി. ഗോപാലൻ നായർ.

29. മുടിയേറ്റ് - ചുമ്മാർ ചൂണ്ടൽ.
30. മുടിയേറ്റ് നാടോടിനേരരങ്ങ് - സി. ആർ. രാജഗോപാലൻ.
31. തിരുവാതിരയും സ്ത്രീകളുടെ മറ്റു വ്രതാനുഷ്ഠാനങ്ങളും - ദ്രൗപദി ജി. നായർ.
32. കേരളത്തിലെ നാടൻകലകൾ - എ. കെ. നമ്പ്യാർ.
33. താളങ്ങൾ താളവാദ്യങ്ങൾ - എ. എസ്. എൻ. നമ്പീശൻ.
34. കേരളത്തിലെ താളമേളങ്ങൾ - (എഡി.) പ്രൊഫ. വി. അരവിന്ദാക്ഷൻ.
35. കേരളത്തിലെ സംഗീതോപകരണങ്ങൾ - ഡോ. രവിവർമ്മ സനൽകുമാർ തമ്പുരാൻ.
36. വാസ്തുശാസ്ത്രം ഒരു സമഗ്രപഠനം - ഡോ. പി. വി. ഔസേപ്പ്.
37. കേരളത്തിലെ ചുവർചിത്രകല - എം. ജി. ശശിഭൂഷൺ.
38. തോല്പാവക്കൂത്ത് - പി. ജി. പട്ടാമ്പി.
39. പൊറാട്ടുനാടകവും മറ്റും - ജി. ഭാർഗ്ഗവൻപിള്ള.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1651.4** |
| **ഓപ്പൺ കോഴ്സ്** | : | **II ഐച്ഛികം (Elective)** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ<br>(18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## തിരക്കഥാരചന : തത്ത്വവും പ്രയോഗവും

**പഠനലക്ഷ്യം:**

സിനിമ രൂപീകരിക്കാനുള്ള പാഠമെന്ന നിലയിലാണ് തിരക്കഥയുടെ പ്രഥമ അസ്തിത്വം. സിനിമ ഒരു കലാമാധ്യമവും വ്യവസായ ഉത്പന്നവുമായതോടെ അതിന്റെ നിർമ്മിതിക്ക് മാർഗ്ഗരേഖയായ തിരക്കഥയ്ക്കും പ്രസക്തിയേറി. ടെലിവിഷൻ, മൊബൈൽ ഫോൺ തുടങ്ങിയ മാധ്യമങ്ങൾ ദൃശ്യചാരുതയോടെ കഥാഖ്യാനം നിർവഹിക്കുന്ന കാലത്ത് അവയുടെ പാഠമെന്ന നിലയിൽ തിരക്കഥയ്ക്കും സവിശേഷമായ പ്രസക്തിയുണ്ടായി. തിരക്കഥയുടെ പഠനത്തിന് പ്രധാനമായും മൂന്ന് മേഖലകളാണുള്ളത്. തിരക്കഥയുടെ രചനാശാസ്ത്രം പഠിപ്പിക്കുന്ന രീതി, തിരക്കഥ പരിവർത്തനപ്പെട്ട് സിനിമയാകുന്ന രീതി, തിരക്കഥയെ സാഹിത്യമായി കണ്ട് വായിക്കുകയും, വിശകലനം ചെയ്യുകയും ചെയ്യുന്ന രീതി എന്നിവയാണ് പഠനമേഖലകൾ. തിരക്കഥയുടെ രചനക്ക് ഭാവനയ്ക്കും സർഗ്ഗാത്മകതയ്ക്കുമൊപ്പം പ്രായോഗികമായ കുറെ അറിവുകൾകൂടി ആർജ്ജിച്ചെടുക്കേണ്ടതുണ്ട്.

### മൊഡ്യൂൾ - ഒന്ന്

സിനിമയുടെ പാഠമെന്ന നിലയിലുള്ള തിരക്കഥയുടെ പ്രസക്തി - താമർ ലെയിൻ, സെയ്ദ് ഫീൽഡ്, റെയ്മഡ് ജിം ഫ്രെൻഷാം തുടങ്ങിയവരുടെ തിരക്കഥാ നിർവചനങ്ങൾ - തിരക്കഥയിൽ അടങ്ങിയിരിക്കുന്ന പ്രധാന ഘടകങ്ങളായ പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, ദൃശ്യസൂചനകൾ, ശബ്ദസൂചനകൾ - തിരക്കഥയുടെ

ഭാഷ - കഥ, നോവൽ, നാടകം തുടങ്ങിയ കൃതികളിൽ നിന്നും തിരക്കഥ പുലർത്തുന്ന വ്യത്യാസം. മലയാളത്തിലെ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ച തിരക്കഥകൾ.

**മൊഡ്യൂൾ - രണ്ട്**

ആശയസ്വീകരണത്തിനുള്ള മാർഗ്ഗങ്ങൾ - ആശയങ്ങളെ തിരക്കഥയുടെ രൂപീകരണത്തിനായി വികസിപ്പിച്ചെടുക്കുന്ന രീതി - തിരക്കഥയുടെ ഘടന, നാടകീയ ഘടന, ഇതിവൃത്തത്തിൽ അടങ്ങിയിരിക്കുന്ന സമയം, സ്ഥലം, സമൂഹം, സാമ്പത്തികം, രാഷ്ട്രീയം, നിയമം, രചനയുടെ വിവിധ തന്ത്രങ്ങൾ - മൂർദ്ധന്യത്തിന്റെ നിർമ്മിതി - കലാപരമായ പകർത്തിയെഴുത്ത് - വാണിജ്യപരമായ പകർത്തിയെഴുത്ത് - കലാസിനിമയുടെയും വാണിജ്യസിനിമയുടെയും തിരക്കഥകൾ - സാഹിത്യകൃതികൾ തിരക്കഥയാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ.

**മൊഡ്യൂൾ : മൂന്ന്**

**(2) തിരക്കഥാപഠനവും വിലയിരുത്തലും**

**വിശദപഠനം**

തിരക്കഥ : പെരുവഴിയമ്പലം - പി. പത്മരാജൻ

(പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, ദൃശ്യസൂചനകൾ, ശബ്ദസൂചനകൾ, തിരക്കഥയുടെ ഭാഷ, സീൻ, മൂർദ്ധന്യം തുടങ്ങിയ ഘടകങ്ങൾ വിശകലനം ചെയ്യുക.)

**(3) തിരക്കഥാരചന**

ഇഷ്ടപ്പെട്ട ഒരു കഥയിൽനിന്നോ സ്വന്തമായോ ഒരു തിരക്കഥ തയ്യാറാക്കുക.

**സഹായകഗ്രന്ഥങ്ങൾ**


1. തിരക്കഥാരചന, കലയും സിദ്ധാന്തവും - ജോസ് കെ. മാനുവൽ.
2. കഥയും തിരക്കഥയും - ജോസ്. കെ. മാനുവൽ, കൈരളി ബുക്സ്, കണ്ണൂർ.
3. കഥയും തിരക്കഥയും - ആർ. വി. എം. ദിവാകരൻ, ഒലിവ്, കോഴിക്കോട്.
4. തിരക്കഥ, സിനിമയുടെ ദൃശ്യപ്രകാശം - ഡോ. ഡൊമിനിക് ജെ. കാട്ടൂർ, കറന്റ് ബുക്സ്, കോട്ടയം.
5. മലയാളസിനിമാപഠനങ്ങൾ - വെങ്കിടേശ്വരൻ. ഡി.എസ്, ഡി.സി. കോട്ടയം.
6. ചലച്ചിത്രത്തിന്റെ ആഖ്യാനകം - ഡോ. ടി. ജിതേഷ്.
7. ഫിലിം ഡയറക്ഷൻ - സാജൻ തെരുവപ്പുഴ. സിഗ്നേച്ചർ ബുക്സ്, തൃശൂർ.
8. മലയാളസിനിമയും സാഹിത്യവും - മധു ഇറവങ്കര, ഡി.സി. ബുക്സ്.
9. തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും - ജോസ് കെ. മാനുവൽ.
10. സിനിമയിലെ ശരീരഭാഷ - ജോസ് കെ. മാനുവൽ, കറന്റ് ബുക്സ്, കോട്ടയം.
11. Screenplay - The Foundations of Screen Writing - Syd Field, Bantam Dell, New York, 2005.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **VI** |
| **കോഴ്സ് കോഡ്** | : | **ML 1651.5** |
| **ഓപ്പൺ കോഴ്സ്** | : | **II ഐച്ഛികം (Elective)** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## മലയാളപത്രപ്രവർത്തനം

**പഠനോദ്ദേശ്യം**

മലയാള പത്രപ്രവർത്തനമേഖല ഭാഷയ്ക്കും സംസ്കാരത്തിനും സാഹിത്യത്തിനും നൽകിയിട്ടുള്ള സംഭാവന നിസ്സീമമാണ്. ജനതയുടെ ഭാഷയെയും സംസ്കാരത്തെയും സർഗ്ഗചോദനകളെയും പരിപോഷിപ്പിക്കുന്നതിൽ പത്രമാധ്യമങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ ഒരു പൊതുഭാഷ സൃഷ്ടിക്കുകയും വളർത്തിയെടുക്കുകയും ഭാഷയുടെ പ്രാദേശികഭേദങ്ങൾക്കപ്പുറത്ത് കേരളത്തെ ഒരുമിപ്പിച്ചു നിർത്തുകയും ചെയ്യുന്നതിൽ ഈ മാധ്യമം വഹിക്കുന്ന പങ്ക് വലുതാണ്. ഈ പശ്ചാത്തലത്തിൽ, ഭാഷയുടെയും സാഹിത്യത്തിന്റെയും പഠനത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ് പത്രമാധ്യമ പഠനം.

**പാഠ്യപദ്ധതി:**

### മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

ജനസമ്പർക്കത്തിന് ഒരാമുഖം - ആശയവിനിമയവും ജനസമ്പർക്ക മാധ്യമവും - ജനസമ്പർക്കമാധ്യമങ്ങളുടെ വൈവിധ്യം - അച്ചടി, റേഡിയോ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ് - വാർത്താവിനിമയപ്രക്രിയ - ആധുനിക വാർത്താവിനിമയമാർഗ്ഗങ്ങൾ.

### മൊഡ്യൂൾ : രണ്ട് (9 മണിക്കൂർ)

പത്രമാധ്യമത്തിന്റെ സവിശേഷ പ്രാധാന്യം - മലയാള പത്രപ്രവർത്തനത്തിന്റെ ഉത്ഭവവും വളർച്ചയും - ആദ്യകാലപത്രങ്ങൾ - മാസികകൾ - ആനുകാലിക പ്രസിദ്ധീകരണങ്ങൾ - സവിശേഷതകൾ.

### മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

വാർത്ത - വാർത്തയുടെ നിർവ്വചനം - വാർത്തയുടെ മൂല്യം - വാർത്താ സ്രോതസ്സുകൾ - വാർത്താബന്ധങ്ങൾ - വാർത്താവൈവിധ്യങ്ങൾ - വാർത്ത വരുന്നവഴി - വാർത്താ ഏജൻസികൾ - വാർത്താശേഖരണം - ആധുനിക സങ്കേതങ്ങൾ - റിപ്പോർട്ടിംഗ് രീതികൾ - ശൈലികൾ - പത്രഭാഷ - ഫീച്ചർ രചന, അഭിമുഖങ്ങൾ എന്നിവയുടെ രീതികൾ.

### മൊഡ്യൂൾ : നാല് (18 മണിക്കൂർ)

പത്രത്തിന്റെ നിർമ്മാണരീതികൾ - വിവിധ ഘട്ടങ്ങൾ - എഡിറ്റിങ്ങും രൂപകൽപനയും - ലേ-ഔട്ടിന്റെ പ്രാധാന്യം - പ്രധാന വാർത്തകൾ - തലക്കെട്ടുകൾ - വിവിധ പത്രങ്ങളുടെ ഒന്നാംപേജ് ഡിസ്പ്ലേ - താരതമ്യം ചെയ്തു പഠിക്കുക.

**സഹായകഗ്രന്ഥങ്ങൾ**


1. വാർത്ത : പത്രവും വാർത്തകളും - ജോയി തിരുമൂലപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. പത്രലോകം - ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
3. ആ ലോകം മുതൽ e ലോകം വരെ - ഡോ. ജെ. വി. വിളനിലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. മാധ്യമങ്ങളും മലയാളസാഹിത്യവും - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
5. പത്രഭാഷ - കേരള പ്രസ് അക്കാദമി.
6. മാധ്യമ വിചിന്തനം - ഡോ. കെ. വി. തോമസ് / ഡോ. മാത്യു. ജെ. മുട്ടത്ത്, ലിപി പബ്ലിക്കേഷൻസ്.
7. മാറുന്ന ലോകം മാറുന്ന മാധ്യമലോകം - എൻ. പി. രാജേന്ദ്രൻ, മാതൃഭൂമി ബുക്സ്.
8. പത്രപ്രവർത്തനം, കഥയും പൊരുളും - മുരളി, മെലിൻഡ ബുക്സ്, തിരുവനന്തപുരം.
9. കേരളപത്രപ്രവർത്തനചരിത്രം - പുതുപ്പള്ളി രാഘവൻ, കേരള സാഹിത്യ അക്കാദമി.
10. മാധ്യമനയം ഇന്ത്യയുടെ സമഗ്രവികസനത്തിന് (എഡി.) ഡോ. ഐറിസ് കൊയ്‌ലിയോ /ഡോ. ലേഖാനരേന്ദ്രൻ.
11. ഫോർത്ത് എസ്റ്റേറ്റിന്റെ മരണം - എൻ. പി. രാജേന്ദ്രൻ, മാതൃഭൂമി ബുക്സ്.
12. പത്രധർമ്മം നിയമം - എൻ. പി. രാജേന്ദ്രൻ, വ്യൂ പോയിന്റ്, തിരുവനന്തപുരം.
13. ഭാഷയും മാധ്യമവും - വി. കെ. നാരായണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
14. വൃത്താന്ത പത്രപ്രവർത്തനം - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കേരള പ്രസ് അക്കാദമി.
15. പത്രപ്രവർത്തനം ഭിന്നമുഖങ്ങൾ - കേരള പ്രസ് അക്കാദമി.
16. മാധ്യമങ്ങളും മലയാളസാഹിത്യവും - എം. വി. തോമസ്, കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്.
17. Fundamentals of Journalism - Spencer Crump.
18. News Editing - Bruce Wesley.
19. Writing style - Washington Post.

# ഉപപാഠപുസ്തകം – മലയാളം

**(ബി. കോം ഡിഗ്രി പ്രോഗ്രാമിനുവേണ്ടി)**

**സെമസ്റ്റർ ഒന്ന്**

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **ML 1111.2** |
| **അഡീഷണൽ ലാംഗ്വേജ് കോഴ്സ്** | : | **I** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ<br>(18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

**നോവൽ, നാടകം, സഞ്ചാരസാഹിത്യം, തിരക്കഥ**

**പുസ്തകം : സാഹിത്യപഥം (കേരളസർവ്വകലാശാലാ പ്രസിദ്ധീകരണം)**

**പാഠ്യപദ്ധതി**

**മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)**

**നോവൽ**

മലയാളനോവൽ – പ്രാരംഭരൂപങ്ങൾ – ആദ്യകാല എഴുത്തുകാർ – നോവലിന്റെ വികാസഘട്ടം – വിഭിന്ന നോവൽരൂപങ്ങൾ – എഴുത്തുകാർ. ആധുനിക വീക്ഷണം – കൃതികൾ – എഴുത്തുകാർ – സമകാലനോവൽ – സാമാന്യാവലോകനം.

**വിശദപഠനം**

ആടുജീവിതം : ബെന്യാമിൻ *

**മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)**

**നാടകം**

നാടകം എന്ന ദൃശ്യകലാരൂപം – സാഹിത്യരൂപം – മലയാള നാടകപാരമ്പര്യം – സംസ്കൃതനാടക വിവർത്തനങ്ങൾ – സംഗീത നാടകങ്ങൾ – സ്വതന്ത്രാഖ്യാനങ്ങൾ – പ്രഹസനങ്ങൾ – നാടകങ്ങളിലൂടെ സമുദായപരിഷ്ക്കരണം – പാശ്ചാത്യനാടക സ്വാധീനം – ഇതിഹാസ, പുരാണ പുനർവായനകൾ – തനതുനാടകം – പ്രൊഫഷണൽ നാടകവേദികൾ – നാടകവും സംഘടിത രാഷ്ട്രീയപ്രസ്ഥാനങ്ങളും – നാടകത്തിലെ പരീക്ഷണങ്ങൾ.

**വിശദപഠനം :**

നാൽക്കവല : കെ. ടി. മുഹമ്മദ് *

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## സഞ്ചാരസാഹിത്യം

മലയാളിയുടെ യാത്രകൾ നാട്ടിനുള്ളിലും പുറത്തും - മലയാളത്തിലെ ആദ്യകാല സഞ്ചാരകൃതികൾ - സഞ്ചാരസാഹിത്യവികാസം - യാത്രാവിവരണത്തിലെ സഞ്ചാരാ നുഭവവും ദൃശ്യാനുഭവവും - സഞ്ചാരാനുഭവം സർഗാത്മകമാക്കിയ എഴുത്തുകാർ, കൃതികൾ.

**വിശദപഠനം :**

ബാലിദ്വീപ് : എസ്. കെ. പൊറ്റെക്കാട്.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## തിരക്കഥ

സിനിമയുടെ പാഠമെന്ന നിലയിലുള്ള തിരക്കഥയുടെ പ്രസക്തി - കഥ, നോവൽ, നാടകം തുടങ്ങിയ കൃതികളിൽ നിന്നും തിരക്കഥ പുലർത്തുന്ന വ്യത്യാസം - മലയാള ത്തിലെ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ച തിരക്കഥകൾ.

**വിശദപഠനം :**

കള്ളൻ പവിത്രൻ : പി. പത്മരാജൻ

**സഹായകഗ്രന്ഥങ്ങൾ**

1. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള.
2. മലയാളനാടകസാഹിത്യചരിത്രം - പ്രൊഫ. ജി. ശങ്കരപ്പിള്ള.
3. മലയാള നാടകസാഹിത്യചരിത്രം - പ്രൊഫ. വയലാ വാസുദേവൻ പിള്ള.
4. മലയാള നോവൽ സാഹിത്യചരിത്രം - കെ. എം. തരകൻ.
5. മാറുന്ന മലയാള നോവൽ - കെ. പി. അപ്പൻ.
6. വിശ്വദർശനത്തിന്റെ വിചിത്രവീഥികൾ - ഡോ. ബി. പത്മനാഭപിള്ള.
7. ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - എഡി. ഡോ. കെ. എം. ജോർജ്.
8. തിരക്കഥാരചന, കലയും സിദ്ധാന്തവും - ജോസ് കെ. മാനുവൽ.
9. കഥയും തിരക്കഥയും - ആർ. വി. എം. ദിവാകരൻ, ഒലിവ്, കോഴിക്കോട്.
10. മലയാളസിനിമാപഠനങ്ങൾ - വെങ്കിടേശ്വരൻ. ഡി.എസ്., ഡി.സി. കോട്ടയം.
11. ഒരു നോവലിന്റെ ലാവണ്യാനുഭവങ്ങൾ - (എഡി.) ആശ്രാമം ഭാസി.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **II** |
| **കോഴ്സ് കോഡ്** | : | **ML 1211.2** |
| **അഡീഷണൽ ലാംഗ്വേജ് കോഴ്സ്** | : | **II** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

# കവിത, കഥ, ഉപന്യാസം, വിവർത്തനം

**പുസ്തകം : സർഗ്ഗഭാരതി (കേരളസർവ്വകലാശാലാ പ്രസിദ്ധീകരണം)**

**പാഠ്യപദ്ധതി**

## മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

## കവിത

മലയാളകവിതയുടെ വികാസപരിണാമഘട്ടങ്ങൾ – കവികൾ – കൃതികൾ.

**വിശദപഠനം**

| | | | |
|---|---|---|---|
| 1. | മനസ്വിനി | : | ചങ്ങമ്പുഴ കൃഷ്ണപിള്ള |
| 2. | പൂതപ്പാട്ട് | : | ഇടശ്ശേരി |
| 3. | മലതുരക്കൽ | : | വൈലോപ്പിള്ളി . |

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## ചെറുകഥ

ആനുകാലികങ്ങളുടെ പ്രചാരം – മലയാള ചെറുകഥയുടെ വികാസ പരിണാമ ഘട്ടങ്ങൾ – കൃതികൾ – കഥാകൃത്തുക്കൾ.

**വിശദപഠനം**

| | | | |
|---|---|---|---|
| 1. | പൂവമ്പഴം | : | ബഷീർ |
| 2. | പൊതിച്ചോറ് | : | കാരൂർ |
| 3. | പെരുമഴയുടെ പിറ്റേന്ന് | : | എം.ടി. വാസുദേവൻ നായർ |
| 4. | ഇതാ ഒരു ടെക്കി | : | ചന്ദ്രമതി |
| 5. | നാലാം യാമം | : | എം. സുകുമാരൻ |
| 6. | പന്തിഭോജനം | : | സന്തോഷ് ഏച്ചിക്കാനം . |

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## ഉപന്യാസം

ഉപന്യാസങ്ങളുടെ ആവിർഭാവം – ഉപന്യാസ സമാഹാരങ്ങൾ – ഉപന്യാസശാഖയെ സമ്പന്നമാക്കിയ എഴുത്തുകാർ – വിഷയവൈവിധ്യം – ഗദ്യാവിഷ്കരണത്തിലെ തെളിമ – വിഷയാപഗ്രഥനങ്ങൾ.

**വിശദപഠനം**

1. മനുഷ്യ നാരായങ്ങൾ – ഇ. വി. കൃഷ്ണപിള്ള
2. വ്യാസന്റെ ചിരി – കുട്ടിക്കൃഷ്ണമാരാർ
3. മലയാള സിനിമയുടെ സാഹിത്യബന്ധം – മധു ഇറവങ്കര
4. ചരിത്രത്തെ അഗാധമാക്കിയ ഗുരു – കെ. പി. അപ്പൻ
5. ഇ-വായനയുടെ പുതുലോകം – വി. കെ. ആദർശ്

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

**വിവർത്തനം**

പദങ്ങൾ, ശൈലികൾ, ഔദ്യോഗികരേഖകൾ, ഉപന്യാസഭാഗങ്ങൾ, കവിതാ ഭാഗങ്ങൾ, പരസ്യങ്ങൾ, കഥാഭാഗങ്ങൾ എന്നിവ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യാൻ പരിശീലിപ്പിക്കണം.

**സഹായകഗ്രന്ഥങ്ങൾ**

1. മലയാളകവിതാസാഹിത്യചരിത്രം : ഡോ. എം. ലീലാവതി.
2. കവിതയിലെ പുതുവഴികൾ : നെല്ലിക്കൽ മുരളീധരൻ.
3. ചെറുകഥ ഇന്നലെ, ഇന്ന് : എം. അച്യുതൻ.
4. മലയാളചെറുകഥാസാഹിത്യചരിത്രം : ഡോ. എം. എം. ബഷീർ.
5. കൈരളിയുടെ കഥ : പ്രൊഫ. എൻ. കൃഷ്ണപിള്ള.
6. ശുദ്ധമലയാളം: പ്രൊഫ. പന്മന രാമചന്ദ്രൻനായർ.
7. വിവർത്തനം (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
8. ഭരണശബ്ദാവലി (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
9. മാനവിക ശബ്ദാവലി (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
10. വാണിജ്യ ശബ്ദാവലി (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
11. ഔദ്യോഗിക നിഘണ്ടു (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
12. ഇംഗ്ലീഷ് മലയാളം നിഘണ്ടു : പി. രാമലിംഗം പിള്ള.
13. മലയാളം ഇംഗ്ലീഷ് നിഘണ്ടു : പി. രാമലിംഗം പിള്ള
14. വിവർത്തന വിചാരം : ഡോ. എൻ. ഇ. വിശ്വനാഥ അയ്യർ.

# Career-related First Degree Programme under CBCS System

## Group 2 - A

| | | |
|---|---|---|
| സെമസ്റ്റർ | : | I |
| കോഴ്സ് കോഡ് | : | ML 1111.3 |
| ലാംഗ്വേജ് കോഴ്സ് | : | II (അഡീഷണൽ ലാംഗ്വേജ് കോഴ്സ് I) |
| സമയക്രമം | : | ആഴ്ചയിൽ 5 മണിക്കൂർ<br>(18 ആഴ്ചയിൽ 90 മണിക്കൂർ) |
| ക്രെഡിറ്റ് | : | 3 |

### ഗദ്യസാഹിത്യം

**(പുസ്തകം: ഗദ്യഭാരതി - യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം)**

**പാഠ്യപദ്ധതി**

### മൊഡ്യൂൾ : ഒന്ന്

### നോവൽ

മലയാളനോവൽ - പ്രാരംഭരൂപങ്ങൾ - ആദ്യകാല എഴുത്തുകാർ - നോവലിന്റെ വികാസഘട്ടം - വിഭിന്ന നോവൽരൂപങ്ങൾ - എഴുത്തുകാർ. ആധുനിക വീക്ഷണം - കൃതികൾ - എഴുത്തുകാർ - സമകാലനോവൽ - സാമാന്യാവലോകനം

**വിശദപഠനം:**

വൃദ്ധസദനം : ടി. വി. കൊച്ചുബാവ.

### മൊഡ്യൂൾ : രണ്ട്

### ചെറുകഥ

ആനുകാലികങ്ങളുടെ പ്രചാരം - മലയാള ചെറുകഥയുടെ വികാസ പരിണാമ ഘട്ടങ്ങൾ - കൃതികൾ - കഥാകൃത്തുക്കൾ.

**വിശദപഠനം**

| | | | |
|---|---|---|---|
| 1. | വെള്ളപ്പൊക്കത്തിൽ | : | തകഴി |
| 2. | നെയ്പായസം | : | മാധവിക്കുട്ടി |
| 3. | മണ്ണ് | : | സിതാര. എസ്. |
| 4. | കർണ്ണപർവം | : | എസ്. ആർ. ലാൽ |

### മൊഡ്യൂൾ : മൂന്ന്

## ഉപന്യാസം, പഠനം

ഉപന്യാസങ്ങളുടെ ആവിർഭാവം - ഉപന്യാസസമാഹാരങ്ങൾ - ഉപന്യാസശാഖയെ സമ്പന്നമാക്കിയ എഴുത്തുകാർ - വിഷയവൈവിധ്യം - ഗദ്യാവിഷ്കരണത്തിലെ തെളിമ - വിഷയാപഗ്രഥനങ്ങൾ

**വിശദപഠനം**

1. സാഹിത്യത്തിലെ സ്ത്രീ : ജോസഫ് മുണ്ടശ്ശേരി
2. കവിതയും പരിസ്ഥിതിയും : എസ്സ്. രാജശേഖരൻ.
3. എഴുത്തുകാരനും പാരമ്പര്യവും : കെ. പി. അപ്പൻ.
4. സ്പന്ദിക്കുന്ന അസ്ഥിമാടം : എം. കെ. സാനു (നക്ഷത്രങ്ങളുടെ സ്നേഹഭാജനം)
5. ശൈലീദോഷങ്ങൾ (നല്ല ഭാഷ) : പ്രൊഫ. പന്മന രാമചന്ദ്രൻ നായർ *

### മൊഡ്യൂൾ : നാല്

### ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം

ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം - ഈ മൂന്ന് സാഹിത്യരൂപങ്ങളെയും പരിചയപ്പെടുത്തുക.

**വിശദപഠനം**

കണ്ണീരും കിനാവും : വി.ടി. ഭട്ടതിരിപ്പാട്.

### മൊഡ്യൂൾ : അഞ്ച്

### ഭാഷാശുദ്ധി, തർജ്ജമ, ഉപന്യാസരചന

വാക്യശുദ്ധി, പദശുദ്ധി, പൊതുവിഷയത്തെ ആസ്പദമാക്കി - ഉപന്യാസം. തർജ്ജമ - ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക്.

**സഹായകഗ്രന്ഥങ്ങൾ**

1. നോവൽ സാഹിത്യചരിത്രം : ഡോ. കെ. എം. തരകൻ.
2. ആത്മകഥാസാഹിത്യം മലയാളത്തിൽ : ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ.
3. ആത്മകഥാസാഹിത്യം മലയാളത്തിൽ : ഡോ. വിജയാലയം ജയകുമാർ.
4. യാത്രാവിവരണം - എം. കെ മാധവൻ നായർ (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എഡി. ഡോ. കെ. എം. ജോർജ്).
5. സഞ്ചാരസാഹിത്യം - ഡോ. ടി. ജി. മാധവൻകുട്ടി.
6. സഞ്ചാരസാഹിത്യം മലയാളത്തിൽ - വി. രമേഷ്ചന്ദ്രൻ.
7. സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം - (എഡി.) പന്മന രാമചന്ദ്രൻ നായർ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **II** |
| **കോഴ്സ് കോഡ്** | : | **ML 1211.3** |
| **ലാംഗ്വേജ് കോഴ്സ്** | : | **IV (അഡീഷണൽ ലാംഗ്വേജ് കോഴ്സ് II)** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

# ദൃശ്യകലാസാഹിത്യം

**പാഠ്യപദ്ധതി**

## മൊഡ്യൂൾ : ഒന്ന്

## ആട്ടക്കഥ, തുള്ളൽസാഹിത്യം

കഥകളിയുടെ ഉത്ഭവവികാസപരിണാമങ്ങൾ - ആട്ടക്കഥാസാഹിത്യം - പ്രധാന ആട്ടക്കഥാകൃത്തുക്കൾ - തുള്ളൽപ്രസ്ഥാനം - ചരിത്രം - വികാസ പരിണാമങ്ങൾ - തുള്ളൽസാഹിത്യം - സാമാന്യപരിചയം.

**വിശദപഠനം**

1. നളചരിതം ആട്ടക്കഥ - ഉണ്ണായിവാര്യർ, ഒന്നാംദിവസം ദൂതു പൂർണ്ണമാകുന്നതുവരെ.
2. കല്യാണസൗഗന്ധികം - കുഞ്ചൻനമ്പ്യാർ
(എങ്കിലോ പണ്ടു യുധിഷ്ഠിരൻ ഭീമനും
........................................................................
കാട്ടിൽപ്പരന്നതും കണ്ടു വൃകോദരൻ)

## മൊഡ്യൂൾ : രണ്ട്

## നാടകം

നാടകം എന്ന ദൃശ്യകല - സാഹിത്യരൂപം - മലയാള നാടക പ്രസ്ഥാനം - സാമാന്യാവലോകനം

**വിശദപഠനം :**

1. ഭഗ്നഭവനം - എൻ. കൃഷ്ണപിള്ള
2. ലേബർ റൂം - കെ.വി. ശ്രീജ

## മൊഡ്യൂൾ : മൂന്ന്

## തിരക്കഥാപഠനം

ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് സാമാന്യ ജ്ഞാനം നേടണം.

**വിശദപഠനം**

ഒരിടത്തൊരു ഫയൽവാൻ - പത്മരാജൻ

**സഹായകഗ്രന്ഥങ്ങൾ**

1. ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ (ആട്ടക്കഥ/തുള്ളൽ) : എഡി. ഡോ. കെ. എം. ജോർജ്.
2. കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള.
3. മലയാളനാടകസാഹിത്യചരിത്രം - പ്രൊഫ. ജി. ശങ്കരപിള്ള.
4. മലയാളനാടകസാഹിത്യചരിത്രം - ഡോ. വയലാ വാസുദേവൻ പിള്ള
5. നാടകപഠനങ്ങൾ - പി. കെ. പരമേശ്വരൻ നായർ ട്രസ്റ്റ്.
6. നാടകം - ഒരു പഠനം - മാളൂബൻ പബ്ലിക്കേഷൻസ്.
7. കഥയും തിരക്കഥയും - ജോസ്. കെ. മാനുവൽ.
8. കഥയും തിരക്കഥയും - ആർ. വി. എം. ദിവാകരൻ.
9. കഥ, തിരക്കഥ, സിനിമ (പഠനം) - എം. ടി. വാസുദേവൻ നായർ.

---

*21-11-2017ൽ നിലവിൽവന്ന ബോർഡ് ഓഫ് സ്റ്റഡീസ് മലയാളം (പാസ്സ്) ഭേദഗതിയായി നിർദ്ദേശിച്ചതും 6-4-2018ൽ ചേർന്ന അക്കാദമിക് കൗൺസിൽ അംഗീകരിച്ചതുമായ പാഠഭാഗങ്ങളാണ് നക്ഷത്രചിഹ്നമിട്ട് ചേർത്തിരിക്കുന്നത്.*